LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇതു സംബന്ധിച്ച് പറയാൻ സമയം തരാമെന്ന് പറഞ്ഞിട്ട് അത് ഉന്നയിച്ചപ്പോൾ അദ്ദേഹത്തിന് മറുപടി പറയാൻ മാത്രം സമയം കൊടുത്തു. അത് ശരിയായിട്ടുള്ള നടപടിയാണോ.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): പ്രതിപക്ഷനേതാവ് ചോദിക്കുന്ന ഏതു കാര്യത്തിനും മറുപടി പറയാൻ ഗവൺമെന്റിന് യാതൊരു വിഷമവും വിരോധവുമില്ല. പ്രതിപക്ഷനേതാവ് ചോദിച്ചാൽ ആ ഗൗരവത്തിൽ തന്നെ മറുപടി പറയും. പക്ഷെ, ഗവൺമെന്റിന് ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കിട്ടിയിട്ടില്ല. കിട്ടിയ ശേഷം അതിന്റെയടിസ്ഥാനത്തിൽ നിയമപരമായി സ്വീകരിക്കാനുള്ള നടപടികളെല്ലാം സ്വീകരിക്കും. ഏതായാലും ഗവൺമെന്റിന് ഇത്തരം കാര്യങ്ങളിൽ ആരേയും സംരക്ഷിക്കാൻ താൽപ്പര്യമില്ല. അതുകൊണ്ട് നിയമപരമായി സ്വീകരിക്കേണ്ട എല്ലാ നടപടിയും സ്വീകരിക്കും.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. പി. ടി. തോമസ്: ഗവർണ്ണറുടെ പ്രസംഗത്തിന്മേൽ ശ്രീ. രാജൻ ബാബു ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. പരിഷ്കരണത്തിന്റേയും പുനരുദ്ധാരണത്തിന്റേയും പാതയിലൂടെ വികസനത്തിന് ഒരു പുതിയ ദിശാബോധം നൽകിക്കൊണ്ട് മുന്നോട്ട് പോകുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇതപര്യന്തമായിട്ടുള്ള പ്രവർത്തനങ്ങളെ വിലയിരുത്താനും വരാൻപോകുന്ന രണ്ടരവർഷക്കാലത്തെ വികസന ദിശ എന്തായിരിക്കണമെന്ന് ചൂണ്ടിക്കാണിക്കാനും ഉപകരിക്കുന്ന ശ്രദ്ധേയമായ ഒരു പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ നടത്തിയത്. എന്ത് കണ്ടാലും അതിൽ രാഷ്ട്രീയം കാണാനും ആ രാഷ്ട്രീയംതന്നെ ഏറ്റവും മോശപ്പെട്ട നിലയിൽ ചിത്രീകരിക്കാനും ശ്രമിക്കുന്ന പ്രതിപക്ഷത്തിന്റെ കണ്ണിൽ ഈ പ്രസംഗം ഒരുപക്ഷെ വേണ്ടത്ര നന്നായില്ല എന്ന് തോന്നും. അവർ അങ്ങനെ ചിത്രീകരിക്കുമ്പോഴും കേരളത്തിന്റെ യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരം കാണാൻ വേണ്ടിയുള്ള സമഗ്രവികസന പദ്ധതികളാണ് ഈ പ്രസംഗത്തിലൂടനീളം മുന്നോട്ടു വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാമ്പത്തിക രംഗത്ത് പുത്തൻ ഉണർവ്വ് ഉണ്ടാക്കിക്കൊണ്ട്, കാർഷിക മേഖലയിൽ മുന്നേറ്റമുണ്ടാക്കിക്കൊണ്ട് ദേശീയ വളർച്ചാ നിരക്കിനേക്കാൾ മെച്ചപ്പെട്ട വളർച്ചാ നിരക്ക് സംസ്ഥാനത്ത് നിലനിർത്തിക്കൊണ്ട് കഴിഞ്ഞ രണ്ട

രണ്ടര വർഷക്കാലം ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയ നീക്കങ്ങളെ ചെറുതായി കാണാൻ കഴിയുമോ എന്ന് പ്രതിപക്ഷം ആത്മപരിശോധന നടത്തണം. വിവര സാങ്കേതിക രംഗം, വിദ്യാഭ്യാസ മേഖല, വിനോദസഞ്ചാര മേഖല, ആരോഗ്യം, ക്രമസമാധാന മേഖല തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലയിലും ഒരു താളവും ക്രമവും ഉണ്ടാക്കിയ ഒരു ഗവൺമെന്റാണ് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് എന്ന് അദ്ദേഹത്തെ എതിർക്കുന്ന ആളുകൾപോലും തുറന്നു സമ്മതിക്കുന്ന വസ്തുതയാണ്. മതസൗഹാർദ്ദത്തിന് ഭീഷണിയായി വളർന്നു വന്ന മാറാട് പോലെയുള്ള വമ്പൻ പ്രശ്നങ്ങളെ അതിഗൗരവമായി സമീപിച്ചുകൊണ്ട് മതസൗഹാർദ്ദം നിലനിർത്തി, ഊട്ടി ഉറപ്പിച്ചുകൊണ്ട് പരിഹരിക്കാൻ കഴിഞ്ഞത് ഇന്നത്തെ ഗവൺമെന്റിന്റെ നേട്ടങ്ങളുടെ പട്ടികയിലെ മുഖ്യഇനമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. മാറാട് പ്രശ്നം ഏതെല്ലാം നിലയിൽ ഊതി പെരുപ്പിക്കാൻ ആണ് പ്രതിപക്ഷം ആഗ്രഹിച്ചത് എന്ന് അവരുടെ ഓരോ പ്രസ്താവനയിലും നമുക്ക് മനസ്സിലാകുമായിരുന്നു. മതന്യൂനപക്ഷങ്ങളും, മറ്റ് ജനവിഭാഗങ്ങളും ഉൾക്കൊള്ളുന്ന കേരളത്തിൽ മതപരമായ മൗലികത ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു കലാപത്തിന് ചില ശക്തികൾ ശ്രമിക്കുമ്പോൾ അതിന് തടയിടുവാനുള്ള ബാദ്ധ്യത കേരളത്തിലെ പ്രതിപക്ഷ പാർട്ടികൾക്കും ഉണ്ടായിരുന്നില്ലേ? പ്രത്യേകിച്ച് സി. പി. എം.-ന്? എന്നാൽ എരിതീയിൽ എണ്ണ ഒഴിക്കുന്ന നിലപാട് സ്വീകരിച്ച് കേരള രാഷ്ട്രീയത്തിൽ സി. പി. എം. സ്വീകരിക്കാൻ പോകുന്ന വ്യക്തമായ ഒരു നിലപാടിന്റെ സൂചികയായി മാറാടിനെ കാണാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാറാട് പ്രശ്നം കേരളത്തിനു മുഴുവൻ, ഇന്ത്യക്കു മുഴുവൻ മാതൃകയായി പരിഹരിക്കപ്പെട്ടപ്പോൾ മാറാടിന്റെ പേരിൽ വീണ്ടും കലാപമുണ്ടാക്കാൻ കഴിയുമോ എന്നാണ് മാർക്സിസ്റ്റ് പാർട്ടിയുടെ പ്രസ്താവനയിൽ നിന്നും നമുക്ക് ബോധ്യമാകുന്നത്. മാറാട് പ്രശ്നം പരിഹരിച്ച ഒറ്റ കാര്യം മാത്രം പോരേ ഈ ഗവൺമെന്റിന്റെ നേട്ടം ചൂണ്ടിക്കാണിക്കാൻ? 'ജിം' വന്നിട്ട് എന്തുചെയ്തുവെന്ന് ഇന്നലെ പ്രതിപക്ഷം ചോദിക്കുകയുണ്ടായി. 18-1-2003-ൽ എറണാകുളത്തു സംഘടിപ്പിച്ച 'ജിം' കേരളത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം റക്കുമെന്ന് ബോദ്ധ്യം വന്നപ്പോൾ ഒന്നിനു പുറകെ ഒന്നായി സമരങ്ങളുടെ ാഷയാത്ര അഴിച്ചുവിട്ടുകൊണ്ടാണ് പ്രതിപക്ഷം അതിനെ നേരിട്ടത്. വിദ്യാർത്ഥി ം, മറ്റ് അർത്ഥമഹിതമായ നിരവധി സമരങ്ങൾ, എന്നിട്ട് വലിയ വിപ്ലവ ാം അവർ നടത്തുകയായിരുന്നു. പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിക്കും, ത പെപ്സിക്കും എതിരെ ഇന്ന് മാർക്സിസ്റ്റ് പാർട്ടി വലിയ പ്രചരണം ാണ്. ആരാണ് കൊക്കകോളായേയും, പെപ്സിയേയും കേരളത്തിന്റെ കുടിയിരുത്തിയത് ? കൊക്കകോളായേയും, പെപ്സിയേയും

LIBRARY ARCHIVES Kerala Legislative Assembly

കുടിയിരുത്തുമ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കളാരും കേരളത്തിലുണ്ടായിരുന്നില്ലേ? സർ, ഇന്ന് കൊക്കകോളായേയും പെപ്സിയേയും കൊണ്ടുവന്ന്, കേരളം മുഴുവൻ വിതരണം നടത്തി, ഉള്ള വെള്ളമെല്ലാം വറ്റിച്ചുകഴിഞ്ഞപ്പോൾ അതിന് ശ്രീ. എ. കെ. ആന്റണിയും, ഐക്യജനാധിപത്യ മുന്നണിയുമാണ് ഉത്തരവാദി എന്നുപറഞ്ഞ് പത്രത്താളുകളിൽ നിരന്നു നിൽക്കുന്ന സഖാക്കന്മാരോട് ഞാൻ ചോദിക്കുന്നു, മാനാഭിമാനമുണ്ടെങ്കിൽ പഴയ തെറ്റ് ഏറ്റുപറയാൻ തയ്യാറാകണം. വെള്ളം മുഴുവൻ വറ്റിയതിനു കാരണം ശ്രീ. എ. കെ. ആന്റണിയും ഐക്യജനാധിപത്യ മുന്നണിയുമാണെന്ന് പറയുന്ന നിങ്ങൾ കൊക്കകോളായെ ക്ഷണിച്ചുകൊണ്ടുവന്ന്, പെപ്സിയെ ക്ഷണിച്ചു കൊണ്ടുവന്ന് അന്താരാഷ്ട്ര കുത്തകകളെ സർവ്വരാജ്യത്തൊഴിലാളികളുടെ പേരിൽ ക്ഷണിച്ചുകൊണ്ടുവന്ന് കുടിയിരുത്തിയതിനെ സംബന്ധിച്ച് കുമ്പസാരിക്കാനുള്ള മര്യാദയെങ്കിലും കാണിക്കണം. മതികെട്ടാനിൽ കയ്യേറ്റം നടത്തിയത് ആരുടെ കാലത്താണ്. സർ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്തല്ലേ? വളരെ വ്യക്തമായ രേഖയുണ്ട്. മതികെട്ടാനിലെ കയ്യേറ്റക്കാരെ ഇറക്കിവിട്ട് അവിടം സംരക്ഷിക്കാനുള്ള നിയമം നിർമ്മിച്ച ഗവൺമെന്റാണ് കേരള ഗവൺമെന്റ്. ആദിവാസികളെ നിങ്ങൾ വഴിയിൽ കളഞ്ഞിരുന്നില്ലേ? മുത്തങ്ങ സംഭവം നിങ്ങൾ ഊതി വീർപ്പിക്കാൻ ശ്രമിച്ചില്ലേ? മുത്തങ്ങ സംഭവമുണ്ടായ 19-ാം തീയതി അവിടെ സന്ദർശിച്ച പ്രതിപക്ഷ നേതാവ് പറഞ്ഞു ജാനുവും കൂട്ടരുമാണ് കുഴപ്പമെന്ന്. ഇത് അടുത്ത ദിവസത്തെ ദേശാഭിമാനി പത്രം വായിച്ചാലറിയാം. രണ്ടുനാലു ദിവസം കഴിഞ്ഞപ്പോൾ മുത്തങ്ങ വിറ്റ് കാശാക്കാമെന്ന് കണ്ടപ്പോൾ നിങ്ങൾക്കൊരു ആദിവാസി പ്രേമം? ഇന്ന് കേരളത്തിൽ ഒരു തുണ്ടു ഭൂമി ഇല്ലാത്ത ഒരു ആദിവാസിയും ഇല്ല എന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ആദിവാസികൾക്ക് സംരക്ഷണ ബോധം, അവർക്ക് കുടികിടപ്പവകാശം, അവരുടെ ഭൂമിയുടെ ഉടമസ്ഥാവകാശം നൽകാൻ കഴിഞ്ഞ ഒരു ഗവൺമെന്റായി ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് മാറിയിരിക്കുന്നു. നിങ്ങൾ നിഗൂഢമായി വച്ചിരുന്ന പലതും, എ.ഡി.ബി. കേരളത്തിൽ വന്നു, ആരും അറിഞ്ഞില്ല. ലോക ബാങ്കിന്റെ പദ്ധതി വന്നു ആരും അറിഞ്ഞില്ല. ബി. ഒ. ടി. പദ്ധതി വന്നു. ആരും അറിഞ്ഞില്ല. ഐക്യജനാധിപത്യമുന്നണിക്ക് ഒന്നും ഒളിച്ചുവയ്ക്കാനില്ല. നിങ്ങൾ ഒപ്പുവച്ച എ.ഡി.ബി.യുടെ കരാറുകൾ അക്ഷരംപ്രതി ഞങ്ങൾ പുറത്തുവിട്ടു. നിങ്ങൾ നടത്തിയ എഴുത്തുകുത്തുകൾ പുറത്തുവിട്ടു. നിങ്ങൾ പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യമന്ത്രിക്കും അയച്ച കത്തുകൾ പുറത്തുവിട്ടു. ഇടതുപക്ഷ മുന്നണിയുടെ കാലത്ത് എ.ഡി.ബി. സായിപ്പുമായി ഒന്നിച്ച് കെട്ടിപ്പിടിച്ച് ആശ്ലേഷിച്ചിരുന്ന ആളുകൾ, ഭരണം നഷ്ടപ്പെട്ടപ്പോൾ എ. ഡി. ബി. ചുവപ്പു കണ്ട കാളയെപ്പോലെ ചാടിവീഴുമെന്ന് കാണുമ്പോൾ, വിവരമുള്ള കേരളത്തിലെ ജനങ്ങൾ നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാപട്യം തിരിച്ചറിയും. എ.ഡി.ബി.യിൽ ഐക്യ ജനാധിപത്യമുന്നണിക്ക് ഒളിച്ചുവയ്ക്കാൻ ഒന്നുമില്ലായെന്ന് വ്യക്തമാക്കിക്കൊണ്ടുതന്നെ ശ്രീ. നായനാരുടേയും, ശ്രീ. ശിവദാസമേനോന്റേയും ഒപ്പുവച്ച എ.ഡി.ബി. കരാറുമായി മുന്നോട്ടു പോയപ്പോൾ നിങ്ങൾ പല ന്യായങ്ങളൊക്കെ പറഞ്ഞുകൊണ്ടുവന്നു. ആ ന്യായങ്ങൾക്കെതിരെ നിങ്ങൾ സമരം നടത്തുമ്പോഴും നിങ്ങളുടെ പാർട്ടിയുടെ കോഴിക്കോട് മേയർ എ.ഡി.ബി. സായിപ്പിന് കൂട പിടിക്കുന്നു. ലോകത്ത് മൂന്ന്

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കോർപ്പറേഷനുകളാണ് എ.ഡി.ബി.യുടെ ധനസഹായം പറ്റുന്നത്. മൂന്നും കമ്മ്യൂണിസ്റ്റുകാരുടെ ഭരണമുള്ള സ്ഥലമാണ്. ഒന്ന് കമ്പോഡിയായിൽ, രണ്ട് വിയറ്റ്നാമിൽ, മൂന്ന് കോഴിക്കോട്. എന്താണ് സഖാക്കന്മാർക്ക് പറയുവാനുള്ളത്? നിങ്ങളുടെ കാലത്ത് എ.ഡി.ബി. വിപ്ലവകരമായ ഒരു പ്രസ്ഥാനമാണെന്ന് പറഞ്ഞു. ഇപ്പോൾ എ.ഡി.ബി. കൊള്ളരുതാത്തതാണ്. ഭരണ നവീകരണ പ്രവർത്തനങ്ങളിലൂടെ, വ്യക്തമായ കാഴ്ചപ്പാടോടെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് നല്ല ദിശയിലൂടെ മുന്നോട്ടുപോവുകയാണ്. നിങ്ങൾക്ക് എന്താണ് പറയുവാനുള്ളത്? പി.എസ്.സി. വഴി 75000 നിയമനം നടത്തി ഇവിടെ. തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാരെപ്പറ്റി വാതോരാതെ പ്രസംഗിച്ച സഖാക്കന്മാരോട് ചോദിക്കട്ടെ, നിങ്ങളുടെ കാലത്തല്ലേ 2278/99, 994/2000, 817/2001 എന്നീ നമ്പർ നിയമനിരോധന ഉത്തരവുകൾ ഇറക്കിയത്. ആ ഉത്തരവുകൾ പിൻവലിച്ചുകൊണ്ട് പുതിയ നിയമനങ്ങൾക്ക് ഉത്തരവ് ഇറക്കിയ ഈ ഗവൺമെന്റിന് ദിശാബോധം ഇല്ലെന്ന് ആർക്ക് പറയുവാൻ കഴിയും? ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടിയ നടപടി നിഷേധിക്കുവാൻ കഴിയുമോ? നിങ്ങളുടെ കാലത്ത് ബഹുമാനപ്പെട്ട ഇ. കെ. നായനാർ ചെയർമാനായി, ശ്രീ. വി. ജെ. തങ്കപ്പൻ വൈസ് ചെയർമാനായി രൂപീകരിച്ച എ.ആർ.സി. (അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റി) റിപ്പോർട്ടിൽ, കേരളാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെ 1/3 ആയി ഡൗൺസൈസ് ചെയ്യണമെന്ന് എഴുതിവച്ചില്ലേ? ഞാൻ ചോദിക്കട്ടെ, കേരളാ സെക്രട്ടേറിയറ്റിലെ മൊത്തം ജീവനക്കാരുടെ എണ്ണം മൂന്നിലൊന്നായി ഡൗൺസൈസ് ചെയ്യണമെന്ന് ശ്രീ. ഇ. കെ. നായനാർ ചെയർമാനായ ശ്രീ. വി. ജെ. തങ്കപ്പൻ വൈസ് ചെയർമാനായ ഭരണപരിഷ്കാര കമ്മിറ്റി എഴുതിവച്ചില്ലേ? അത് നടപ്പാക്കാതെ ഒരു ജീവനക്കാരനെ പോലും പിരിച്ചുവിടാതെ ശക്തമായ നടപടി എടുത്ത എ.കെ. ആന്റണിയുടെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കുഴപ്പക്കാരും സെക്രട്ടേറിയറ്റിലെ ജീവനക്കാരെ ഡൗൺസൈസ് ചെയ്യണമെന്ന് പറഞ്ഞ നിങ്ങൾ വിപ്ലവകാരികളുമാകുന്നത് എങ്ങനെയാണ്? അതുപോലെതന്നെ സർക്കാർ ജീവനക്കാർക്ക് നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നൽകാതിരുന്ന ഡി. എ. ഗഡു നൽകിയ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ആ നേട്ടം എന്താണ് നിങ്ങൾ കാണാത്തത്? അതുപോലെതന്നെ 50080/99, 7-7-99-ലെ ഉത്തരവ് പ്രകാരം നിങ്ങൾ തിരുവനന്തപുരം സിറ്റിയിലെ നാല് അൺ ഇക്കണോമിക് സ്കൂളുകൾ അടച്ചുപൂട്ടി. നന്തൻകോട് യു.പി. സ്കൂൾ അടക്കം അൺ ഇക്കണോമിക് എന്നുപറഞ്ഞ് അടച്ചുപൂട്ടിയ നിങ്ങൾ ഭരണം നഷ്ടപ്പെട്ടപ്പോൾ കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി പള്ളിക്കൂടം പൂട്ടുന്നു, ഇത് എന്ത് ഗവൺമെന്റെന്ന് ചോദിക്കുവാൻ നിങ്ങൾക്ക് നാണമില്ലേ? വിപ്ലവത്തിന് തുടക്കം കുറിച്ച് എന്നുപറഞ്ഞുകൊണ്ട് നിങ്ങൾ സ്വീകരിച്ച വൃത്തികെട്ട നടപടികൾ എന്തൊക്കെയാണ്? ലോകത്തെ എല്ലാ മുതലാളിത്ത പ്രസ്ഥാനങ്ങളേയും നിങ്ങൾ സ്വാഗതം ചെയ്തില്ലേ? കേരളത്തിന് അതുവരെ കേട്ടുകേഴ്വിയില്ലാത്ത ബി.ഒ.റ്റി. നിങ്ങൾ കൊണ്ടുവന്നില്ലേ? തിരുവനന്തപുരം നേമത്ത് ബി.ഒ.റ്റി. പദ്ധതിയിൽ നിങ്ങൾ മാലിന്യ സംസ്കരണ ഫാക്ടറി കൊണ്ടുവന്നു. മറ്റൊന്ന് ഗുരുവായൂരിൽ കൊണ്ടുവന്നു. കേരളത്തിന് അന്യമായ ബി.ഒ.റ്റി. കൊണ്ടുവന്നത് ആരാണ്? മാനാഭിമാനമുണ്ടെങ്കിൽ നിങ്ങളുടെ ചാരിത്ര്യ പ്രസംഗം നിർത്തണം. അതുപോലെ പെരിയാർ ജലവിൽപ്പന. 34/99 നമ്പർ ജി.ഒ. നിങ്ങൾ വായിക്കണം. അതുകഴിഞ്ഞ് അതിനും കൂറ്റം ആന്റണിക്കും ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനും. ജനകീയാസൂത്രണത്തിന്റെ ഓഡിറ്റ് ഒഴിവാക്കി ആയിരക്കണക്കിന് കോടിരൂപ കൊള്ളയടിക്കുവാൻ അവസരം ഉണ്ടാക്കിക്കൊടുത്തില്ലേ? നിങ്ങൾക്ക് അഞ്ച് വർഷം അവസരം ലഭിച്ചിട്ടും ജനകീയാസൂത്രണത്തിന്റെ അഴിമതി കണ്ടെത്തി നടപടി സ്വീകരിച്ചോ? ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. കേരള വികസന പദ്ധതി കൊണ്ടുവന്നു, ആഡിറ്റിംഗ് ഏർപ്പെടുത്തി, ഓംബുഡ്സ്മാൻ ഫലപ്രദമാക്കി., ജനകീയാസൂത്രണം പുതിയ രൂപത്തിൽ കേരളത്തിൽ നടപ്പാക്കുവാൻ മുന്നോട്ടുവന്നു. ക്ളീൻ കേരളാ പദ്ധതി പ്രഖ്യാപിച്ചു. ഈ മേഖലയിലൊക്കെ ധീരമായി മുന്നോട്ടുപോകുവാൻ കഴിഞ്ഞു. നിങ്ങൾ ഇവിടെ വലിയ പ്രസംഗം നടത്തിയല്ലോ, ബി.എഡ്. കോളേജ് അഴിമതിയെപ്പറ്റി. പ്ളസ് ടു അനുവദിച്ചപ്പോൾ കോടികളുടെ അഴിമതി നടന്നുവെന്ന് പറഞ്ഞപ്പോൾ യാതൊന്നും ചെയ്തില്ല. ബഹുമാനപ്പെട്ട മെത്രാപൊലീത്തയുടെ ഒരു പരാമർശം വന്നപ്പോൾ, ആരുപറഞ്ഞു എന്നുനോക്കാതെ അത് അന്വേഷണത്തിന് ലോകായുക്തയിൽ വിട്ടു ഈ ഗവൺമെന്റ്. സർ, നിങ്ങൾക്ക് എന്തുപറയുവാനുണ്ട്? ഇന്നലെ ഇവിടെ വിദ്യാഭ്യാസ മന്ത്രിയെ ക്രൂശിക്കുവാൻ വന്നല്ലോ. വിദ്യാഭ്യാസമന്ത്രി കൈക്കൂലി വാങ്ങിയെന്ന് ആരെങ്കിലും പറയുന്നുണ്ടോ? പ്രതിപക്ഷം ഇല്ലാത്ത കാര്യങ്ങളെ ഇളക്കിക്കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ആ വെള്ളമൊന്നും ഇവിടെ തിളയ്ക്കുവാൻ പോകുന്നില്ലായെന്ന് വ്യക്തമാക്കുവാൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നല്ല പ്രവർത്തനങ്ങളെ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി എക്കാലത്തും സ്വീകരിക്കാറുള്ള ആടിനെ പട്ടിയാക്കുന്ന പ്രചാരണ തന്ത്രങ്ങളിലൂടെ തെറ്റായി ചിത്രീകരിക്കുവാൻ എത്ര ശ്രമിച്ചാലും നടക്കില്ല. പ്രിയപ്പെട്ടവരേ ഞാൻ ചോദിക്കട്ടെ, അഴിമതി കണ്ടാൽ ഞെട്ടിവിറയ്ക്കുന്ന വീരന്മാരാണല്ലോ അപ്പുറത്തിരിക്കുന്ന പ്രമാണിമാർ. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ തട്ടിപ്പ് നടത്തിയ പി.എസ്.സി. ചെയർമാനെക്കുറിച്ച് ഒരു വാക്ക് പറയുവാൻ എന്തുകൊണ്ടാണ് നിങ്ങൾ തയ്യാറാകാത്തത്? കേരളത്തിലെ 34 ലക്ഷം ചെറുപ്പക്കാരുടെ ഭാവിയിട്ട് അമ്മാനമാടുന്ന ഇത്രയും വലിയ തട്ടിപ്പ് നടത്തിയ പി.എസ്.സി. ചെയർമാനെ ഇംപീച്ച് ചെയ്യാൻ ബഹുമാനപ്പെട്ട ഈ സഭ ഏകകണ്ഠമായി തീരുമാനമെടുക്കണമെന്നാണ് എന്റെ അഭിപ്രായം. ആ തട്ടിപ്പ് നടന്നപ്പോൾ ഒരു വാക്ക് പറയുവാൻ പഴയ ഡി.വൈ.എഫ്.ഐ.ലുടെയും എ.ഐ.വൈ.എഫ്.ലുടെയും ഒക്കെ ഇവിടെവന്ന എന്റെ സ്നേഹിതന്മാർ എന്തുകൊണ്ട് മടിക്കുന്നു? എത്രയോ വലിയ തട്ടിപ്പാണ് പി.എസ്.സി.-യിൽ നടന്നത്? പി.എസ്.സി. ചെയർമാൻ കേരളത്തിൽ നടത്തിയ തട്ടിപ്പ് കണ്ടില്ലായെന്ന് നടിക്കുവാൻ പറ്റുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഇല്ലാതെപോയി. അഴിമതിക്കെതിരെ തീർത്ഥാടനം നടത്തുന്ന അദ്ദേഹത്തോട് വലിയ ബഹുമാനമാണ് ഞങ്ങൾക്ക്. എന്തെന്ത് യാത്രകൾ. മതികെട്ടാനിലേക്ക് യാത്ര, മുത്തങ്ങയിലേക്ക് യാത്ര, വാഗമണിലേക്ക് യാത്ര. എവിടെയെല്ലാം അഴിമതിയുണ്ടോ അങ്ങോട്ടെല്ലാം തീർത്ഥാടനങ്ങൾ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അഞ്ച് മിനിട്ട് മതിയല്ലോ പട്ടത്തെ പി.എസ്.സി. ഓഫീസിലേക്ക് പോകാൻ.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ഇങ്ങോട്ടുനോക്കി സംസാരിക്കണം.

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പട്ടം ഓഫീസിലേക്ക് പോകേണ്ടതല്ലേ? അങ്ങേക്ക് അറിയാമല്ലോ കേരളത്തിലെ എക്സൈസ് ഗാർഡ്മാരുടെ ടെസ്റ്റ്, ഹോമിയോ ഡോക്ടർമാരുടെ ടെസ്റ്റ് തുടങ്ങിയവ. ഇന്നലെ എന്റെ സ്നേഹിതൻ ശ്രീ. കെ. സി. വേണുഗോപാൽ ഇവിടെ ചൂണ്ടിക്കാണിച്ചു, രണ്ട് ഇഞ്ച് പൊക്കം ചെയർമാൻ അളന്നാൽ മതിയെന്ന്. ഇത് എന്ത് സൂത്രമാണ്? പി.എസ്.സി.യുടെ ചരിത്രത്തിൽ ഇല്ലാത്ത തട്ടിപ്പ് നടന്നു. അഴിമതിക്കെതിരെ തീർത്ഥാടന യുദ്ധം നടത്തുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ചോദിക്കുന്നു, അങ്ങോട്ട് പോകണ്ടേ? നിങ്ങൾ അങ്ങോട്ടു പോകുവാൻ തയ്യാറാകുമോ? ഇപ്പോൾ നിങ്ങൾക്ക് രണ്ടാം ലോക സിദ്ധാന്തം മാത്രമാണ്. നിങ്ങളുടെ രണ്ടാം ലോക സിദ്ധാന്തം എവിടെപ്പോയി? ഒന്നാം ലോക

LIBRARY ARCHIVES Kerala Legislative Assembly

സിദ്ധാന്തം പോട്ടെ. എന്തെല്ലാം മോഹന സുന്ദര സ്വപ്നങ്ങളായിരുന്നു. വസന്തത്തിന്റെ ഇടിമുഴക്കം പ്രതീക്ഷിച്ച ചൈനയിൽ മാർഡോക്ക് എന്ന ലോക പത്ര മുതലാളിയുടെ ചാനൽ മുഴക്കമാണ്. എം.റ്റി.വി.യുടെ ചാനൽ മുഴക്കമാണ് ഇന്ന് കേൾക്കുന്നത്. ആയിരം പുഷ്പം വിരിയട്ടെ എന്നുപറഞ്ഞിടത്ത് ഇന്ന് ചാനൽ വിരിഞ്ഞുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് നിങ്ങൾക്കൊന്നും പറയുവാനില്ലേ? നിങ്ങൾ ബോംബെ സോഷ്യൽ ഫോറത്തിലേക്ക് പോയല്ലോ? എവിടെ നിങ്ങളുടെ രണ്ടാംലോകം? ഇന്നലെ പ്രകാശ് കാരാട്ട് പറഞ്ഞിരിക്കുന്നു, വിദേശ പണം പറ്റുന്നവരൊക്കെ ചാരന്മാരാണ് എന്ന്. വിദേശ പണം പറ്റുന്നവർ ചാരന്മാരാണെങ്കിൽ അപ്പുറത്ത് എൽ.ഡി.എഫ്.-ലെ കഴിഞ്ഞ മന്ത്രിസഭയിലെ എല്ലാ ആളുകൾക്കും ഇത് ബാധകമല്ലേ? ഇന്നലെ ഇവിടെ ചൂണ്ടിക്കാണിച്ചല്ലോ, കാപ്പടെക്കിനുവേണ്ടി പത്തേമുക്കാൽ കോടി രൂപ വാങ്ങിയില്ലേ, അതുപോലെ എത്രയോ സംഭവങ്ങളുണ്ടായി. എന്നിട്ട് ഇപ്പോൾ നവലോകം ഉണ്ടാക്കുമെന്ന് പറഞ്ഞ്, വിപ്ലവമുണ്ടാക്കുമെന്ന് പറഞ്ഞ് പാവപ്പെട്ടവരെ കബളിപ്പിച്ച നിങ്ങൾ വേൾഡ് സോഷ്യൽ ഫോറത്തിന്റെ പിന്നാലേ പോയിരിക്കുന്നു. മനസ്സിലായല്ലോ നിങ്ങൾക്ക്? നിങ്ങളുടെ സോഷ്യൽ ഫോറം, പ്രാക് വസന്തം അതൊക്കെ എവിടെപ്പോയി? മാനക്കേടല്ലേ? ചെക്കോസ്ലോവാക്യാ എവിടെപ്പോയി? ചൈന എവിടെപ്പോയി? ലോകത്ത് മുന്നിൽ രണ്ട് രാജ്യങ്ങൾ കമ്മ്യൂണിസ്റ്റ് പിടിയിൽ അരരുന്ന രനോഹരമായ സുന്ദരമായ കാലഘട്ടത്തെ സ്വപ്നം കണ്ട സഖാക്കന്മാരോട് ചോദിക്കുന്നു, എന്താണ്? ലോകത്ത് രാഷ്ട്രീയ ഇച്ഛാശക്തിയില്ലാത്ത ഒരു പ്രസ്ഥാനമായി കമ്മ്യൂണിസ്റ്റ് പാർട്ടി മാറിയിരിക്കുന്നു. സർ, ബഹുമാനപ്പെട്ട കോടിയേരി ഇന്നലെ പറഞ്ഞിരിക്കുന്നു, കോൺഗ്രസ്സിന് ചൊറിയും ചിരങ്ങും പിടിച്ചിരിക്കുന്നു എന്ന്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് ഞാൻ ചോദിക്കട്ടെ. ചിരങ്ങും ചൊറിയും തൊലിപ്പുറമേ മാത്രമാണുള്ളത്. നിങ്ങളുടെ പാർട്ടിയിലോ? അഭിപ്രായം നടത്തിയതിന് പി.ജി. അടക്കമുള്ള ആളുകളെ പടിയടച്ചു പിണ്ഡം വച്ചില്ലേ? ചൊറിയും ചിരങ്ങും പിടിച്ച് കോൺഗ്രസ് പാർട്ടി കൊള്ളരുതാത്തതാണെന്നാണ് ബഹുമാനപ്പെട്ട കോടിയേരി പറയുന്നത്. പിന്നെ എന്തിനാണ് ശ്രീ. കരുണാകരന്റെ പുറകേ ആടിന് പിന്നാലെ നടന്നതുപോലെ നടന്നത്? എന്തു വിപ്ലവമായിരുന്നു? നാളെ കൂടും, മറ്റെന്നാൾ കൂടും, നിങ്ങൾക്കെന്താണ് ഇത്ര മോഹം മന്ത്രിസഭയിൽ കയറാൻ? നിങ്ങൾക്ക് മന്ത്രിയാകാൻ, നിങ്ങൾക്ക് അധികാരം നഷ്ടപ്പെടാതിരിക്കാൻ, അധികാരം നിലനിർത്താൻ. അതിൽ നിങ്ങൾക്ക് എന്താണ് താല്പര്യം? നിങ്ങൾ കരുണാകരനിൽ വിപ്ലവപ്രത്യയശാസ്ത്ര പിൻമുറക്കാരനെ കണ്ടല്ലോ? അടിയന്തിരാവസ്ഥയുടെ നടത്തിപ്പുകാരൻ, കരിങ്കാലി എന്നൊക്കെ വിളിച്ച് കേരളം മുഴുവൻ ആക്ഷേപിച്ച കരുണാകരനിൽ പുതിയൊരു വിപ്ലവം കണ്ടുകൊണ്ട് പുറകേ

LIBRARY ARCHIVES Kerala Legislative Assembly

നടന്നില്ലേ നിങ്ങൾ? പരാജയപ്പെട്ടു കഴിഞ്ഞപ്പോൾ, ഈ ഗവൺമെന്റ് കൊള്ളരുതാത്തതാണ്, ചിരങ്ങും ചൊറിയുമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കുകയാണ്, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനകത്തെ പ്രശ്നങ്ങൾ ജനാധിപത്യപരമായ ഒരു പ്രശ്നമാണ്. നിങ്ങൾക്ക് അതിനെപ്പറ്റി എന്തു പറയാനുണ്ട്?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ലൂഡ്.....

ശ്രീ. പി. ടി. തോമസ്: സർ, ബി.ജെ.പി. നേതാവ് ശ്രീ. പി. പി. മുകുന്ദൻ, മുഖ്യമന്ത്രിയുടെ വസതിയിൽ പത്രസമ്മേളനം നടത്തി എന്ന് ഇന്നലെ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് ഞാൻ ചോദിക്കുകയാണ്, മാറാടുമായി ബന്ധപ്പെട്ട് കക്ഷി നേതാക്കന്മാരുടെ ഒരു യോഗം കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ ഒരു ചാനലുകാരനോട് ഒരു അഭിമുഖം നാളെ കോടിയേരി ബാലകൃഷ്ണനാണ് നടത്തിയതെങ്കിൽ ആർക്ക് എതിർക്കാൻ കഴിയും? അതിനർത്ഥം അങ്ങനെയാണോ? ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനെപ്പോലുള്ള ആളുകൾ അത്തരമൊരു പ്രസംഗമാണോ നടത്തേണ്ടത്? ഉത്തരവാദിത്വത്തോടുകൂടി വേണ്ടേ പ്രസംഗിക്കാൻ? ഒരു കാര്യം കൂടി ഞാൻ പറയാം. കമ്മ്യൂണിസം ഭ്രഷ്ടാക്കിയ ഒരു പുലയന്റെ ജീവിതം, കഴിഞ്ഞ ദിവസത്തെ പത്രത്തിൽ വന്ന വാർത്തയാണ്. പങ്കി എന്നയാൾ പറയുന്നു, ഒരേ സമയം കമ്മ്യൂണിസ്റ്റുകാരനും പുലയനുമായി ജീവിക്കാൻ കഴിയുമോ? പാവപ്പെട്ട 79 വയസ്സുകാരനായ കമ്മ്യൂണിസ്റ്റുകാരൻ ചോദിച്ചു, ഒരേ സമയം ഒരു പുലയനും കമ്മ്യൂണിസ്റ്റുകാരനുമായി ജീവിക്കാൻ കഴിയുമോ? അദ്ദേഹം തന്നെ തുടരുന്നു, ക്രിസ്ത്യൻ മതത്തിൽ ആളെ കൂട്ടാൻ വേണ്ടി പുലയരെ കൂട്ടി അവശക്രിസ്ത്യാനികൾ എന്നു പറയുന്നതുപോലെ കമ്മ്യൂണിസ്റ്റു പാർട്ടിയിലെ അവശ പുലയനാണ് കമ്മ്യൂണിസ്റ്റു പാർട്ടിയിൽ പോകുന്ന പിന്നോക്കക്കാരൻ എന്നു പങ്കി പറഞ്ഞ വാക്കുകൾ കമ്മ്യൂണിസ്റ്റുകാരൻ മറക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ലൂഡ്.....

ശ്രീ. പി. ടി. തോമസ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം പറഞ്ഞു, മൈക്രോസോഫ്റ്റിനെതിരേ സ്റ്റാൾമാനെ കൊണ്ടു വന്ന ബിൽ ഗേറ്റ്സിന്റെ പുതിയ ബദൽ നിർദ്ദേശത്തെക്കുറിച്ച്. എന്റെ കയ്യിലിരിക്കുന്നത് മൈക്രോസോഫ്റ്റിനായി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് ഒപ്പു വച്ച കടലാസിന്റെ രേഖയാണ്. അതിലെ ഒരു കാര്യം ഞാൻ വായിക്കാം. ബഹു. തോമസ് ഐസക് പാർട്ടി സെക്രട്ടറി പിണറായി വിജയന് നൽകിയ 4-6-1999-ലെ കുറിപ്പാണ്. 18-3-1999-ന് പ്ളാനിംഗ്ബോർഡിന്റെ നേതൃത്വത്തിൽ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതു സംബന്ധിച്ച് വിശദമായ ഒരു കുറിപ്പ് തയ്യാറാക്കുകയും ആ കുറിപ്പിന്റെ വിശദാംശങ്ങൾ സഖാവ് പിണറായി വിജയൻ, സഖാവ് എം.എ. ബേബി, സഖാവ് സി.പി. നാരായണൻ, സഖാവ് അനിയൻ ഇവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയും ചെയ്തു. ഈ ചർച്ചയിൽ....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ലൂഡ്.....

ശ്രീ. പി. ടി. തോമസ്: കരാർ ഒപ്പിടുന്നതിനെ സംബന്ധിച്ച് നിർദ്ദേശം ഉണ്ടായിരുന്നു. സി-ഡിറ്റിലെ ജീവനക്കാർക്ക് മൈക്രോസോഫ്റ്റ് പരിശീലനം നൽകുന്നതിനും മൈക്രോസോഫ്റ്റിന്റെ സാങ്കേതിക വിദ്യ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള വളരെ പ്രധാനപ്പെട്ട രേഖയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ലൂഡ്..... സമയം കഴിഞ്ഞു.....

ശ്രീ. പി. ടി. തോമസ്: സർ വളരെ പ്രധാനപ്പെട്ട രേഖയാണ്. ഇതിന്റെ വിശദാംശങ്ങൾ സംബന്ധിക്കുന്ന മലയാളത്തിലെ ഒരു കുറിപ്പും പ്രത്യേകമായി ചേർത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്ത ഈ കരാർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ലൂഡ്.....

ശ്രീ. പി. ടി. തോമസ്: സാങ്കേതികവിദ്യ തെരഞ്ഞെടുക്കുന്നതിന് മുമ്പെടുത്ത തീരുമാനപ്രകാരം ഏഴാം തീയതി സി-ഡിറ്റും മൈക്രോസോഫ്റ്റും.....(മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ലൂഡ്..... ശ്രീ. എ. കെ. ബാലൻ.....

ശ്രീ. പി. ടി. തോമസ്: ലോകത്തിലെ ഏറ്റവും വലിയ കുത്തകയായ ബിൽ ഗേറ്റ്സിന്റെ .....(മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ലൂഡ്..... പ്ളീസ്.....നോ, നോ.....പ്ളീസ് കൺക്ലൂഡ്.....

ശ്രീ. പി. ടി. തോമസ്: ഇന്ന് ബദലിനെക്കുറിച്ച് പറയുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഇടതുപക്ഷമുന്നണിയുടെ കാലത്ത് ഒപ്പു വച്ച മൈക്രോ സോഫ്റ്റിനെ സംബന്ധിച്ച് ഒന്നും അറിഞ്ഞിട്ടില്ലെന്നു പറയാൻ കഴിയുമോ? ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. 76 ഖണ്ഡികയുള്ള ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരു ഖണ്ഡികയ്ക്കുപോലും സത്യവുമായി ബന്ധമില്ല. 2003-ൽ ഇവിടെ ഗവർണ്ണറുടെ പ്രസംഗത്തിന്റെ ഭാഗമായി പ്രമേയം അവതരിപ്പിച്ചുകൊണ്ട് നാരായണക്കുറുപ്പ് സാറാണ് പ്രസംഗിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ, 75 ലക്ഷം സംഘടിത, അസംഘടിത തൊഴിലാളികൾ നടത്തിയ സമരത്തിന്റെ ഒരു പശ്ചാത്തലത്തിലായിരുന്നു കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ച നടന്നത്. ഇപ്പോൾ ഈ ചർച്ച നടക്കുമ്പോൾ അഴിമതിക്കെതിരായി ജനരോഷത്തിന്റെ അഗ്നിജ്വാല ആളിപ്പടരുകയാണ്. ഒരു മന്ത്രിക്ക് ഒരു ഔദ്യോഗികപരിപാടിയിൽപ്പോലും പങ്കെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. ഈ സഭയിൽ നന്ദിപ്രമേയ ചർച്ചയിൽ നിന്നും കോൺഗ്രസ് (ഐ) വിഭാഗം പരിപൂർണ്ണമായി വിട്ടുനിൽക്കുകയാണ്. ഹൈക്കോടതി വിധി വന്നു കഴിഞ്ഞു. കോടതിയലക്ഷ്യത്തിന് രണ്ട് ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസെടുക്കാനും കോടതി നിർബന്ധിക്കപ്പെട്ടു. അസാധാരണമായ ഈയൊരു സ്ഥിതിവിശേഷം കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല. ഈ ഗവൺമെന്റിനുവേണ്ടി ആരും വക്കാലത്ത് പിടിക്കാൻ ഇല്ലാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. കെ.പി.സി.സി. പ്രസിഡന്റു തന്നെ പറയുന്നത്, ഈ ഗവൺമെന്റിന്റെ പിതൃത്വം ഏറ്റെടുക്കാൻ കോൺഗ്രസ്സിനു കഴിയില്ലായെന്നാണ്. യഥാർത്ഥത്തിൽ വേശ്യ പ്രസവിച്ച കുട്ടിയുടെ സ്ഥിതിയാണ് ഈ ഗവൺമന്റിനുള്ളത്. പിതൃത്വം ഏറ്റെടുക്കാൻ അച്ഛനില്ല, മാതൃത്വം ഏറ്റെടുക്കാൻ അമ്മയുമില്ല. ആ സ്ഥിതിയിലാണ് ഇന്ന് കേരളാ ഗവൺമെന്റ് എത്തിയിട്ടുള്ളത്. ഗവർണ്ണറുടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രസംഗത്തിൽ ആദ്യത്തെ പാരഗ്രാഫിൽ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചാണ് പറയുന്നത്. സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച വ്യക്തമായ കണക്ക് കഴിഞ്ഞ നിയമസഭ ചേരുന്ന അവസരത്തിൽ കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രി ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു, ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയാൻ നിർബന്ധിക്കപ്പെട്ടത്, ഇപ്പോൾ പൊതുകടം 33,805 കോടി രൂപയാണ്. രണ്ടു വർഷത്തിനുള്ളിൽ 8084 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. റവന്യൂ കമ്മി 4017 കോടി രൂപയാണെന്നാണ് സി.എ.ജി. റിപ്പോർട്ട്. ശ്രീ. ഷിബു ബേബിജോണിന്റെ ചോദ്യത്തിന് ഉത്തരം കൊടുത്തതും ഇതേ കണക്കു തന്നെയാണ്. ധന കമ്മി 5,000-ത്തിൽ കൂടിയിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടു എന്ന് പാരഗ്രാഫ് ഒന്നു മുതൽ അഞ്ചു വരെ ഗവർണ്ണർ സ്ഥാപിച്ചത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. പാരഗ്രാഫ് 70-ൽ ജീവനക്കാരെക്കുറിച്ചാണ് പറയുന്നത്. നിയമന നിയന്ത്രണങ്ങൾ നീക്കം ചെയതു എന്നു പറയുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പുനർവിന്യാസം പൂർത്തീകരിച്ചു എന്ന് ഗവർണർ പറയുന്നു. എന്താണ് സാർ സത്യം? 2003-04

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് അപ്പൻഡിക്സിൽ പറയുന്നത്, 2000-01-ൽ 525,000 സ്റ്റാഫുണ്ടായിരുന്നത് 2001-02-ൽ 455,350 ആയി ചുരുങ്ങി. 69,650 ജീവനക്കാർ കുറഞ്ഞു. ഡൗൺ സൈസിംഗിന്റെ ഭാഗമായിട്ടാണ്. ഇത് ഗവൺമെന്റിന്റെ കണക്ക് ആണ്. ഇവിടെ ഡൗൺ സൈസിംഗ് ഇല്ല, പുനർവിന്യാസം നടത്തിയിരിക്കുന്നു, നിയമനനിരോധനമില്ല എന്ന് ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചത് എന്തു കണക്കിന്റെ അടിസ്ഥാനത്തിലാണ്? ഇതുവഴി ശമ്പളത്തിന്റെ മാത്രം കുറവ് ജീവനക്കാർക്ക് വന്നിട്ടുള്ളത് 291 കോടി രൂപയാണ്. അൺ സ്റ്റാർഡ് ചോദ്യം 314, 18-6-2003-ന് ശ്രീ. അടൂർ പ്രകാശിന് കൊടുത്തിട്ടുള്ള മറുപടിയിലാണിത്. 2002 ആഗസ്റ്റ് മാസത്തിൽ ശമ്പളപരിഷ്കരണം നടത്തേണ്ടതാണ്. അതുമായി ബന്ധപ്പെട്ട ഒരു കാര്യവും നയപ്രഖ്യാപനത്തിൽ പറയുന്നില്ല. പാരഗ്രാഫ് 11-ൽ പറയുന്നത്. ജിം-നെപ്പറ്റിയാണ്. 2003 ജനുവരിയിൽ നടന്ന ആഗോള നിക്ഷേപക സമാഹരണത്തെപ്പറ്റി ഗവർണർ പറയുന്നുണ്ട്. 'ജിം' നടക്കുമ്പോൾ പറഞ്ഞത് എന്താണ്? 50,000 കോടി രൂപയുടെ പദ്ധതി, തുടങ്ങുമ്പോൾ പറഞ്ഞത് 11,000 കോടി രൂപയുടെ പദ്ധതി, ഇപ്പോൾ ഗവർണർ പറയുന്നത് 4100 കോടി രൂപയുടെ പദ്ധതി. 4100 കോടി രൂപയുടെ പദ്ധതി എന്നു പറയുന്നത് പത്താം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെട്ട കൊച്ചിൻ റിഫൈനറി, കൊച്ചിൻ തുറമുഖ വികസനം, കൊല്ലം മിനറൽസ് ആൻഡ് മെറ്റൽസ് എന്നീ യൂണിറ്റുകൾക്കുവേണ്ടിയുള്ളതുമാണ്. പുതുതായി ഒരു പദ്ധതിയും കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പേരിന് നാലു പദ്ധതികൾ. അതു ഞാൻ നേരത്തേ സൂചിപ്പിച്ചത്, ആലുക്കാസ് സ്വർണ്ണക്കടയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു യൂണിറ്റാണ്. ഇവിടെ കമ്പനി രജിസ്ട്രാറുടെ ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു കണക്ക് എന്റെ കൈയിൽ കിട്ടി. മൊത്തം 497 കോടി രൂപയുടെ ആസ്തിയുള്ള കമ്പനികളുടെ രജിസ്ട്രേഷനാണ് ഇപ്പോഴിവിടെ നടത്തിയിട്ടുള്ളത്. 'ജിം' വരുന്നതിനുമുമ്പായും 'ജിം' വന്നതിനുശേഷവും ആകെ 497 കോടി രൂപയുടെ പദ്ധതികളാണ് ഇവിടെ വന്നിട്ടുള്ളത്. ജിമ്മിന്റെ പേരിൽ ഇവിടെയുള്ള മണ്ണും മണലും വെള്ളവും കൊള്ളചെയ്യലായിരുന്നു ഉദ്ദേശം. അതിന്റെ ഭാഗമായിട്ടാണ് ഇംഗ്ലണ്ടിലെ ഒരു കമ്പനിക്ക് പെരിയാറിലേയും മലമ്പുഴയിലേയും വെള്ളം വിൽക്കാൻ തീരുമാനിച്ചത്. അന്നത്തെ കെ.എസ്.ഐ.ഡി.സി. എം.ഡി. പാലക്കാടുവച്ച് പത്രസമ്മേളനം നടത്തി പറഞ്ഞു, വെള്ളം വിൽക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുന്നു. ഇനി എന്തുപൊല്ലാപ്പാണ് വരാൻ പോകുന്നതെന്ന് ശ്രീ. ജിജി തോംസൺ, ഐ.എ.എസ്. പ്രഖ്യാപിച്ചതാണ്. പാലക്കാട് ജനത സടകുടഞ്ഞ് എഴുന്നേറ്റിട്ടാണ് ആ മലമ്പുഴ വെള്ളം സംരക്ഷിക്കപ്പെട്ടത്. കടലിലെ മണൽ വിൽക്കാൻ തീരുമാനിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പും ആലപ്പുഴ ജില്ലയിലെ ജനങ്ങളും ഇടപെട്ടിട്ടാണ് അത് രക്ഷപ്പെടുത്തിയത്. കൊച്ചി, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കണ്ണായ സ്ഥലം "ജിം"-ന്റെ പേരിൽ സ്വകാര്യ വ്യക്തികൾക്ക് വിറ്റ് കക്കുക എന്നുള്ളതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. "ജിം" ഇവിടെ വരുന്ന സമയത്ത് ബിർള കോഴിക്കോടുനിന്നും സ്ഥലംവിട്ടു, ടാറ്റ പാലക്കാടുനിന്നും സ്ഥലംവിട്ടു. പാലക്കാടു ജില്ലയിൽ മാത്രം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 39 ഇടത്തരം-വൻകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. 150 എസ്.എസ്.ഐ. യൂണിറ്റുകൾ പൂട്ടി. 10,000 തൊഴിലാളികൾ പട്ടിണിയിലാണ്. പൊതുമേഖലാ സ്ഥാപനമായ ചിറ്റൂർ ഷുഗർ ഫാക്ടറിയിലേക്ക് പഞ്ചസാര കൊടുക്കുന്ന 5000-ത്തോളം വരുന്ന കരിമ്പുകൃഷിക്കാർ, 10,000-ത്തോളം വരുന്ന കർഷകത്തൊഴിലാളികൾ മുഴു പട്ടിണിയിലാണ്. ഈ സ്ഥാപനം കേരള ഗവൺമെന്റ് ഏറ്റെടുക്കണം, ഏറ്റെടുത്ത് സംരക്ഷിക്കണമെന്നു പറഞ്ഞ അവസരത്തിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു, ഞാൻ ഈ സ്ഥാപനം ധനകാര്യ വകുപ്പുമന്ത്രിക്ക് വിട്ടുകൊടുക്കാമെന്ന്. ഇന്നേവരെ അതു വിട്ടുകൊടുത്തിട്ടില്ല. നമ്മുടെ ഈ കേരളത്തിന് ഒരു ദിവസം 2,85,000 ലിറ്റർ വിദേശമദ്യം ആവശ്യമാണ്. ഒരു ലക്ഷം ഇ.എൻ.എ. ആണ് കേരളത്തിന് ആവശ്യമുള്ളത്. അതിന്റെ 10% എങ്കിലും ചിറ്റൂർ ഷുഗർ ഫാക്ടറി ഉല്പാദിപ്പിക്കുന്ന ENA വ്യവസായ വകുപ്പ് ബിവറേജസ് കോർപ്പറേഷന് വിൽക്കാൻ തീരുമാനിച്ചാൽ അല്ലെങ്കിൽ ബിവറേജസ് കോർപ്പറേഷൻ അതേറ്റെടുക്കാൻ തീരുമാനിച്ചാൽ ചിറ്റൂർ ഷുഗർ ഫാക്ടറിയുടെ പ്രശ്നം തീരും. മന്ത്രിതലയോഗം ചേർന്ന് മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം കൊടുത്തു. പാലക്കാട് കളക്ടറേറ്റിൽ മോണിറ്ററിംഗ് കമ്മിറ്റി ചേർന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ 5 വ്യവസായ സ്ഥാപനം പൂട്ടി. ഇന്നലെ നട്ടപ്പാതിരയ്ക്കാണ് ബി.പി.എൽ. സാനിയോ കമ്പനി അടച്ചുപൂട്ടി മാനേജുമെന്റ് സ്ഥലംവിട്ടത്. പാരഗ്രാഫ് 17, 18, 19 കൃഷിക്കാരും കർഷകത്തൊഴിലാളികളും രക്ഷപ്പെട്ടു എന്നാണ് ഗവർണ്ണർ പറയുന്നത്. നെൽക്കൃഷി ഉല്പാദനം വർദ്ധിച്ചു എന്ന് ഗവർണ്ണർ പറയുന്നു. സത്യം എന്താണ്? കേരളത്തിന്റെ നെല്ലറയായ പാലക്കാട് 2002-2003-ൽ രണ്ടര ലക്ഷം ഏക്കർ ഭൂമിയാണ് വരൾച്ചയിൽപ്പെട്ട് പതിപൂർണ്ണമായി ഉല്പാദനം ഇല്ലാതായത്. 37,66,35,000 രൂപ നഷ്ടം വന്നു എന്ന് തിരുവനന്തപുരം അഗ്രിക്കൾച്ചറൽ ഡയറക്ടർ കത്തെഴുതി. സാങ്ഷനായത് 2,84,00,000 രൂപ; കൊടുക്കാൻ തീരുമാനിച്ചത് 50 ലക്ഷം രൂപ, കിട്ടിയത് ട്രഷറി ബാൻ കാരണം വട്ടപ്പൂജ്യം. ഈ പ്രാവശ്യം 40 കോടി രൂപയുടെ നഷ്ടമുണ്ടായതായിട്ടാണ് ഒഫീഷ്യലായി ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ 300 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ നാശനഷ്ടമുണ്ടായി. മന്ത്രിമാർ അവിടെവന്ന് പ്രഖ്യാപിച്ചത് 8 കോടി രൂപ മാത്രമാണ്. കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ സ്ഥിതിയാണിത്. അപ്പോൾ ഏതു രൂപത്തിലാണ് കാർഷികരംഗം ശക്തിപ്പെട്ടത്? ഏതു രൂപത്തിലാണ് കേരളത്തിന്റെ ആഭ്യന്തര ഉല്പാദനം കാർഷികരംഗത്ത് വർദ്ധിച്ചതെന്ന് ഗവർണ്ണർ പറയുന്നതെന്ന് മനസ്സിലാകുന്നില്ല. മറ്റൊരു കാര്യംകൂടി ഞാൻ പറയാം, 15, 16 പാരഗ്രാഫുകളിൽ പരമ്പരാഗത വ്യവസായം സംബന്ധിച്ചാണ് പറയുന്നത്. ക്ലസ്റ്റർ വികസനം നടപ്പിലാക്കിയെന്നാണ് ഗവൺമെന്റ് പറയുന്നത്. കഴിഞ്ഞ 2002-2003 സാമ്പത്തിക വർഷത്തിൽ നന്ദിപ്രമേയവുമായി ബന്ധപ്പെട്ടുകൊണ്ട് നടന്ന ചർച്ചയ്ക്ക് മറുപടി പറഞ്ഞ അവസരത്തിൽ കേരളത്തിലെ കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മേഖലകൾ ഇവ പരിഷ്കരിക്കുന്നതിനുവേണ്ടി പദ്ധതി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഒരു വർഷം പിന്നിട്ടു, ഒരു പദ്ധതിയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കയർ, കൈത്തറി, കശുവണ്ടി, മത്സ്യം, ബീഡി, ഖാദി, കള്ളുചെത്ത്, തേയില, കാപ്പി, റബ്ബർ തുടങ്ങിയ മേഖല, അസംഘടിത മേഖലയായ നിർമ്മാണം, ചുമട്, മോട്ടോർ രംഗത്ത് പണിയെടുക്കുന്ന 75 ലക്ഷത്തോളം വരുന്ന തൊഴിലാളികളുമായി ബന്ധപ്പെട്ടുകൊണ്ട് കാൽ കാശിന് സഹായം ഈ നയപ്രഖ്യാപനത്തിന്റെ ഭാഗമായി ഗവർണ്ണറുടെ ഭാഗത്തുനിന്നും ഞാൻ കേട്ടിട്ടില്ല. മാത്രമല്ല, 1000 കോടി രൂപ കേരളത്തിലെ പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ള തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ കൊടുക്കാനുണ്ട്. അതിപ്പോഴും കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. നമ്മുടെ വളരെ പ്രധാനപ്പെട്ട പരമ്പരാഗത മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു മേഖലയാണ് മത്സ്യബന്ധനരംഗം. 36 കോടി രൂപ അംശാദായം മുതലാളിമാർ കൊടുക്കണം. മുതലാളിമാർ അംശാദായം കൊടുക്കണ്ടെന്ന് സുപ്രീംകോടതി പറഞ്ഞു . അതിനെതിരായി ഒരു പുനഃപരിശോധനയ്ക്കു് കേരള ഗവൺമെന്റ് തയ്യാറായില്ല. ഈ രൂപത്തിൽ അസംഘടിത മേഖലയിൽ, പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾ നിരാലംബരായിരിക്കുകയാണ്. പാരഗ്രാഫ് 33-ൽ പട്ടികജാതി പട്ടികവർഗ്ഗത്തെപ്പറ്റിയാണ് പറയുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആറ് ദളിതരെ പോലീസ് വെടിവച്ചുകൊന്നു. മുത്തങ്ങയിലെ ജോഗി, നിലമ്പൂരിലെ പാലുത്തി, നേമത്തെ ജോയി എന്നിവർ ആ കൂട്ടത്തിൽപ്പെടുന്നു. പത്തനംതിട്ടയിലെ പട്ടികജാതിക്കാരനായ ഒരു ഓട്ടോറിക്ഷ തൊഴിലാളിയെ അടിച്ചുകൊന്നു. അദ്ദേഹത്തിന്റെകൂടെ ഭാര്യയും ഇപ്പോൾ ആത്മഹത്യ ചെയ്തിരിക്കുകയാണ്. ഇപ്പോൾ ആദിവാസിക്ക് ഭൂമിയില്ല, വീടില്ല. നിർബന്ധിത വന്ധ്യംകരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

നിർബന്ധിക്കുന്നുവെന്ന് ഞാനിന്നലെ പറഞ്ഞു. മാനദണ്ഡം ലംഘിച്ച് കൂട്ട വന്ധ്യംകരണം നടന്നുവെന്ന് നിയമസഭാസമിതി പറഞ്ഞു. ആദിവാസികൾ എന്തു തെറ്റാണ് ചെയ്തത്? അവരുടെ വംശത്തെ ഇല്ലാതാക്കുക എന്നുള്ളതല്ലേ ഈ ഗവൺമെന്റിന്റെ നയം? സംവരണം പൂർണ്ണമായും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുമേഖലാ സ്ഥാപനങ്ങളുടെ യോഗം വിളിച്ചു. അതുപോലെതന്നെ ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ യോഗം വിളിച്ചു. 6%, 7% മാത്രമേ സംവരണം ഇപ്പോഴും പട്ടികജാതി പട്ടികവർഗ്ഗത്തിന് കിട്ടിയിട്ടുള്ളൂ. സംവരണം നികത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. സ്ഥലം വാങ്ങുന്നതിനുവേണ്ടി, വീടുവയ്ക്കുന്നതിനുവേണ്ടി 70,000 രൂപ ഒരു പാവപ്പെട്ട പട്ടികജാതി കുടുംബത്തിന് കൊടുക്കേണ്ടതാണ്. ഒരൊറ്റ കുടുംബത്തിനും കഴിഞ്ഞ പ്രാവശ്യം ഈ 70,000 രൂപ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഒരൊറ്റ അപേക്ഷപോലും സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> സർ, ബഹുമാനപ്പെട്ട മെമ്പർ സംവരണത്തെക്കുറിച്ചൊക്കെയാണല്ലോ വാചാലമായി സംസാരിച്ചത്. ഒരു ക്ലാരിഫിക്കേഷനുവേണ്ടി ഞാൻ ചോദിക്കുകയാണ്. ഇത് പാർട്ടിയുടെ നയം തന്നെയാണോ? അങ്ങ് വളരെ സീനിയറായ എസ്.എഫ്.ഐ. നേതാവായിരുന്ന ആളും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമൊക്കെയായിരുന്ന ആളുമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.....(ബഹളം)..... ഈ നയം അങ്ങയുടെ പാർട്ടി അംഗീകരിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ:</u> പട്ടികജാതിക്കാർക്കും വികലാംഗർക്കുമൊന്നും പാർട്ടി ഘടകങ്ങളിൽ സംവരണമില്ല. അത് ഞങ്ങൾ വേണ്ടെന്നുവച്ചതാണ്. എടുക്കുന്ന പണിക്കുള്ള സ്ഥാനം മാത്രമേ അതിൽ കിട്ടുകയുള്ളൂ. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഇതിൽ പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ 18,522 പോസ്റ്റുകളുടെ ഒഴിവുണ്ടെന്നു പറഞ്ഞു. ഞാൻ ചോദിക്കട്ടെ, പൊതുമേഖലയും ഗവൺമെന്റ് സ്ഥാപനങ്ങളും അടച്ചുപൂട്ടാൻ ഗവൺമെന്റ് തീരുമാനിച്ചുകഴിഞ്ഞാൽ എവിടെയാണ് സംവരണം കിട്ടുക? ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18,522 പോസ്റ്റുകൾ ഒഴിവുണ്ടെന്നു പറയുന്നത് ഗവൺമെന്റ് സർവ്വീസിലാണ്, പൊതുമേഖലാ സ്ഥാപനങ്ങളിലാണ്. ആ ഗവൺമെന്റ് മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് down sizing-ന്റെ പരിപാടിയാണ് ഇവിടെ നടപ്പിലാക്കുന്നത്. എ.ഡി.ബി.യുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കരാർ അതാണ്. പിന്നെ എങ്ങനെയാണ് സംവരണം നടപ്പിലാക്കാൻ പറ്റുക? പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്നാണ് ചൗധരി കമ്മീഷൻ റിപ്പോർട്ട്. അതിൽ ഒപ്പിട്ടിട്ടുള്ളതിൽ ലീഗിന് പങ്കുണ്ട്. പിന്നെ എവിടെയാണ് സംവരണം കൊടുക്കുക? ഈ സംവരണത്തെ സംബന്ധിച്ച മുസ്ലീം ലീഗിന്റെ വാദം ഒരു തരത്തിലും ആത്മാർത്ഥതയില്ലാത്തതാണ്. ആ സമുദായത്തെ പറ്റിക്കലാണ്. ന്യൂനപക്ഷത്തെ പറ്റിക്കുന്നതിനുവേണ്ടിയാണ് ഇത് പറയുന്നത്. ഇപ്പോൾ സമുദായത്തിന്റെ പേരിൽ കൊള്ളയാണ് നടത്തുന്നത്. മെത്രോപ്പൊലീത്തയുടെ പേരിൽ ഇവർ കൈക്കൂലി ചോദിച്ചില്ലേ? ഇനി സാക്ഷാൽ റസൂൽ തന്നെ ഇറങ്ങിവന്നുവെന്ന് വിചാരിക്കുക, ഒരു ബി.എഡ്. കോളേജ് കൊടുക്കുന്നതിനുവേണ്ടി നബിതിരുമേനിയോടും ഇവർ കൈക്കൂലി ചോദിക്കും. അതിൽ യാതൊരു സംശയവും വേണ്ട. സമുദായ സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് മുസ്ലീംലീഗ് യാതൊന്നും ഇതുവരെ ചെയ്തിട്ടില്ല. ഇന്നലെ ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ എന്തൊക്കെയാണ് പറഞ്ഞത്? വിശ്വാസിയായിട്ടുള്ള ഒരു മുസ്ലീമാണോ അദ്ദേഹം? കമ്മ്യൂണിസ്റ്റു പാർട്ടിയിൽ നിന്നും പോയ ആളാണ്, എക്സ് കമ്മ്യൂണിസ്റ്റുകാരനാണ്. സുബഹ്, ളുഹർ, അസർ, മഹ്രിബ്, ഇശാഹ് എന്നിവയൊക്കെ നിസ്കരിക്കുമെന്നാണ് പറയുന്നത്. നമ്പർ വൺ കാഫറാണ്. അതുകൊണ്ടാണ് ഇന്നലെ ഇങ്ങനെയൊരു പ്രസംഗം ഇവിടെ നടത്തിയത്. അദ്ദേഹം പറയുന്നതൊന്നും ഞാൻ പറയാൻ പോകുന്നില്ല. കമ്മ്യൂണിസ്റ്റുപാർട്ടിയിൽ നിന്നിട്ടു മര്യാദയ്ക്ക് വേജസ് കിട്ടിയില്ല എന്നാണ് പറയുന്നത്. അതുകൊണ്ട് ബിരിയാണി തിന്നാൻ അങ്ങോട്ടു പോയി. ഇവർക്ക് ഭരിക്കാൻ എന്തവകാശമാണുള്ളത്? responsibility ഉണ്ടോ? കറപ്ഷൻ മാത്രമല്ലേ ഇവിടെ നടക്കുന്നത്? ഭരണകക്ഷിയിൽപ്പെട്ട രണ്ടു മന്ത്രിമാർ ഗവൺമെന്റു തീരുമാനത്തിനെതിരായി രാജ്യസഭയിൽ വോട്ട് രേഖപ്പെടുത്തിയില്ലേ? ഐക്യമുന്നണി ഗവൺമെന്റിനെതിരായി, മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിനെതിരായി വോട്ട് രേഖപ്പെടുത്തിയോ? വോട്ട് രേഖപ്പെടുത്തിയത് എന്തു collective responsibility ആണ്. ക്യാബിനറ്റ് തീരുമാനത്തിനെതിരായി ബി. എഡ്. കൊടുത്തില്ലേ? എന്തടിസ്ഥാനത്തിലാണ്? ചരിത്രത്തിൽ ആദ്യമായി ഒരു ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ, അൽഫോൺസ് കണ്ണന്താനം, ഒ.പി. നമ്പർ 32840/2-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എതിരായി പറഞ്ഞ അഫിഡവിറ്റ് എന്റെ കയ്യിലുണ്ട്. ആരിഫ് ലത്തീഫ് എന്നു പറയുന്ന ഒരു വിദ്യാർത്ഥിക്ക് എം.ബി.ബി.എസ്.-ന് സീറ്റു ലഭിക്കാൻ ഇൻകം സർട്ടിഫിക്കറ്റിൽ മാറ്റം വരുത്താൻ എന്നെ പ്രേരിപ്പിച്ചു എന്ന് കോടതിയിൽ മൊഴി കൊടുത്തിരിക്കുകയാണ്. എന്തു collective responsibility ആണ്. വനംവകുപ്പുമന്ത്രിക്ക് എതിരായി പത്രസമ്മേളനം. അഡ്വക്കേറ്റ് ജനറലിന് എതിരായി പത്രസമ്മേളനം. അഡ്വക്കേറ്റ് ജനറൽ ഗവ. സെക്രട്ടറി ഭരത്ഭൂഷൺ എതിരായി പത്രസമ്മേളനം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ഐ. പി. എസ്. ഉദ്യോഗസ്ഥൻ, ആർ പി. സി. നായർ, ഡി.ജി.പി. (ജയിൽ),

LIBRARY ARCHIVES Kerala Legislative Assembly

ഒ.എ. നമ്പർ 450/2001 ജൂൺ മാസം 4, 5, എന്നീ തീയതികളിൽ Central Administrative Tribunal-ൽ കൊടുത്ത കേസ്സിൽ എന്താണ് പറഞ്ഞത്? മുഖ്യമന്ത്രി സ്വജനപക്ഷപാതത്തിനു കൂട്ടുനിൽക്കുന്നു എന്ന്. ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥൻ കൊടുത്ത അഫിഡവിറ്റിലാണ് ഇതു പറഞ്ഞത്. കമ്പ്യൂട്ടർസെൽ ഡി.ജി.പി. പത്മനാഭനെ ഡി.ജി.പി. ആക്കുന്നത് സ്വജനപക്ഷപാതമാണ്, അഴിമതിയാണ് എന്ന് ഒരു ഉയർന്ന ഡി.ജി.പി പറയാൻ നിർബന്ധിക്കപ്പെട്ടു. ഈ രൂപത്തിൽ ഈ ഗവൺമെന്റിന് എതിരായി മുതിർന്ന IPS, IAS ഉദ്യോഗസ്ഥർതന്നെ കോടതിയിൽ സത്യവാങ്മൂലം കൊടുക്കാൻ നിർബന്ധിക്കപ്പെട്ടു. .....(മൈക്ക് ഓഫ് ചെയ്തു.)

മി. ഡെപ്യൂട്ടി സ്പീക്കർ: Please conclude.....please ...

ശ്രീ. എ. കെ. ബാലൻ: ഈ നാറിയ ഗവൺമെന്റിന്റെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരക്ഷരം ഈ ഗവൺമെന്റിനെ defend ചെയ്തുകൊണ്ടും അപ്പുറത്തുള്ള ആർക്കും ഒന്നും പറയാൻ പറ്റാത്തതുകൊണ്ടാണ് ബർളിനിലേക്കും മോസ്കോയിലേക്കുമൊക്കെ..... എന്തു പ്രസംഗമാണ് ഇവിടെ പ്രസംഗിക്കുന്നത്. (മൈക്ക് ഓഫ്)

ശ്രീ. സി. മോയിൻകുട്ടി: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. 33 മാസക്കാലത്തെ ഭരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ഇവിടെ വിലയിരുത്തപ്പെടുകയാണ്. നേട്ടങ്ങൾ വിലയിരുത്താൻ ഒട്ടേറെയുണ്ട്. എന്നാൽ കോട്ടങ്ങൾ ഇല്ലെന്നല്ല, കോട്ടങ്ങളും ഉണ്ടായിട്ടുണ്ട്. എന്താണ് കോട്ടം? ഈ ഗവൺമെന്റിന് അതിന്റെ പ്രവർത്തന മേഖലകൾ വിശദീകരിക്കാനുള്ള സാഹചര്യങ്ങൾ ആഭ്യന്തര പ്രശ്നങ്ങളുമായി ബന്ധപ്പെട്ടു സാധിക്കാതെ പോയി എന്നു ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. പക്ഷേ ജനങ്ങൾ കഴിഞ്ഞ 33 മാസക്കാലമായി ഈ ഗവൺമെന്റിന്റെ ഒട്ടേറെ നേട്ടങ്ങൾ അനുഭവിച്ചു വരികയാണ്. ഞാനുൾപ്പെടെയുള്ള, കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക്, ഞങ്ങളെ സംബന്ധിച്ചിടത്തോളം തീർച്ചയായും എന്തുമാത്രം ആശ്വാസമാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായത് എന്നതിനെക്കുറിച്ച് ദീർഘമായി പറയേണ്ടതില്ല. ആത്മഹത്യയുടെ വക്കിലായിരുന്ന ആയിരക്കണക്കിന് കർഷകർ ഇന്ന് ആശ്വാസത്തിന്റെ നെടുവീർപ്പുയർത്തുകയാണ്. നാളികേരത്തിനും റബ്ബറിനും വമ്പിച്ച തോതിൽ വിലവർദ്ധിച്ചിരിക്കുകയാണ്. മണ്ഡരിയും മറ്റു വിപത്തുക്കളുമൊക്കെയുണ്ടെങ്കിലും കർഷകർ ഇന്ന് ഒരു പരിധിവരെ സംതൃപ്തരാണ് എന്നത് നിഷേധിക്കാൻ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾക്ക് സാധ്യമല്ല. ജിമ്മിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ധാരാളമായി ഇവിടെ പറഞ്ഞു. അമ്പതിനായിരം കോടി രൂപ പ്രതീക്ഷിച്ചു. പതിനൊന്നായിരം കോടി രൂപ വന്നു. ഇപ്പോൾ അതും ഇല്ല എന്നു പറഞ്ഞ് നിങ്ങൾ ആശ്വാസം കൊള്ളുകയാണ്, സന്തോഷിക്കുകയാണ്. ഇതൊരു തരം സാഡിസമാണ്. കേരളത്തിന്റെ രാഷ്ട്രീയമായ വരട്ടു തത്വശാസ്ത്രം ഈ രാജ്യത്തെ പടുകുഴിയിലേക്കാണ് എത്തിക്കുന്നതെന്നുള്ള വസ്തുത ഗൗരവപൂർവ്വം വിലയിരുത്തുന്നവരാണ് കേരളത്തിലെ ജനങ്ങൾ. ലക്ഷക്കണക്കിനു പണിയില്ലാത്തവരുണ്ട്. തൊഴിൽ സംരംഭകർ കടന്നുവരാൻ മടിക്കുന്ന ഒരു സാഹചര്യത്തിൽ രണ്ടരവർഷക്കാലത്തെ ദീർഘമായ, കഠിനമായ അധ്വാനത്തിന്റെ ഫലമായിട്ടാണ് ബഹുമാന്യനായ വ്യവസായവകുപ്പുമന്ത്രി ഇത്തരമൊരു സംരംഭം ഇവിടെ വിജയിപ്പിക്കുവാൻ നിങ്ങളുടെയൊക്കെ സഹായം തേടിയത്. അങ്ങനെ നിങ്ങളുടെ കൂട്ടായ്മ ഉറപ്പുവരുത്തി, സമവായത്തിലൂടെ ജിം വിജയിപ്പിക്കാൻ സാഹചര്യം ഒരുക്കിയിട്ടുള്ളത്. അതിനുശേഷം ഓരോ വിഷയത്തിലും ഈ രാജ്യത്തെ വ്യവസായ സംരംഭകരെ എങ്ങനെ അകറ്റാൻ സാധിക്കുമോ ആ രൂപത്തിൽ ഈ രാജ്യം മുടിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇവിടെ നിങ്ങൾ പ്രവർത്തിച്ചിട്ടുള്ളത്. നിങ്ങൾക്ക് അതു നിഷേധിക്കാൻ സാധ്യമല്ല. മാറാടായിരുന്നാലും മുത്തങ്ങയായിരുന്നാലും ഈ രാജ്യത്ത് അസംതൃപ്തി വളർത്താൻ, ഈ രാജ്യത്തെ ജനങ്ങളെ ഈ ഗവൺമെന്റിനെതിരായി തിരിച്ചു വിടാനും അതുവഴി വ്യവസായ സംരംഭകരെ ഇങ്ങോട്ട് അടുപ്പിക്കാതെയിരിക്കാനും അതുവഴി ഈ രാജ്യത്തെ ലക്ഷക്കണക്കിനുവരുന്ന തൊഴിൽരഹിതരുടെ ഇടയിൽ അരാജകത്വം സൃഷ്ടിക്കാനുമുള്ള പ്രവർത്തനമാണ് കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഒച്ചിന്റെ വേഗതയിലാണ് "ജിം"-ന്റെ വിജയം എന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയുടെ ദുഃഖം ഈ രാജ്യത്തിന്റെ ദുഃഖമായി മാറുമെന്ന താക്കീത് ഞാൻ നിങ്ങൾക്ക് നൽകാൻ പോകുകയാണ്. അതിൽ യാതൊരു സംശയവുമില്ല. "ജിം" വിജയിച്ചില്ലെങ്കിൽ, അതിനെ തകർക്കാൻ നിങ്ങൾ ആസൂത്രിതമായ പ്രവർത്തനം നടത്തി എന്ന് ചരിത്രം വിലയിരുത്തുമെന്നുള്ളതുകൊണ്ടാണ് നിങ്ങളെ ഒന്നാം പ്രതിയായി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. ടെക്നോപാർക്കിലെ നാലു ജീവനക്കാരെ കാരണം കാണിച്ചു പുറത്താക്കിയപ്പോൾ, അവർക്ക് എല്ലാ ആനുകൂല്യങ്ങളും കൊടുത്തപ്പോൾ, കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ആയിരത്തിലധികം ആളുകളെ സമരരംഗത്തിറക്കി, ടെക്നോപാർക്ക് എന്നു പറയുന്ന, നമുക്കൊക്കെ അഭിമാനിക്കാൻ കഴിയുന്ന ഒരു സ്ഥാപനം തകർക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം നിങ്ങൾ നടത്തിയില്ലേ എന്നു വീണ്ടും ഞങ്ങൾ ചോദിക്കുകയാണ്. അതുകൊണ്ട് എനിക്കു പറയാനുള്ളത് നിങ്ങൾ സഹകരിക്കണമെന്നാണ്. ചുമർ ഉണ്ടെങ്കിൽ മാത്രമേ ചിത്രം വരയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുകയുള്ളൂ. നിങ്ങൾക്ക് അറിയാം, 2004 ഫെബ്രുവരിയിൽ Investors meet നടക്കാൻ പോകുകയാണ് എന്നത് നല്ലതാണ്. സംരംഭകർ കടന്നു വരണം. ചിത്രം വരയ്ക്കണമെങ്കിൽ അതിനൊരു ചുമരുണ്ടാകണം. അതു നിങ്ങൾക്കും നല്ലതാണ്. അന്ധമായ വിരോധത്തോടുകൂടി ഒരു പ്രസ്ഥാനത്തെ, ഒരു സംസ്ഥാനത്തെ തകർക്കുന്ന നീക്കത്തിൽ നിന്നും നിങ്ങൾ പിൻവാങ്ങണം എന്നാണ് എനിക്കു പറയാനുള്ളത്. ഭക്ഷ്യസംസ്കരണ രംഗത്ത്, കാക്കഞ്ചേരിയിൽ ബഹുമാന്യനായ രാഷ്ട്രപതി രാജ്യത്തിനു സമർപ്പിച്ചിട്ടുള്ള നമ്മുടെ ഭക്ഷ്യസംസ്കരണ കേന്ദ്രം അഭിമാനകരമായിട്ടുള്ള ഒരു സ്ഥാപനമാണ്. പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കാനും പുനരുദ്ധരിക്കാനും ഒട്ടേറെ പരിപാടികൾ ഗവർണ്ണർ ഇവിടെ പ്രസംഗിച്ച നയപ്രഖ്യാപനത്തിൽ വ്യക്തമായി സൂചിപ്പിച്ചിരുന്നു. നമ്മുടെ രാജ്യത്തെ റോഡിന്റെ സ്ഥിതിയെന്താണ്? ഇന്ന് എന്തെങ്കിലും പരാതിയുണ്ടോ? നമ്മുടെ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ, ജനങ്ങളുടെ ആരോഗ്യനില വീണ്ടെടുക്കാൻ നല്ല റോഡ് നൽകാൻ പ്രഗൽഭനായ ഡോ. മുനീറിനു സാധിച്ചു എന്ന കാര്യം ആരു നിഷേധിക്കും? എല്ലാ ഭാഗത്തു നിന്നും ഫണ്ട് ശേഖരിച്ച്, വളരെ മനോഹരമായ, മിനുക്കമുള്ള റോഡുകളാക്കി നമ്മുടെ റോഡുകളെ മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു. ലോകബാങ്കിന്റെ സഹായത്തോടുകൂടി 330 കി.മീറ്റർ റോഡിന്റെ പണി പൂർത്തിയായി. ഇനിയും 330 കി. മീറ്റർ റോഡിന്റെ പണി പൂർത്തീകരിക്കാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ കയ്യിൽ കെട്ടുകണക്കിനു കടലാസ്സുകളുണ്ട്. എന്താണ് ഇതിലൊക്കെ വിശദീകരിച്ചിരിക്കുന്നതെന്നു നോക്കാം. തിരുമേനി അഭിവന്ദ്യ മെത്രാപൊലീത്ത ആരോപണം ഉന്നയിച്ചു. ലോകായുക്തിനു വിട്ടു. എന്നാൽ മുമ്പ് നിങ്ങളുടെ സമീപനം എന്തായിരുന്നു? ലോകായുക്തിനും വിടില്ല, ഒന്നിനും വിടില്ല എന്നു പരസ്യമായി പറഞ്ഞ ഭരണാധികാരികളായിരുന്നു അന്നുണ്ടായിരുന്നത്. മഹാരഥന്മാരായ വിദ്യാഭ്യാസമന്ത്രിമാർ ഭരിച്ച സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ രണ്ടര വർഷത്തിനുശേഷം നൂറുകണക്കിനു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ വന്നു. എന്തെങ്കിലുമൊരു ആരോപണം ഉന്നയിക്കാൻ ഇതുവരെ സാധിച്ചിട്ടുണ്ടോ? ഇപ്പോൾ ഉന്നയിച്ചിരിക്കുന്നത് രണ്ടരലക്ഷം രൂപയുടെ ആരോപണമാണ്. എൽ.പി. സ്കൂളിലെ വാദ്ധ്യാന്മാരുടെ പോസ്റ്റിനുവേണ്ടി അഞ്ചും ആറും ലക്ഷം രൂപവരെ കൊടുക്കണം. ഒരു ബി. എഡ്. കോളേജിന്റെ കാര്യത്തിൽ രണ്ടര ലക്ഷം രൂപയുടെ ആരോപണമാണ് നിങ്ങൾ ഉന്നയിച്ചതെന്നു പറയുമ്പോൾ എത്ര ബാലിശമായ ഒരു ആരോപണമാണ് നിങ്ങൾ ഉന്നയിച്ചതെന്ന് ഓർക്കണം. 500 കോടി രൂപയുടെ ആരോപണമുന്നയിച്ചത് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വലതുഭാഗത്തിരുന്ന, അദ്ദേഹത്തിന്റെ മനസ്സാക്ഷി സൂക്ഷിപ്പുകാരനായ പി. സി. ജോർജ് ആണെന്നുള്ള കാര്യം നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കാൻ കഴിയുമോ? പ്ലസ് ടു മാർഗ്ഗരേഖ ഇല്ലാതെ - ഹൈക്കോടതി. ഇത് മാതൃഭൂമി പത്രത്തിൽ വന്നതാണ്. പ്ലസ് ടു-ലോകായുക്തിനെ സമീപിക്കാൻ ശ്രീ. എ. കെ. ആന്റണി മടിക്കുന്നു- ശ്രീ. പിണറായി വിജയൻ. ഇത് ലോകായുക്തിന് കൊടുത്തപ്പോൾ നിങ്ങൾക്ക് പുച്ഛമാണ്. പക്ഷെ ആ ലോകായുക്തിനുപോലും കൊടുക്കാതെ ശ്രീ. പിണറായി വിജയൻ ഞങ്ങളോട് ആഹ്വാനം ചെയ്തത് ഈ നിയമസഭയിൽ വച്ചാണ്. പ്ലസ് ടു ലിസ്റ്റ് ഹൈക്കോടതി റദ്ദാക്കി, പുതിയ ലിസ്റ്റ് 22-ന് മുൻപ്, അൺ എയിഡഡ് സ്കൂളുകൾ പരിഗണിക്കണം എന്നത് മലയാള മനോരമ പത്രം 8-7-2000-ൽ പ്രസിദ്ധീകരിച്ചതാണ്. 'പ്ലസ് ടു അനേഷണവുമില്ല ചർച്ചയുമില്ല' അന്നത്തെ മുഖ്യമന്ത്രിയുടെ സമീപനം അതായിരുന്നു. അന്നത്തെ മുഖ്യമന്ത്രി പറഞ്ഞതാണ്. പ്ളസ് ടു ശ്രീ. പി. ജെ. ജോസഫ് ധൃതി കാണിച്ചു, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്. പ്ളസ് ടു സ്കൂളുകളുടെ എണ്ണം കൂട്ടിയത് മന്ത്രിയുടെ സമ്മർദ്ദം മൂലം, വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും സി.പി.എം വിശദീകരണം തേടി. പ്ളസ് ടു കോഴക്കണക്കുമായി സ്കൂൾ മാനേജർമാർ. പ്ളസ് ടു കിട്ടാൻ 10 ലക്ഷം രൂപയും രണ്ട് പോസ്റ്റും. ആർക്കാണ് ഈ രണ്ട് പോസ്റ്റെന്നോ ഒന്ന് വൻപാർട്ടിക്ക് രണ്ടാമത്തേത് ചെറിയ പാർട്ടിക്ക്. അങ്ങനെ എത്രയെത്ര കെട്ടുകണക്കിനുള്ള മാനംകെട്ട കടലാസ്സുകളാണ് പഴയ രേഖകളാണ് എന്റെ കൈയിൽ ഇവിടെയുള്ളത്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് നിങ്ങളുടെ മന്തുകാല് വച്ച് ഞങ്ങളെ വിമർശിച്ചാൽ അത് നടപ്പുള്ള കാര്യമല്ല. ശ്രീ. നാലകത്ത് സൂപ്പിയെ ജനങ്ങൾക്ക് അറിയാം, M.S.F.-ലൂടെ പൊതുജനരംഗത്ത് പ്രവർത്തിച്ചിട്ടുള്ള ആളാണ് ശ്രീ. സൂപ്പി. പെരിന്തൽമണ്ണ മലപ്പുറം ജില്ലയിലാണ്. ഓരോ തെരഞ്ഞെടുപ്പിലും തിളക്കമാർന്ന വിജയത്തിലൂടെയാണ് ശ്രീ. നാലകത്ത് സൂപ്പി ഈ നിയമസഭയിൽ കടന്നുവരുന്നത്. ഏതുതരത്തിലുള്ള അനേഷണവും നേരിടാൻ ശ്രീ. നാലകത്ത് സൂപ്പി തയ്യാറാണ്, മുസ്ലീം ലീഗ് തയ്യാറാണ്. നിങ്ങളുടെ കാലത്ത് എത്രയെത്ര ആരോപണങ്ങളാണ് ശ്രീ. ജി. സുധാകരൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കഴിഞ്ഞ നിയമസഭയിൽ വളരെ ശക്തമായി വിദ്യാഭ്യാസ കച്ചവടത്തിനെതിരായി ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചത് സി.പി.എം-ന്റെ പ്രവർത്തകനായിരുന്നു. അതുപോലെതന്നെ പി. ജെ. ജോസഫ് നിയമസഭയിൽ വന്നതിന്റെ 25-ാം വാർഷികം ആഘോഷിച്ചപ്പോൾ സഖാവ് ഇ. കെ. നായനാർ വളരെ ശക്തമായി P. J. ജോസഫിനെ വിമർശിച്ചത് അന്നത്തെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് എന്റെ പക്കലുണ്ട്.

11.00 A.M.]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മോയിൻകുട്ടി ഇപ്പോൾ പറഞ്ഞത് ഏതു തരത്തിലുള്ള അനേഷണത്തിനും തയ്യാറാണ് എന്നാണ്. സിറ്റിംഗ് ജഡ്ജിയുൾപ്പെടെയുള്ള അനേഷണത്തിന് തയ്യാറാണെന്നാണോ മുസ്ലീം ലീഗ് പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി : മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം മുസ്ലീം ലീഗിന്റെ കൈകൾ പരിശുദ്ധമാണ്. ഏത് അന്വേഷണത്തിനും സംഘടന തയ്യാറാണ്. ഇതൊക്കെ തീരുമാനിക്കേണ്ടതും പറയേണ്ടതും സംഘടനയിലെ ഉത്തരവാദപ്പെട്ട ആളുകളാണ്, കാബിനറ്റാണ്. ആധികാരികമായി പറയേണ്ടത് അവരാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ വച്ചുകൊണ്ട് കേരള സംസ്ഥാനത്തെ കീഴ്വഴക്കങ്ങൾ നിലനിർത്തിക്കൊണ്ട് അതിനേക്കാൾ മെച്ചപ്പെട്ട ഏതന്വേഷണത്തിനും തയ്യാറാണെന്നല്ലേ അങ്ങ് പറഞ്ഞത്.

ശ്രീ. സി. മോയിൻകുട്ടി : തീർച്ചയായും. മുസ്ലീം ലീഗിന് ഇതിൽ ഒളിച്ചുവയ്ക്കാൻ ഒന്നുമില്ല. ശ്രീ. എ. കെ. ബാലൻ എന്തെല്ലാം പറഞ്ഞു. അദ്ദേഹം പറഞ്ഞത് തമാശയായിട്ടെടുക്കാൻ നമുക്കാവില്ല. ഞങ്ങളുടെ വിശ്വാസപ്രമാണത്തിൽ തൊട്ടാണ് അദ്ദേഹം കളിയാക്കിയിട്ടുള്ളത് എന്നുമാത്രം പറഞ്ഞുനിർത്തുകയാണ്. നമ്മളെ വേദനിപ്പിക്കുന്ന തരത്തിലുള്ള പരാമർശമാണ് അദ്ദേഹം നടത്തിയത്. ഒരു പരിണതപ്രജ്ഞനായിട്ടുള്ള, നിയമസഭയും പാർലമെന്റും കണ്ടിട്ടുള്ള എ. കെ. ബാലനിൽ നിന്നുമുണ്ടായ പരാമർശം അങ്ങേയറ്റം ഖേദകരമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. സി. മോയിൻകുട്ടി പറഞ്ഞതിനെ പരാമർശിച്ചുകൊണ്ട്.....

ശ്രീ. സി. മോയിൻകുട്ടി : ഞാൻ വഴങ്ങുന്നില്ല..... മാറാട് സംഭവത്തിന്റെ പേരിൽ ഒരു തുള്ളി രക്തംപോലും ചിന്താതെ.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ്.....പ്ളീസ്..... What is your point of Order?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മോയിൻകുട്ടി മുസ്ലീംലീഗ് ഏതുതരത്തിലുള്ള അന്വേഷണത്തിനും തയ്യാറാണെന്നു പറഞ്ഞതിനെ വ്യാഖ്യാനിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് അദ്ദേഹം പറഞ്ഞതിൽ നിന്നും വ്യത്യസ്തമായിട്ടാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് ജുഡീഷ്യൽ അന്വേഷണത്തിനുൾപ്പെടെ മുസ്ലീം ലീഗ് തയ്യാറാണെന്നും മുഖ്യമന്ത്രി എതിരാണെന്നുമാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. സി. മോയിൻകുട്ടി : മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം ഇതിൽ ഭയപ്പെടേണ്ട ഒരു കാര്യവുമില്ല. ഇതൊരു ഈർക്കിൽ പാർട്ടി അല്ല. ശക്തമായ അടിവേരുള്ള ഒരു പ്രസ്ഥാനമാണ് മുസ്ലീം ലീഗ്. വ്യക്തമായ നേതൃത്വമുണ്ട്.

മുസ്ലീം ലീഗ് തെറ്റ് ചെയ്തിട്ടില്ല. ആരോ പണം ചോദിച്ചു എന്ന് ആരോപിച്ച് അതിന് ശ്രീ. നാലകത്ത് സൂപ്പി സമാധാനം പറയണമെന്നാണ് പറയുന്നത്. ഇൻഡ്യാ രാജ്യത്ത് പല സംസ്ഥാനങ്ങളും കത്തിയെരിഞ്ഞപ്പോൾ ഇൻഡ്യാ രാജ്യത്തെ നിലനിർത്തിയത് മുസ്ലീം ലീഗാണ്. മാറാട് പ്രശ്നമുണ്ടായപ്പോൾ ഒരു തുള്ളി രക്തം പോലും.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : Please resume your Seat.

ശ്രീ. സി. മോയിൻകുട്ടി : മാറാട് പ്രശ്നമുണ്ടായപ്പോൾ ഒരു തുള്ളി രക്തംപോലും ചിന്താഗത പ്രശ്നം പരിഹരിച്ചതിന് ഒരു നല്ല വാക്ക് നിങ്ങൾ ഇതുവരെ പറഞ്ഞിട്ടില്ല.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : Please resume your Seat.

ശ്രീ. സി. മോയിൻകുട്ടി : എനിക്ക് രണ്ടു മിനിറ്റ് സമയംകൂടി വേണം. പോയിന്റ് ഓഫ് ഓർഡറിന് കൊടുത്ത സമയംകൂടി വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു മിനിറ്റ് തരാം.

ശ്രീ. സി. മോയിൻകുട്ടി : എനിക്ക് അടുത്തതായി പറയുവാനുള്ളത് പോലീസിനെക്കുറിച്ചാണ്. ആഭ്യന്തര വകുപ്പ് കയ്യാളുന്ന മുഖ്യമന്ത്രിയോട് എനിക്കൊരു കാര്യം പറയാനുണ്ട്. ഇവിടെ ക്രമസമാധാന നില വളരെ ഭദ്രമാണ്. അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ അങ്ങേയറ്റം ആദരിക്കുന്നു, അഭിമാനിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ജനനേതാക്കൻമാർക്കും, ജനപ്രതിനിധികൾക്കും ഏതെങ്കിലും തരത്തിലുള്ള ഒരു പ്രയാസം പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നുമുണ്ടായാൽ അത് പ്രയാസകരമാണ്. ഇതിൽ ചിലരെങ്കിലും മുതലെടുപ്പ് നടത്തുന്നുണ്ട്. ഞങ്ങൾ തീവ്രവാദത്തിനും ഭീകരവാദത്തിനും എതിരായി പ്രവർത്തിക്കുന്നു.....(മൈക്ക് ഓഫ്).....ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലത്തെ നന്ദിപ്രമേയങ്ങളുടെ തനി ആവർത്തനവും അതിലുണ്ടായിരുന്ന പ്രഖ്യാപനങ്ങൾ വീണ്ടും ആവർത്തിക്കപ്പെടുകയുമാണ് ഈ നന്ദിപ്രമേയത്തിലൂടെയും ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ ചെയ്തിട്ടുള്ളത്. ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് വാഗ്ദാനങ്ങളുടെ വലിയൊരു പെരുമ്പറ ശബ്ദം സൃഷ്ടിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നിട്ട് മൂന്നുവർഷക്കാലത്തോടടുക്കുമ്പോൾ നിർഭാഗ്യവശാൽ നന്ദി പ്രമേയത്തിലെ ചർച്ചയിൽപ്പോലും ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള നേട്ടങ്ങൾ അക്കമിട്ട് ചൂണ്ടിക്കാണിക്കുവാൻ ബഹുമാന്യരായ പ്രഗൽഭരായ ഭരണപക്ഷത്തുള്ള എം.എൽ.എ.-മാർ പോലും തയ്യാറായിട്ടില്ല എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കഴിഞ്ഞ തവണ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത് ശ്രദ്ധാപൂർവ്വം കേട്ടിരുന്ന ആളാണ് ഞാൻ. ഈ ഗവൺമെന്റ് ഒരു പുതിയ ദിശാബോധത്തിലേക്ക് നീങ്ങുന്നു എന്ന് വായ് തോരാതെ പ്രസംഗിച്ച ആളാണ് അദ്ദേഹം. നിർഭാഗ്യവശാൽ ഇത്തവണ ഈ നന്ദിപ്രമേയത്തിന്റെ ചർച്ച തന്നെ ഗതി മാറ്റി വിടത്തക്കവിധത്തിൽ ഈ നന്ദിപ്രമേയത്തെ സംബന്ധിച്ചോ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചോ പരാമർശിക്കാതെ അദ്ദേഹത്തിന് പ്രസംഗിക്കേണ്ടി വന്നു. അദ്ദേഹം ഉൾപ്പെടെയുള്ള ആളുകൾ അങ്ങനെ പറയേണ്ടി വന്നത് ഗവൺമെന്റിന്റെ പരാജയം കൊണ്ടുതന്നെയാണ്. ഏറ്റവും വലിയ വാഗ്ദാനമായിരുന്നു കേരളത്തിലെ സാമൂഹ്യപ്രശ്നമായിട്ടുള്ള തൊഴിലില്ലായ്മ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ചെറുപ്പക്കാരുടെ മുന്നിൽ ഈ ഗവൺമെന്റ് വളരെ വ്യക്തമായ ഒരു വാഗ്ദാനം നൽകി. ഞങ്ങൾ അധികാരത്തിൽ വന്നാൽ 15 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇപ്പോൾ മൂന്നു വർഷക്കാലം കഴിയുകയാണ്. എന്താണ് തൊഴിലില്ലായ്മയുടെ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട്? കഴിഞ്ഞ 2002 ജനുവരി മാസം 1 മുതൽ ഇവിടെ നിയമന നിരോധനമായിരുന്നു. സമ്പൂർണ്ണമായിട്ടുള്ള നിയമന നിരോധനം പുറപ്പെടുവിച്ചിട്ടുള്ള ഒരു ദീർഘമായിട്ടുള്ള ഒരു കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ഈ നിയമസഭയിലെ ഭരണപക്ഷത്തുള്ള ചെറുപ്പക്കാരെല്ലാം കയ്യടിച്ചു പ്രോത്സാഹിപ്പിച്ചു. ധനകാര്യ വകുപ്പുമന്ത്രി തല ഉയർത്തി പറഞ്ഞു. കേരളത്തിലെ ചെറുപ്പക്കാർക്ക് ഇതാ 200 കോടി രൂപയുടെ തൊഴിൽദാന പദ്ധതി പ്രഖ്യാപിക്കുന്നുവെന്ന്. അപ്പുറത്തിരുന്നവർ എത്ര സമയമാണ് കയ്യടിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മന്ത്രിമാരും മറുപടി പറയുമ്പോൾ പ്രത്യേകം പറയണം. ആ 200 കോടി രൂപയിൽ ഒരു നയാപൈസ ഈ കേരളത്തിലെ ചെറുപ്പക്കാർക്കുവേണ്ടി ചെലവഴിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നുള്ളത് ഈ ഗവൺമെന്റിന്റെ ദയനീയമായ പരാജയമാണ്. അത് കഴിഞ്ഞ് വീണ്ടും പ്രഖ്യാപനം വന്നു. എന്താണ് പ്രഖ്യാപനം? ജിം.....ജിം.....ജിം..... രാജ്യം ആകെ പാടി നടന്നു. കേരളത്തിലെ ഒരു ലക്ഷം ചെറുപ്പക്കാർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചത് ബഹുമാന്യനായ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയും ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയുമല്ലേ? ഞാൻ ബഹുമാന്യനായ ശ്രീ. ഗണേഷ്കുമാറിന്റെ പ്രസംഗം കേട്ടു. പ്രതിപക്ഷം എതിരാണ് പോലും. ഞങ്ങൾ സന്തോഷിക്കുകയാണ് പോലും. ഇത്രയും മോശമായ തരത്തിൽ പറയാമോ? ആഗോള നിക്ഷേപ സംഗമത്തിന്റെ സമ്മേളനം നടന്നപ്പോൾ കേരളത്തിലെ പത്രമാധ്യമങ്ങൾ മുഴുവൻ എഴുതി. നിങ്ങൾക്ക് പിന്നാലെ സഞ്ചരിക്കുന്ന മലയാള മനോരമയും ഏറ്റവും ശ്രദ്ധേയമായ വാർത്ത എഴുതിയത് എന്താണ് എന്ന് അറിയുമോ? ആ ''ജിം''-ൽ ഏറ്റവും ശ്രദ്ധേയമായ പ്രസംഗം പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റേതായിരുന്നു എന്നാണ്. ഇത് കേരളത്തിലെ ഞങ്ങൾ എതിർക്കുന്ന വർത്തമാന പത്രങ്ങളിൽ പോലും എഴുതേണ്ടി വന്നു. നിക്ഷേപകർ വരട്ടെ, ഞങ്ങൾ പിന്തുണയ്ക്കുമെന്ന് പറഞ്ഞു. എന്തുണ്ടായി? എല്ലാവരും എഴുതിയതല്ലേ? ശ്രീ. മോയിൻകുട്ടി പറയുന്നത് ഞങ്ങളാണ് കുറ്റക്കാരെന്ന്. ഞങ്ങൾ എന്തു പിഴച്ചു? നിങ്ങൾ പരാജയപ്പെട്ടു. പരാജയപ്പെട്ടതിന് ഉത്തരവാദി ഈ ഗവൺമെന്റാണ്. ഇന്നലെ ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ വിശദീകരിക്കുകയുണ്ടായി. തമ്മിൽ തല്ലുന്ന, തമ്മിൽ കലഹിക്കുന്ന ഒരു കൂട്ടുത്തരവാദിത്വമില്ലാത്ത, ഒരു ഗവൺമെന്റുണ്ടോ എന്ന് സംശയിക്കുന്ന, സമ്പൂർണ്ണമായ ഭരണ സ്തംഭനം ഉണ്ടായ ഈ കേരളത്തിൽ ഏതെങ്കിലും ബുദ്ധിയുള്ള ഒരാൾ വരുമോ? നിങ്ങൾ പരസ്പരം കടിച്ചുകീറുന്ന സമയത്ത് കേരളത്തിൽ ഒരു നിക്ഷേപകരും വരില്ല. ആഗോള നിക്ഷേപ സംഗമത്തെ പരാജയപ്പെടുത്തിയത് ഭരണപക്ഷക്കാരാണ് എന്നുള്ള വസ്തുത വിസ്മരിക്കരുത്. ഇവിടെ ബഹുമാന്യമായ ആരോഗ്യ വകുപ്പുമന്ത്രി തല ഉയർത്തി ഇന്നലെ ഈ നയപ്രഖ്യാപനത്തിലും പറയുന്നു, ഈ ആരോഗ്യ മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉണ്ടാകാൻ പോകുന്നുവെന്ന്. ഞങ്ങൾ ഇവിടെ സ്വാശ്രയ കോളേജുകളേയും സ്വകാര്യ പങ്കാളിത്തത്തേയും സംബന്ധിച്ച് നേരത്തേ സൂചന നൽകിയിട്ടുള്ളതാണ്. ഇപ്പോൾ ഈ കേരളത്തിൽ നടക്കുന്ന വിദ്യാഭ്യാസ വിവാദം കേരളത്തിലെ ജനങ്ങൾ ചെറുതായി കാണുന്നില്ല. കാരണം, കേരളത്തിലെ സമസ്ത പുരോഗതിയുടേയും അടിസ്ഥാനശില ഏതാണെന്ന് ചോദിച്ചാൽ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം വിദ്യാഭ്യാസമായിരുന്നു. ഈ വിദ്യാഭ്യാസരംഗത്ത് സ്വകാര്യ പങ്കാളിത്തം കൊണ്ടുവന്നപ്പോൾ കേരളത്തിലെ ഉത്തരവാദപ്പെട്ട പ്രതിപക്ഷാംഗങ്ങൾ വളരെ ഗൗരവത്തോടെ പറഞ്ഞു, വളരെ ആലോചിച്ച് കൈകാര്യം ചെയ്യണം. ജാഗ്രതയായി കൈകാര്യം ചെയ്യണം എന്ന്. അവസാനം എന്തുണ്ടായി. 50 ശതമാനം മെരിറ്റ്. 50 ശതമാനം മാനേജുമെന്റ്. ബഹുമാന്യമായ ശ്രീ. മോയിൻകുട്ടി ഇപ്പോൾ പറയുകയാണ്, ബി.എഡ്. കോളേജിന്റെ കാര്യത്തിൽ കൈ ശുദ്ധമാണെന്ന്. നാണക്കേട്. അല്ലാതെ എന്തു പറയാനാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നു കേരളത്തിലെ ഗവൺമെന്റ് തയ്യാറാക്കിയ ലിസ്റ്റ് ഹൈക്കോടതിയിൽ സീനിയർമാരായിട്ടുള്ള അഡ്വക്കേറ്റുമാരുടെ കമ്മീഷനെ വച്ച് പരിശോധിക്കുമെന്ന്. അങ്ങനെ പറയുന്ന തരത്തിൽ കളങ്കമുണ്ടാക്കി. നാണക്കേടുണ്ടാക്കിയിട്ടും പറയുന്നു നമ്മുടെ കൈ ശുദ്ധമാണെന്ന്. ആരോഗ്യ രംഗത്ത് സ്വകാര്യ പങ്കാളിത്തം. നിങ്ങൾക്കറിയാം മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ (എം.ഒ.യു.) ഒപ്പു വച്ചിരിക്കുകയാണ്. ആഗോള നിക്ഷേപ സമാഹരണത്തിൽ ആകെ കിട്ടിയ സാധനം അതാണ്. അതിന്റെ ഭാഗമായി കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടു വരുമെന്ന് ആവർത്തിച്ചാവർത്തിച്ച് മന്ത്രി പറയുന്നു. അതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജ്, ഗൾഫിലെ ഏറ്റവും വലിയ ഹോട്ടൽ ശൃംഖല നടത്തുന്ന ഹോളിഡേ ഗ്രൂപ്പിന് കൈമാറിയിരിക്കുകയാണ്. എന്താണ് വ്യവസ്ഥയെന്ന് അറിയുമോ? എന്തിന് നിങ്ങൾ ഈ നിയമസഭയെ ഒളിച്ചു വയ്ക്കുന്നു? എന്തിന് നിങ്ങൾ ഈ നിയമസഭയോട് കള്ളം പറയുന്നു. സ്വാശ്രയ കോളേജിന്റെ പ്രശ്നത്തിൽ എന്തിന് കള്ളം പറയുന്നു. അതിലെ വ്യവസ്ഥകൾ ഞാൻ വായിക്കാം. വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന ഒന്നാമത്തെ കാര്യം, നിലവിലുള്ള കെട്ടിടങ്ങൾ മുഴുവൻ നിക്ഷേപകർക്ക് നൽകും. രണ്ടാമത് കൊടുത്തിരിക്കുന്നത്, ഡോക്ടർമാർ മുതൽ സ്വീപ്പർമാർ വരെയുള്ള ജീവനക്കാരെ മുഴുവൻ നൽകും. മൂന്നാമത്തേത്, നിലവിലുള്ള യന്ത്രസാമഗ്രികൾ മുഴുവൻ നൽകും. നാലാമത്തേത്, ആവശ്യാനുസരണം രോഗികളെ നൽകും എന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. എന്താണ് നിക്ഷേപകർ ചെയ്യേണ്ടത് എന്ന് അറിയുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഏറ്റവും വലിയ അപകടം ഈ വ്യവസ്ഥയിലാണ്. കുറഞ്ഞ ചികിത്സ. അതാണ് സർക്കാർ നിക്ഷേപകരോട് പറയുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മനസ്സിലാക്കണം. ഇവിടെ പലരും ചികിത്സയ്ക്ക് അമേരിക്കയിലും ലണ്ടനിലും പോകുന്നു. പക്ഷേ കേരളത്തിലെ സാധാരണക്കാരുടെ അമേരിക്കൻ ചികിത്സ മെഡിക്കൽ കോളേജിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഈ മെഡിക്കൽ കോളേജുകൾ ക്രമേണ സമ്പൂർണ്ണമായ സ്വകാര്യവൽക്കരണത്തിലേക്കുള്ള ചുവടുവയ്പാണ്. ഇന്നലെ നമ്മുടെ പാർട്ടിയെ സംബന്ധിച്ച് ബഹുമാന്യനായ ബിനോയ് വിശ്വം പരാമർശിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ശ്രീ. കെ. എൻ. എ. ഖാദർ, സത്യത്തിൽ നമ്മുടെ പ്രസ്ഥാനത്തിന്റെ കൃപാകടാക്ഷം കൊണ്ടാണ് ഇന്നത്തെ കെ. എൻ. എ. ഖാദർ ആയത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ചില വളർത്തുമൃഗങ്ങളുണ്ട്. വീട്ടുകാർ തേനും പാലും കൊടുത്തു വളർത്തും, അവസാനം വീട്ടുകാരുടെ കയ്യിൽ കടിച്ചിട്ട് നാടുവിട്ടു പോകും. അതുപോലെയാണിത്. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയെ സംബന്ധിച്ച് അതിന്റെ ചരിത്രവും പാർട്ടിയുടെ ജീവിതവും നേതാക്കൻമാരുടെ ജീവിതവുമൊക്കെ വളരെ സുതാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഒരിക്കൽകൂടി ശക്തിയായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : സർ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ രണ്ടര വർഷക്കാലത്തെ ഭരണം കൊണ്ട് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കാൻ കഴിഞ്ഞു എന്നത് നമുക്ക് ഏവർക്കും അഭിമാനിക്കാവുന്നതാണ്. ദേശീയ സാമ്പത്തിക വളർച്ച 4.3% ആയിരിക്കെ കേരളത്തിന്റെ സാമ്പത്തിക വളർച്ച 6.1% ആയിട്ട് നേടിയെടുക്കുവാൻ സാധിച്ചതിൽ നമുക്ക് അഭിമാനിക്കാം. അതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. ഇതിൽ ഞാൻ ഈ സർക്കാരിനെ അഭിനന്ദിക്കുകയാണ്. ഈ രീതിയിൽ ഈ ഗവൺമെന്റ് മുന്നോട്ടു പോയാൽ ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ 8 ശതമാനത്തിലേറെ സാമ്പത്തിക വളർച്ച കാഴ്ച വയ്ക്കുവാൻ സാധിക്കും എന്നതിൽ സംശയമില്ല. അതിന് എല്ലാവരുടേയും സഹകരണം ആവശ്യമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. 2005-2010 കാലഘട്ടത്തിൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന റവന്യൂ ഗ്യാപ്പ് കണ്ടുപിടിക്കുന്നതിനും അത് നികത്തുന്നതിനുമുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള 12-ാമത് ധനകാര്യ കമ്മീഷൻ മുമ്പാകെ കേരളത്തിന്റെ കേസ് ഫലപ്രദമായി അവതരിപ്പിച്ചതിന് ഞാൻ ഗവൺമെന്റിനെ അനുമോദിക്കുന്നു. അത് വളരെ ഭംഗിയായി അവതരിപ്പിക്കാൻ സാധിച്ചത് ഈ ഗവൺമെന്റിന്റെ വളരെ നല്ലതായ ഒരു നേട്ടമാണെന്ന് ഞാൻ ഈ അവസരത്തിൽ സ്മരിക്കുകയാണ്. 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് നമുക്ക് വളരെ ദോഷകരമായിരുന്നു. പ്രസ്തുത കമ്മീഷൻ

മുമ്പാകെ കേരളാ ഗവൺമെന്റ് കേസ് അവതരിപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതിന് അന്ന് നിലവിലുണ്ടായിരുന്ന ഗവൺമെന്റ് പരാജയപ്പെട്ടതിന്റെ കാരണമാണ് അന്നത്തെ അവാർഡ് മോശമാകുവാൻ ഉണ്ടായ സാഹചര്യം. ആ അവസ്ഥ ഇനിയും ആവർത്തിക്കുകയില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. കേരളത്തിന് അർഹമായ സാമ്പത്തിക സഹായം ഉറപ്പുവരുത്തുവാൻ 12-ാം ധനകാര്യകമ്മീഷൻ മുമ്പോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കേരളത്തിലെ നെൽക്കൃഷിയുടെ ഭാവി ഇരുളടഞ്ഞു നിൽക്കുന്ന കാഴ്ച ഉൽക്കണ്ഠാജനകമാണ്. നെല്ലിന് സാമാന്യം മെച്ചപ്പെട്ട വിലയുണ്ടെങ്കിലും നെൽക്കൃഷി ആദായകരമായ ഒരു തൊഴിലായി കണക്കാക്കപ്പെടുന്നില്ല. പ്രത്യേകിച്ചും കായൽ കൃഷി ശ്രമകരവും ചെലവേറിയതുമാണ്. നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞുവരികയാണ്. ഈ പ്രതിസന്ധി പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 6,300 ഹെക്ടർ സ്ഥലത്ത് പ്രയോജനപ്പെടുത്തുന്ന രീതിയിൽ 334 കോടി രൂപയുടെ പുതിയ പദ്ധതികൾ കെ.എൽ.ഡി.സി. യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നത് ഏറെ സന്തോഷകരമാണ്. കൃഷിവകുപ്പിന്റെ പ്രസ്തുത ശ്രമങ്ങൾ പുവണിയട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്. നെൽക്കൃഷിയോടൊപ്പം മൽസ്യക്കൃഷിയും ടൂറിസവും സമന്വയിപ്പിച്ച് അപ്പർ കുട്ടനാടിന്റെ മേഖലകൾ സമ്പുഷ്ടമാക്കാൻ സർക്കാർ തയ്യാറാകണം. നമ്മുടെ സംസ്ഥാനത്ത് വീടില്ലാത്ത 5.5 ലക്ഷം ആളുകളും വാസയോഗ്യമായ വീടുകൾ ഇല്ലാത്ത 5 ലക്ഷം പേരുമുള്ള കാര്യം വിസ്മരിക്കത്തക്കതല്ല. അവർക്കൊക്കെ വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ഹൗസിംഗ് ബോർഡിന്റെ പരിശ്രമങ്ങൾ സ്വാഗതാർഹമാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സുരക്ഷാ പാർപ്പിട പദ്ധതി ശ്രദ്ധേയമാണ്. ലോൺ കം സബ്സിഡി പദ്ധതിയിൽ 38,000 പുതിയ യൂണിറ്റുകൾ അടുത്ത വർഷം നിർമ്മിക്കുമെന്ന പ്രഖ്യാപനം അഭിമാനകരമാണ്. ഫാസ്റ്റ് കോം എന്നപേരിൽ കംപ്യൂട്ടറൈസ്ഡ് സംവിധാനത്തിലൂടെ ഏതൊരു പരാതിക്കും 15 ദിവസത്തിനകം മറുപടി ഉറപ്പുവരുത്തുക എന്ന ഒരു നൂതനമായ പരിപാടി റവന്യൂ വകുപ്പിൽ ആവിഷ്കരിച്ചിരിക്കുന്നത് ആശാവഹമാണ്. ലാന്റ് റിക്കോർഡ് കംപ്യൂട്ടറൈസ് ചെയ്യുന്ന പദ്ധതി ശ്രദ്ധേയമാണ്. അന്തരിച്ച എന്റെ ഭർത്താവിന്റെ ഏറ്റവും വലിയ അഭിലാഷമായിരുന്നു തിരുവല്ലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുക എന്നുള്ളത്. ഗവൺമെന്റ് തലത്തിൽ ആവശ്യമായ എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. യുടെ ആഭിമുഖ്യത്തിൽ കോളേജ് സ്ഥാപിക്കുന്നതിന് ഇന്ന് സ്ഥലമാണ് ലഭിക്കേണ്ടത്. ട്രാവൻകൂർ ഷുഗേർസ് ആന്റ് കെമിക്കൽസ്, പക്ഷി ഗവേഷണകേന്ദ്രം മുതലായ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് വളരെയധികം സ്ഥലം വേസ്റ്റായി ഉപയോഗപ്രദമല്ലാതെ കിടപ്പുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ട്രാവൻകൂർ ഷുഗേർസ് ആന്റ് കെമിക്കൽസിന് 130 ഏക്കർ സ്ഥലം പാഴായി കിടപ്പുണ്ട്. അത്രയും സ്ഥലം ഫാക്ടറികൾക്ക് ആവശ്യമില്ല. അതുപോലെതന്നെ പക്ഷി ഗവേഷണകേന്ദ്രം, അതിനും 11 ഏക്കർ സ്ഥലം തരിശായി കിടപ്പുണ്ട്. ഗവൺമെന്റ് ഈ എഞ്ചിനീയറിംഗ് കോളേജ് സാദ്ധ്യമാകത്തക്കവണ്ണം ഈ സ്ഥലം വിട്ടുകൊടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു പുതിയ കേരളം വാർത്തെടുക്കുന്നതിനുള്ള ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് രാഷ്ട്രീയത്തിനതീതമായ ഒരു കാഴ്ചപ്പാടിൽ ഒരുമിച്ചു നിൽക്കുവാൻ കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ ഭർത്താവ് അന്തരിച്ച ശ്രീ മാമ്മൻ മത്തായിയോട് നിങ്ങൾ ഏവരും കാണിച്ച സ്നേഹത്തിനും ആദരവിനും നന്ദി പറഞ്ഞുകൊണ്ട് നന്ദിപ്രമേയത്തെ വീണ്ടും അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ</u>: സർ, സഖാവ് രാജൻ ബാബു അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. ഫ്രഞ്ച് കവിയും ദാർശനികനുമായ ബോയ്ദേവ് ഒരിക്കൽ പറയുകയുണ്ടായി, ദേശീയ സാഹിത്യത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു, വിശ്വസാഹിത്യത്തിന്റെ യുഗം ആരംഭിച്ചു കഴിഞ്ഞു, ഏവരും അതിന്റെ ഗതിവേഗം വർദ്ധിപ്പിക്കുകയാണ് വേണ്ടത് എന്ന്. അതുപോലെയാണ് ലോകമെമ്പാടും കപടമായ മുദ്രാവാക്യങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു, യാഥാർത്ഥ്യബോധത്തിൽ അധിഷ്ഠിതമായ സാമൂഹിക വികസനത്തിന്റെ കാലം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് കേരള നാട്ടിൽ യു.ഡി.എഫ്. സർക്കാരിന്റെ നായകൻ ശ്രീ. എ. കെ. ആന്റണി വികസനത്തിന്റെ വണ്ടി യാത്രക്കാർക്ക് ഒരുക്കിയത്. എന്നാൽ ഈ വികസന വാഹനത്തിന്റെ സഞ്ചാരപഥത്തിൽ അള്ള് വയ്ക്കുവാനും വണ്ടിതന്നെ എറിഞ്ഞു തകർക്കുവാനുമാണ് സങ്കുചിത വീക്ഷണക്കാരായ ചില രാഷ്ട്രീയ മേലാളൻമാർക്ക് താൽപ്പര്യം. ഞാൻ പേര് വ്യക്തമാക്കി പറയാത്തത് പലരും ഇതിനകത്ത് ഉണ്ട് എന്നുള്ളതുകൊണ്ടാണ്. ഗവർണ്ണർ അക്കാര്യം വളരെ വ്യക്തമായി അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ രണ്ടാം പേജിൽ മൂന്നാം പാരഗ്രാഫിൽ വിശദീകരിക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ അത് വിശദീകരിക്കുന്നില്ല. വഴി സുഗമമാക്കിയാൽ അല്ലേ വണ്ടിക്ക് പുറപ്പെടാൻ കഴിയൂ. വഴി സുഗമമാക്കാനുള്ള ശ്രമമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സാമൂഹിക വികസനത്തിനുള്ള സാദ്ധ്യതകളെ പ്രതികാരപൂർവ്വം തടസ്സപ്പെടുത്താൻ ചിലർ ശ്രമിക്കുന്നത് എന്തുകൊണ്ടാണ്. ശ്രീ. എ. കെ. ആന്റണിക്ക് വമ്പിച്ച ജനപിൻതുണ നൽകി 100 സീറ്റ് നൽകി അധികാരത്തിൽ എത്തിച്ച ജനങ്ങളെ, തങ്ങളെ തോൽപ്പിച്ച ജനങ്ങളെ ഞങ്ങൾ തോൽപ്പിക്കും എന്നുള്ള വാശികൊണ്ടല്ലേ

LIBRARY ARCHIVES Kerala Legislative Assembly

സത്യത്തിൽ ഇങ്ങനെ മൂക്ക് മുറിച്ച് ശകുനം മുടക്കാൻ നിങ്ങൾ ശ്രമിക്കുന്നത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. വൈലോപ്പിള്ളി ശ്രീധരമേനോൻ ഒരിക്കൽ പാടുകയുണ്ടായി

ഇത്തിരി വെട്ടം മാത്രം കാൺമോർ
ഇത്തിരി രാത്രം ചിന്തിക്കുന്നോർ

ഇത് ഇന്ന് ആർക്കെങ്കിലും ശരിക്കും യോജിക്കുമെങ്കിൽ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കു മാത്രമായിരിക്കും. തങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനവും അതിന്റെ സ്ഥാവരജംഗമ സ്വത്തുക്കളും എന്നതിനപ്പുറത്തേക്ക് കാഴ്ചപ്പാടിനെ വികസിപ്പിക്കാൻ ഒക്കാത്ത അൽപ്പബുദ്ധികളായ സ്വാർത്ഥമതികളുടെ കരങ്ങളിൽ കേരളത്തിന്റെ വികസന സ്വപ്നങ്ങൾ ഇനിയും പൊലിയാൻ പാടില്ല. കൃഷിക്കും ടൂറിസത്തിനും ഊന്നൽ നൽകി പരമ്പരാഗത വ്യവസായങ്ങൾക്കും ആധുനിക വ്യവസായ സങ്കേതങ്ങൾക്കും സഹായം വാഗ്ദാനം ചെയ്യുന്ന നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ശകുനം മുടക്കികളുടെ തടസ്സപ്പെടുത്തലുകളെയെല്ലാം അതിനെല്ലാം മുന്നിൽ പതറിനിൽക്കാൻ ഇന്നിയും കേരളത്തിലെ യു.ഡി.എഫ്. സർക്കാർ തയ്യാറല്ല എന്ന സന്ദേശമാണ് നയപ്രഖ്യാപനം നൽകുന്നത്. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗങ്ങളിൽ നമ്മുടെ അന്നത്തെ പ്രശ്നങ്ങൾ അന്നത്തെ ഗവർണ്ണർ സൂചിപ്പിച്ചു. നവീകരിക്കുക, അല്ലെങ്കിൽ നശിക്കുക എന്നാണ് സന്ദേശം. ആ ഒരു സന്ദേശം അക്ഷരാർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് രണ്ടര വർഷം കൊണ്ട് പരിഷ്കരണങ്ങളുടെയും, പുനർനിർമ്മാണത്തിന്റെയും പ്രവർത്തനപഥത്തിൽ ശരിയായ ദിശയിലേക്ക് കേരളത്തിലെ ജനങ്ങളെ നയിക്കുന്ന യു.ഡി.എഫ്. സർക്കാരിന്റെ പുതിയ നയപ്രഖ്യാപനം പ്രതീക്ഷകൾ ഒന്നുകൂടി തൊട്ടുണർത്തുകയാണ്. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി ഇവിടെ ചൂണ്ടിക്കാണിച്ചു, 2002-2003 വർഷത്തിൽ ദേശീയ വളർച്ചാനിരക്ക് 4.3 ശതമാനം ആയിരുന്നു എങ്കിൽ കേരളത്തിന്റെ ആഭ്യന്തരോൽപ്പാദനത്തിന്റെ വളർച്ചാനിരക്ക് 6.1 ശതമാനമായി വർദ്ധിച്ചത് ഈ അസൂയാർഹമായ നേട്ടത്തിന്റെ ഏറ്റവും ഉത്തമമായ ദൃഷ്ടാന്തമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ 11-ാം ധനകാര്യ കമ്മീഷനിൽ നമുക്ക് കിട്ടിയ അവാർഡ് നമുക്ക് വളരെ ദോഷകരമായിരുന്നതാണ്. എന്നാൽ അന്ന് അത് നേടിയെടുക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന് കഴിഞ്ഞില്ല എങ്കിൽ ആ മുൻ ഭരണകൂടത്തിന്റെ സ്ഥാനത്ത് 12-ാം ധനകാര്യ കമ്മീഷനിൽ യഥാർത്ഥ പ്രശ്നങ്ങളെ നാം അവതരിപ്പിച്ച രീതി കമ്മീഷനു തന്നെ മതിപ്പുളവാക്കി എന്നുള്ള ഗവർണ്ണറുടെ പ്രസ്താവം നമുക്ക് കൂടുതൽ നേട്ടങ്ങൾ തരും എന്ന് നമുക്ക് തീർച്ചയാക്കാം എന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയുവാനുള്ളത്. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണ ഫണ്ട് എത്രയും പെട്ടെന്ന് പൂർത്തീകരിക്കും എന്നാണ് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. അത് ഉടനടി പൂർത്തീകരിക്കണം. അതുപോലെതന്നെ ഓരോരോ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം അടിയന്തിരമായി തിട്ടപ്പെടുത്തിക്കൊണ്ട് കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ വ്യവസായങ്ങളെ അടിയന്തിരമായി പുനരുദ്ധരിക്കണം

സർ, പുതിയ മൽസ്യബന്ധന നയത്തിന് രൂപം നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. അതുപോലെതന്നെ സംസ്ഥാന സർക്കാർ ജീവനക്കാർ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട സമ്പത്താണ് എന്നുള്ള തിരിച്ചറിവിന്റെ ഫലമായി ഈ സാമ്പത്തിക ഞെരുക്കത്തിന്റെ നടുവിലും കഴിഞ്ഞ 9 മാസത്തിനിടയിൽ നാലു ഗഡു ക്ഷാമബത്ത നൽകി അവരോടുള്ള പ്രതിബദ്ധത സർക്കാർ ആവർത്തിച്ചു. അതോടൊപ്പംതന്നെ വെട്ടിക്കുറച്ച മറ്റെല്ലാ ആനുകൂല്യങ്ങളും സർക്കാർ ജീവനക്കാർക്ക് തിരിച്ചുനൽകി അവരുടെ വിശ്വാസം പൂർണ്ണമായി വീണ്ടെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സർ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള നയപരിപാടികളാണ് ഈ നയപ്രഖ്യാപനത്തിലൂടെ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അതിനെയാണ് നിങ്ങൾ പരാജയമാണെന്ന് പറയുന്നത്. ഞാനൊന്നു ചോദിക്കട്ടെ, ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. ഒരു വ്യവസായവും കേരളത്തിൽ വരാത്ത സമയത്തായിരുന്നില്ലേ ഈ സർക്കാർ അധികാരത്തിൽ വന്നത്. ശ്രീ. നായനാരും സഹമന്ത്രിമാരും പത്ത് നാൽപ്പതുവട്ടം വിദേശത്ത് പോയില്ലേ, എന്നിട്ട് ഏതെങ്കിലും ഒരു വ്യവസായി കേരളത്തിൽ തിരിഞ്ഞു നോക്കിയോ? ഒരാളും വന്നില്ലായെന്ന് ഞാൻ പറഞ്ഞത് തിരുത്തുന്നു, വന്നു, കൊക്കകോളയും, പെപ്സിയും വന്നു. കൊക്കകോളയേയും പെപ്സിയേയും ഇവിടെ കൊണ്ടുവന്നത് നിങ്ങൾ തന്നെയാണ്. നിങ്ങൾക്ക് തന്നെയാണ് അതിന്റെ ക്രെഡിറ്റ്. ഞങ്ങൾ അവകാശപ്പെടുന്നില്ല. പക്ഷെ ജനത്തിന് അത് ഭോരമായി, ജനം ഇന്ന് സമരത്തിലുമായി, അതല്ലേ സർ വാസ്തവം, ഈ സാഹചര്യത്തിലല്ലേ കഴിഞ്ഞവർഷം വ്യവസായ വികസനത്തിനുവേണ്ടി നൂറുകണക്കിന് ആളുകളെ കേരളത്തിലേക്കു ക്ഷണിച്ചുവരുത്തിയത്. അവർ ഈ സംസ്ഥാനത്തുവന്ന് ചർച്ച ചെയ്യാൻ തയ്യാറായി എന്നുപറയുന്നതുതന്നെ ഒരു നേട്ടമല്ലേ, സർ, ഇവിടെ പന്തീരായിരം കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ചിലത് തുടങ്ങി, ചിലത് തുടങ്ങാൻ പോകുന്നു, പൊതുമേഖലയിൽ 2600 കോടി രൂപയുടേയും സഹകാര്യ മേഖലയിൽ 1500 കോടി രൂപയുടേയും പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു എന്ന് നയപ്രഖ്യാപനം വ്യക്തമാക്കുന്നുണ്ട്. ഇനി കേന്ദ്ര പൊതുമേഖലയിൽ വല്ലാർപ്പാടം ടെർമിനൽ അടക്കം 8300 കോടി രൂപയുടെ പദ്ധതി ഉടൻ തുടങ്ങുമെന്ന പ്രഖ്യാപനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം ഒറ്റക്കൊല്ലം കൊണ്ടാണ് നേടിയത് എന്ന് നിങ്ങൾ ഓർക്കണം. അതുതന്നെയാണ് നിങ്ങളെ അലട്ടുന്ന പ്രശ്നവും. പ്രതിപക്ഷത്തെ അലട്ടുന്ന പ്രശ്നമതാണ്. ഒരു വർഷം കൊണ്ട് ഇങ്ങനെയാണ് നേട്ടമെങ്കിൽ അടുത്ത രണ്ടു വർഷം കൂടി കഴിഞ്ഞാൽ ഞങ്ങളുടെ പണി പോയതുതന്നെ എന്നുള്ള തിരിച്ചറിവാണ് പ്രതിപക്ഷത്തെ ഇത്രത്തോളം ഹാലിളക്കുന്നത്. ഇവർ നേരത്തെ എന്താണ് പറഞ്ഞുപരത്തിയത്, യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ലോക്കൽ ബോഡീസിന്റെ പ്ലാൻ ഫണ്ട് കട്ട് ചെയ്യുമെന്ന്. ഇവർ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് നുണപ്രചരണം നടത്തിയില്ലേ? Decentralisation of planning എന്നുവച്ചാൽ അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ പദ്ധതിയായിരുന്നു. അത് ഞങ്ങളുടെ ബേബിയാണ്. ഞങ്ങൾ ഈ നിയമസഭയിൽ പാർലമെന്റിന്റെ നിയമത്തിന് അനുസൃതമായി നിയമമുണ്ടാക്കി അധികാരം കൈമാറി, അതനുസരിച്ച് ഞങ്ങൾ കൈമാറിയ അധികാരമല്ലാതെ ഒരു അധികാരംപോലും കൈയാളാൻ കഴിയാത്ത നിങ്ങൾ അന്ന് അങ്ങനേയും പ്രചരിപ്പിച്ചു. പക്ഷെ ഞങ്ങൾ അതിനെ യഥാർത്ഥ വഴിയിലൂടെ മുന്നോട്ടുകൊണ്ടുപോകുകയാണ്. സി.പി.എം. നൽകിയതിനേക്കാൾ ഇരട്ടി പ്ലാൻ ഫണ്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഞങ്ങൾ നൽകിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വികസനത്തിന് അടിസ്ഥാന പരമായി വേണ്ടത് എല്ലാപേർക്കും അറിയാം വൈദ്യുതിയാണ്. ഇന്ന് മാവിലെ കൂടി ഇവിടെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. കായംകുളം താപവൈദ്യുതി നിലയത്തിന്റെ ഉൽപ്പാദനശേഷി 350 മെഗാവാട്ടിൽ നിന്നും 2300 മെഗാവാട്ടായി വർദ്ധിപ്പിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രി മുൻകയ്യെടുത്ത് പല തവണ പ്രധാനമന്ത്രിയെ കണ്ടു. അതിന്റെ അടിസ്ഥാനത്തിൽ എൽ. എൻ. ജി. ഉപയോഗിച്ച് ഉൽപ്പാദനം നടത്തി ചെലവു കുറഞ്ഞ വൈദ്യുതി ഉൽപ്പാദിപ്പിച്ച് അടുത്ത രണ്ടുമൂന്നു വർഷങ്ങൾക്കുള്ളിൽ യൂണിറ്റിന് രണ്ടര രൂപ നിരക്കിൽ വൈദ്യുതി വിതരണം നടത്താനുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന് ഒരു അനുഗ്രഹമായി തീർച്ചയായും മാറും. അത് നമ്മുടെ എല്ലാവിധ വികസനത്തിനും ശക്തിപകരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. സാജു പോൾ:</u> ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വൈദ്യുതി രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാകുമെന്ന് പ്രഖ്യാപിച്ചല്ലോ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ചെമ്പുകടവ് Iഉം IIഉം, ഉറുമി, Iഉം IIഉം, മലങ്കര, ഇത്രയും പദ്ധതികളാണ് ഈ വർഷം നടപ്പിലാക്കുമെന്നുള്ള നിലയ്ക്ക് പ്രഖ്യാപിച്ചത്. ഇതെല്ലാം ചേർന്നാൽ 30 മെഗാവാട്ട് വൈദ്യുതിയേയുള്ളൂ എന്ന വിവരം അങ്ങേക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, സൂര്യന് താഴെയുള്ള എല്ലാ കാര്യങ്ങളേയും കുറിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിക്കണമെന്ന് നമ്മൾ നിർബ്ബന്ധബുദ്ധി പിടിക്കുന്നത് ശരിയല്ലല്ലോ? ഇതൊരു യാഥാർത്ഥ്യമായി, കേരളം 2002 മാർച്ച് മാസത്തിൽ ഇതുസംബന്ധിച്ച് കരാർ ഉണ്ടാക്കിയതിനെക്കുറിച്ച് വൈദ്യുതിമന്ത്രി സഭയിൽ പറഞ്ഞതല്ലേ, നല്ല കാര്യങ്ങൾ നടക്കുമ്പോൾ അതിനെ പിൻതാങ്ങുകയല്ലേ വേണ്ടത്. അതുപോലെ കാർഷിക മേഖല 1996-ൽ ഇവർ അധികാരത്തിൽ വരുമ്പോൾ ഒരു കിലോ റബ്ബറിന് 67 രൂപയും, ഒരു നാളികേരത്തിന് ആറര രൂപയും വിലയുണ്ടായിരുന്നത് ഇവർ അധികാരം വിട്ടൊഴിയുമ്പോൾ 2001-ൽ റബ്ബറിന് 22 രൂപയും നാളികേരത്തിന് രണ്ടര രൂപയുമായിരുന്നു. ഇന്ന് നാളികേരത്തിന് ആറേമുക്കാൽ രൂപയും റബ്ബറിന് 52 രൂപയുമായി വർദ്ധിച്ചില്ലേ, നെല്ലിനും അടക്കയ്ക്കും ഏലത്തിനും കുരുമുളകിനും എല്ലാത്തിനും നല്ല വില കിട്ടുന്നില്ലേ? വാനിലകൃഷി ഒരു പുതിയ പ്രതീക്ഷയായി നമ്മുടെ മുന്നിൽ നിൽക്കുകയല്ലേ, അതുപോലെതന്നെ വിദ്യാഭ്യാസ രംഗം, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി അന്യ സംസ്ഥാനങ്ങളിലേക്ക് ഓരോ വർഷവും 2000 കോടി രൂപയാണ് ഒഴുകിക്കൊണ്ടിരിക്കുന്നത്. അത് ഇവിടെ ചെലവഴിക്കാനുള്ള ഒരു സാഹചര്യമുണ്ടായി എന്നുള്ളതിൽ നിങ്ങൾ എന്തിനാണ് അസൂയപ്പെടുന്നത്. എത്രയോ നിർമ്മാണ പ്രവർത്തനങ്ങൾ ഇവിടെ നടന്നു, നിർമ്മാണത്തൊഴിലാളികൾക്ക്, ആട്ടോറിക്ഷാ തൊഴിലാളികൾക്ക്, മറ്റ് പല തരത്തിലുള്ള അനുബന്ധ ജീവനക്കാർക്കും എല്ലാവിധത്തിലും തൊഴിൽ കിട്ടിയ ഈ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നാൽപ്പത് എൻജിനീയറിംഗ് കോളേജുകൾ, ആറ് മെഡിക്കൽ കോളേജുകൾ, ആയുർവേദ, നഴ്സിംഗ്, ഹോമിയോ കോളേജുകൾ ഇതെല്ലാം അഴിമതിയില്ലാതെയല്ലേ ഇവിടെ തുടങ്ങിയത്. എന്തെങ്കിലും ഒരു ആരോപണം ഈ സഭാതലത്തിൽ ഉണ്ടായോ? ഇപ്പോൾ ഒരു ബി.എഡ്. കോളേജിന്റെ പ്രശ്നവും പറഞ്ഞ്, ഒരു കച്ചിത്തുരുമ്പ് കിട്ടിയപ്പോൾ കയറിപിടിച്ചിരിക്കുകയാണ്. എന്താണ് സർ യാഥാർത്ഥ്യം, പരാതി ഉണ്ടായപ്പോൾത്തന്നെ ലോകായുക്തിന് കൊടുത്തില്ലേ, മുമ്പ് ഇവിടെ 360 പ്ലസ് ടു സ്കൂളുകൾ അനുവദിച്ചപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ എന്താണ് പറഞ്ഞത്. അഞ്ച് ജി. ഒ. യാണ് പ്ലസ് ടു സ്കൂൾ അനുവദിക്കാൻവേണ്ടി ഗവൺമെന്റ് പുറപ്പെടുവിച്ചത്. ഈ അഞ്ചു ജി. ഒ.യും കാറ്റിൽ പറത്തിക്കൊണ്ട് നടത്തിയ തീരുമാനത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതെന്താണ് "The State Government acted in a malafide arbitrary and unconstitutional manner" എന്നല്ലേ സർ പറഞ്ഞത്. അങ്ങനെ പറഞ്ഞുകൊണ്ട് ആ 360 പ്ലസ് ടു സ്കൂളുകൾ ക്യാൻസൽ ചെയ്ത സമയത്ത് എന്താണ് നായനാർ പറഞ്ഞത്, ഒരു അന്വേഷണവും ഇല്ലെന്നല്ലേ പറഞ്ഞത്,

ലോകായുക്തിൽ പോകാനല്ലേ ശ്രീ. പിണറായി വിജയൻ പറഞ്ഞത്, സർ ലോകായുക്ത് എന്നുപറഞ്ഞാൽ മൂന്നു ജഡ്ജിമാരുള്ള ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തെക്കൊണ്ട് അന്വേഷിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കയ്യിൽ പരാതി കിട്ടിയപ്പോൾ ഏൽപ്പിച്ചത്, ഇന്ന് എല്ലാത്തിനും "ഇഷ്ടമില്ലാത്ത അച്ചി തൊട്ടതിനെല്ലാം കുറ്റമെന്നു" പറഞ്ഞതുപോലെ നിങ്ങൾ ഇതിനെയെല്ലാം, ഏതിനും എന്തിനും, എതിർക്കുന്നു. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും, ചോര തന്നെ കൊതുകിനു കൗതുകം." എന്ന് പറഞ്ഞതുപോലെ നിങ്ങൾ അതിലെല്ലാം ദുഷ്ടത കാണുന്നു. എല്ലാത്തിനും ട്രാൻസ്പേരൻസി വേണമെന്ന് ആഗ്രഹിക്കുന്ന മുഖ്യമന്ത്രിയാണ് ഇന്ന് കേരളം ഭരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അന്വേഷണങ്ങളെക്കുറിച്ച് ഇങ്ങനെ ധാരാളമായിട്ട് ആവശ്യമുന്നയിക്കുകയും അത് ആഘോഷിക്കുകയും ചെയ്യുകയാണല്ലോ, കഴിഞ്ഞ വർഷം ഈ നിയമസഭയിൽ അംഗമായിരുന്ന ഞാൻ, ശ്രീ. അടൂർ പ്രകാശടക്കം ഞങ്ങളെ ക്രൂരമായി പോലീസ് മർദ്ദിച്ചിട്ട് അതിനെ ക്കുറിച്ച് അന്വേഷണം നടത്തണമെന്ന് പറഞ്ഞപ്പോൾ ഒരു റിട്ടയർ ചെയ്ത ഒരു പണിയുമില്ലാത്ത, ഒരു പോലീസ് കോൺസ്റ്റബിൾ പോലും മൈൻഡ് ചെയ്യാത്ത ഒരു മജിസ്ട്രേട്ടിനെ വച്ച ഒരു ഗവൺമെന്റായിരുന്നു അന്നുണ്ടായിരുന്നത് എന്നുള്ള വിവരം അങ്ങേക്കറിയാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: തീർച്ചയായിട്ടും അത് മനസിലാക്കുന്നു, സർ, അതുപോലെതന്നെ നിങ്ങളെക്കുറിച്ച് എന്തെങ്കിലും പറയാതെ പോകുന്നത് ശരിയല്ല, യൂറോപ്പിനെ ആകെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു എന്നാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ആമുഖ പ്രസ്താവത്തിൽ പറഞ്ഞിരിക്കുന്നത്, ഇത് അക്ഷരാർത്ഥത്തിൽ അറം പറ്റിയതുപോലെയാണ്, ഇപ്പോൾ കേരളത്തിലെ സി.പി.എം.-ന് ആകെ അഴിമതിയുടെ ഒരു ദുർഭൂതം ഗ്രസിച്ചിരിക്കുകയാണ്, മന്ദബുദ്ധികളെ മാത്രം പറ്റിക്കാൻ കഴിയുമാറ് ആശയപരമായ ചില പ്രശ്നങ്ങളാണ് ഞങ്ങൾക്ക് ഇടയിൽ ഉള്ളതെന്ന പ്രചരണമാണ് ഇവർ നടത്തുന്നത്, എന്താണ് സത്യം, എന്താണ് ഇവരുടെ പ്രശ്നം, ആശയപരമല്ല സർ, ആമാശയപരമാണ്, കൂടുതൽ കട്ടവന്റെ നേർക്ക് കുറച്ചു കട്ടവൻ വിരൽ ചൂണ്ടുന്നു. അപ്പോൾ പെരുങ്കള്ളൻ, വെറുമൊരു മോഷ്ടാവാമെന്നെ കള്ളനെന്നു വിളിച്ചില്ലേ നിങ്ങൾ, കള്ളനെന്നു വിളിച്ചില്ലേ , എന്നു ചോദിക്കുകയാണ്. ഇവർക്കിടയിലുള്ള തർക്കം ഗുണത്തിന്റെ കാര്യത്തിലല്ല, അളവിന്റെ കാര്യത്തിലാണ്. It is not qualitative but quantitative. കിട്ടിയ തുട്ടിന്റെ കാര്യത്തിലുള്ള തർക്കമാണ് അങ്ങോട്ടുമിങ്ങോട്ടു മുള്ളത്. കൂടുതൽ കള്ളൻ നീയല്ല, നീയല്ല, എന്നാണ് ഇരുപക്ഷവും

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കുന്നത്. സർ, എസ്റ്റാബ്ലിഷ്മെന്റിന്റെ സ്വർണ്ണ മൽസ്യങ്ങളെന്ന പേരിൽ സഖാവ് എം. എൻ. വിജയൻ ഒരു ലേഖനമെഴുതി, ചിതയിലെ വെളിച്ചം എന്ന പുസ്തകത്തിലാണ് ആ ലേഖനമുള്ളത്. ആ ലേഖനമെഴുതിയ എം. എൻ. വിജയന് സ്വർണ്ണമൽസ്യമാകാനുള്ള പൂതി പൂവണിയാത്തതിന്റെ പരിഭവമാണ് സർ. അതുപോലെ ശ്രീ. തോമസ് ഐസക്കിനാകട്ടെ, ഞാനൊരു സ്വർണ്ണ മൽസ്യമായാൽ നിങ്ങൾക്കെന്താ വിജയാ എന്ന മട്ടിലുമാണ്. ഇന്നിവിടെ അഭിനവബുദ്ധിജീവി സഖാക്കൾക്ക് അൽപ്പസ്വൽപ്പ വിദേശപണം വേണം എന്ന് ഡോക്ടർ തോമസ് ഐസക്കിനെപ്പോലെയുള്ളവർ വാദിക്കുന്നു. വിപ്ലവ കരങ്ങൾക്ക് സാമ്രാജ്യത്വ പണത്തിൽ എന്ത് തൊട്ടുകൂടായ്മ എന്നാണ് ഇവർ ചോദിക്കുന്നത്. പണമാണെങ്കിൽ അത് ഞങ്ങളുടെ കൈയിലൂടെയല്ലേ വരേണ്ടത് എന്ന് മറ്റൊരു കൂട്ടർ. ഇതാണ് യഥാർത്ഥത്തിൽ തർക്കം. ഒറ്റവാക്കിൽ പറഞ്ഞാൽ സി.ഐ.എ. പണം ആര് കൈപ്പറ്റണമെന്നതാണ് സി.പി.ഐ.(എം.)-നെ അലട്ടുന്ന വർത്തമാനകാല ദാർശനിക സമസ്യ. നാലാം ലോകമോ അഞ്ചാം ലോകമോ നൂറാം ലോകമോ വേണമെങ്കിലും ഉണ്ടാക്കിത്തരാം എന്നാണ് പരമേശ്വരനും, ഇക്ബാലും, ബേബിയും കൂട്ടരും പറയുന്നത്. പണം ഒന്നാംകക്ഷിയുടെ കൈയിലൂടെയല്ല, യാഥാസ്ഥിതിക വിപ്ലവലൈനിലൂടെയാണ് വരേണ്ടതെന്നാണ് എം.എൻ. വിജയനും മറ്റ് ക്ലാസിക്കൽ മാർക്സിസ്റ്റ് പാർട്ടിക്കാരും പറയുന്നത്. ഇതാണ് ഉത്തരാധുനിക മാർക്സിസ്റ്റ് സൈദ്ധാന്തിക സംവാദം. ഇതിനെപ്പറ്റി പണ്ട് കുഞ്ചൻ നമ്പ്യാർ പാടി, "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം". ഡോക്ടർ തോമസ് ഐസക്കും കൂട്ടരും അതിനെ ഇങ്ങനെ തിരുത്തി. "കമ്മ്യൂണിസം മഹാശ്ചര്യം, നമുക്കും കിട്ടണം സി.ഐ.എ. പണം". എനിക്ക് ചോദിക്കാനുള്ള ഒറ്റ ചോദ്യം, എ.കെ.ജി. സെന്റർ ബ്രാഞ്ച് കമ്മിറ്റി മെമ്പറായി പ്രവർത്തിക്കുന്ന ജോയ് എളമൺ, സ്വിസ് ഗവൺമെന്റിന്റെ നോമിനിയായിട്ടിരിക്കുന്നത് പാർട്ടി അറിഞ്ഞിട്ടാണോ? അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് നിങ്ങൾ അദ്ദേഹത്തെ പുറത്താക്കുന്നില്ല. അതുപോലെ സി.പി.ഐ.-യുടെ ബ്രഷ്നേവ് ഇവിടെ എത്തിയതിനെക്കുറിച്ച് ഇന്നലെ ഇവിടെ പരാമർശിച്ചു. ഇന്ന് ജനയുഗമൊക്കെ പൂട്ടിപ്പോയി. ഇന്ന് പ്രഭാത് ബുക്സ് കാണാനില്ല. പണ്ട് കയറിന്റേയും കശുവണ്ടിയുടേയുമൊക്കെ കമ്മീഷൻ, റഷ്യയിൽനിന്നും വാങ്ങിയ പണം ഉപയോഗിച്ചായിരുന്നു സി.പി.ഐ. ഇവിടെ പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമല്ലേ? എന്നിട്ടും പാവം ശ്രീ. കെ. എൻ. എ. ഖാദറിനെ അവർ വിമർശിക്കുകയാണ്. ഇന്ന് ശ്രീ. എ. കെ. ആന്റണിയെ വിമർശിക്കുന്നു. കേരളത്തിന്റെ സാമൂഹികാന്തരീക്ഷം പലവിധ തിന്മകളാൽ മലീമസമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശ്രീ. എ. കെ. ആന്റണി ഈ മണ്ണിലൂടെ നടന്നതുകൊണ്ടാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി പിളർന്നുപോകാത്തതെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ശ്രീ. എ. കെ. ആന്റണിയുടെ ചെരുപ്പിന്റെ വാറഴിക്കാനുള്ള യോഗ്യത നിങ്ങൾക്കുണ്ടോ? അദ്ദേഹം നടന്നുപോയ വഴിയിലെ മണ്ണ് വാരി പുശാനുള്ള യോഗ്യത നിങ്ങൾക്കുണ്ടോ? കാര്യങ്ങളെല്ലാം എത്ര സുതാര്യമായി കൊണ്ടുപോകുന്നു. ശ്രീ. എ. കെ. ആന്റണിയുടെ വാഴ്ചയുടെ ഫലം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ആരാണ്? കണ്ണൂരിലേയും പരിസര പ്രദേശങ്ങളിലേയും സി.പി.എം. പ്രവർത്തകരല്ലേ? പകൽപോലും പുറത്തിറങ്ങാൻ ഭയപ്പെട്ടിരുന്ന മാർക്സിസ്റ്റ് പാർട്ടിക്കാർ അർദ്ധരാത്രിയിൽപോലും ഒറ്റയ്ക്ക് എവിടേയും പോകുന്നു. സെക്കന്റ് ഷോ കാണാൻ അവർ കണ്ണൂരിൽ പോകുന്നു. അത് ആരുടെ നയത്തിന്റെ നേട്ടമാണ്. ശ്രീ. എ. കെ. ആന്റണിയുടെ പോലീസ് നയത്തിന്റെ നേട്ടമാണ്. അതുപോലെ മാറാട്, പ്രശ്നം നടന്ന് 20 മിനിറ്റിനുള്ളിൽ പോലീസ് എത്തിച്ചേർന്നതിനുശേഷം, പോലീസിന് അവിടെ ക്രമസമാധാനം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞത്, അതിനുവേണ്ടി അഗ്നിപരീക്ഷണം നേരിട്ട ശ്രീ. എ. കെ. ആന്റണിയും, അതിനു സഹായിച്ച ഗാന്ധിയൻ സംഘടനകളും പ്രത്യേകം പ്രശംസ അർഹിക്കുന്നു. അതുപോലെതന്നെ എ.ഡി.ബി. വായ്പയെ എതിർക്കുന്നു. പഠിക്കാൻ കുട്ടികൾ ഇല്ലാത്തതുമൂലം കേരളത്തിൽ ആദ്യമായി ഒരു എൽ.പി. സ്കൂൾ പത്തനംതിട്ട ജില്ലയിൽ പൂട്ടിയത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അൺഇക്കണോമിക് എന്ന് പറഞ്ഞ് ഇവിടെ കെൽട്രോണിൽ വി.ആർ.എസ്. ആദ്യം നടപ്പിലാക്കിയത് ഇവരല്ലേ? മട്ടാഞ്ചേരിയിൽ ബി.ഒ.ടി. പാലം പണിഞ്ഞത് ഇവരല്ലേ. മുമ്പും നമ്മൾ വിദേശസഹായം നേടിയിട്ടുണ്ട്.....

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞു. ഇനി പറയുന്നതൊന്നും രേഖയിൽ ഉണ്ടാകില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: *****.....(മൈക്ക് ഓഫ്)..... ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഷിബു ബേബിജോൺ: സർ, ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. വളരെ ആശങ്കയോടും നിരാശയോടും കൂടിയാണ് ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. രണ്ടര വർഷക്കാലമായി സംസ്ഥാനത്തിന്റെ പുരോഗതി ആഗ്രഹിച്ച് അനേകം നടപടികൾ കൈക്കൊണ്ട ഈ ഗവൺമെന്റിന് ഒരു പക്ഷേ അതെല്ലാം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞതായാണ് നാം കണ്ടത്. ഏതൊരു നവീകരണ പദ്ധതിയേയും സംസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടി ആവിഷ്കരിച്ച ഏത്

*****ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയേയും എങ്ങനെ പരാജയപ്പെടുത്താം എന്ന് ആലോചിച്ചു പ്രവർത്തിക്കുന്ന പ്രതിപക്ഷമാണ് ഇവിടെയുള്ളത്. ഇപ്പോൾ ഏറ്റവും ഒടുവിൽ മോഡേണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിനെ അടക്കം എതിർക്കുകയാണ്. കേരളത്തിൽ കുറേശ്ശെയായി കണ്ടുവരുന്നത്, ഏത് പദ്ധതി വന്നാലും ടെണ്ടർ വന്നാലും കോൺട്രാക്ടർ വന്നാലും എല്ലാപേരുംകൂടി ഒത്തുകൂടി, പ്രതിപക്ഷ എം.എൽ.എ.-മാരേയും നേതാക്കൻമാരേയും കണ്ടുപിടിച്ച് സഭയിലും പത്രത്തിലും ആരോപണമുന്നയിപ്പിച്ച് അതുവഴി ആ പദ്ധതിതന്നെ ഉപേക്ഷിക്കേണ്ട രീതിയിൽ കൊണ്ടുചെന്നെത്തിക്കുകയാണ് ചെയ്യുന്നത്. ഇവിടെ ഞാൻ പറഞ്ഞ നിരാശ, ജനങ്ങളുടെ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കാൻ കഴിയുന്നു എന്ന് എനിക്ക് ബോദ്ധ്യം വരുന്നില്ല. അങ്ങനെയുള്ള നിലപാടിലേക്ക് പോകുന്ന എക്സിക്യൂട്ടീവും ഗവൺമെന്റുമാണ് നമുക്കുള്ളത്. എന്റെ സുഹൃത്ത് ശ്രീ. കെ. ബി. ഗണേഷ്കുമാറിനുണ്ടായ ഒരു അനുഭവം ഞാൻ പറയാം. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ശുദ്ധജല പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഫയൽ അദ്ദേഹത്തിന്റെ പി. എ. കൂടിനിന്ന് സ്റ്റെപ് ബൈ സ്റ്റെപ് ആയിട്ട് നീക്കി. ഏറ്റവും ഒടുവിൽ സെക്രട്ടേറിയറ്റിൽ അത് ഓർഡറായി. ഓർഡർ ടൈപ്പ് ചെയ്യണം. അന്ന് ടൈപ്പിസ്റ്റില്ല. അതിനാൽ പിറ്റേ ദിവസം ടൈപ്പിസ്റ്റ് വരുമ്പോൾ ഓർഡർ ടൈപ്പ് ചെയ്ത് കൊടുക്കാമെന്ന് പറഞ്ഞു. പിറ്റേ ദിവസം രാവിലെ പി.എ. ഓർഡർ വാങ്ങാനായി ചെന്നപ്പോൾ ആ ഫയൽ കാണാനില്ല. എല്ലായിടത്തും തപ്പി എങ്ങും കാണാനില്ല. ഒരു മാസത്തിനുശേഷം അവിടത്തെ മേലുദ്യോഗസ്ഥൻ അവിചാരിതമായി മേശവിരി ഉയർത്തിനോക്കുമ്പോൾ അദ്ദേഹത്തിന്റെ മുമ്പിലുള്ള കസേരയുടെ അടിയിൽ കുറേ ഫയലുകൾ ഇരിക്കുന്നു. കസേരയുടെ പ്ലാസ്റ്റിക് ഇളകിപ്പോയതുകൊണ്ട് വന്നിരിക്കുന്നവരുടെ മുട് താഴെപ്പോകാതിരിക്കാൻ കുറേ ഫയലുകൾ എടുത്തുവച്ച് താങ്ങിയിരിക്കുന്നു. അതിൽ നാലാമത്തെ ഫയലായിരുന്നു ഈ നാട്ടിലെ കുടിവെള്ളത്തിനായി കേഴുന്ന ജനവിഭാഗങ്ങൾക്കായി ഓർഡറായിരുന്ന ഫയൽ. ഇവിടെ പരിഷ്കരണം വേണ്ടേ സാർ, നവീകരണം വേണ്ടേ? ഇതൊരു ഉദാഹരണം മാത്രം. ബഹുമാനപ്പെട്ട ബാലേട്ടൻ ആഘോഷത്തോടുകൂടി പറയുന്നു, "ജിം" പെളിഞ്ഞു. ആരാ പൊളിച്ചത്? ആന്റണി സർക്കാരാണ് പൊളിച്ചത്. പരാജയപ്പെട്ടത് ഈ നാട്ടിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരല്ലേ? അത് പൊളിഞ്ഞതിന് ആഘോഷിക്കുകയാണോ വേണ്ടത്. രണ്ട് വിഭാഗങ്ങളിൽ പ്രശ്നമുണ്ട്. ഞാൻ നിരാശയോടുകൂടി പറയുന്നു, ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നമുക്ക് കഴിയുന്നില്ല. എന്തിനേയും ഏതിനേയും എതിർക്കുന്ന പ്രതിപക്ഷം. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞു, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഒരു തലമുറയെ വഞ്ചിച്ചു എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

വലിയ സാമൂഹ്യമാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമായിരുന്നു കേരളത്തിലുണ്ടായിരുന്നത്. ആ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് അവരുടെ പട്ടിണി മാറിക്കിട്ടണം എന്നാഗ്രഹിച്ച, അവർക്ക് നഷ്ടപ്പെടാൻ ഒന്നും ഇല്ല എന്ന ഭാവം അവരിൽ ഉണ്ടാക്കിയെടുത്ത, അങ്ങനെയൊരു സാമൂഹ്യമാറ്റം ഉണ്ടാക്കിയവരാണ് കമ്മ്യൂണിസ്റ്റുകാർ. അത് നിഷേധിക്കാൻ കഴിയില്ല. ഇന്ന് ആ പരിഷ്കരണങ്ങൾ എവിടെച്ചെന്ന് നിൽക്കുന്നു. ലോകത്തിന് മാതൃകയായി ഭൂപരിഷ്കരണം അന്ന് ആദ്യമായി കുട്ടനാട്ടിൽ നടപ്പിലാക്കി. ഇന്ന് കുട്ടനാട്ടിൽ ജയിക്കണമെങ്കിൽ ഡോക്ടർ കെ. സി. ജോസഫിനെപ്പോലെയുള്ള ഒരാൾ വേണ്ടേ? കമ്മ്യൂണിസ്റ്റ് ആശയങ്ങൾ ഇന്നിവിടെയുണ്ടോ? നെൽപ്പാടങ്ങൾ ഏറ്റെടുത്ത് കൊടുത്ത് കർഷകത്തൊഴിലാളികൾ, ഇന്ന് വർഗ്ഗ സമരത്തിന്റെ പേരിൽ തർക്കം നടക്കുന്നു. ആശയപരമായി നല്ല കാര്യമാണ്. അതിനെ അഭിനന്ദിക്കുന്നു. ഇന്നവർ കമ്മ്യൂണിസ്റ്റുകാർ ഭയന്നിരുന്ന പെറ്റി ബൂർഷ്വകളായി മാറി. "നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ" എന്ന് പാടിയ തലമുറയെ അവർ വളർത്തി. ഇന്നത്തെ തലമുറയ്ക്ക് വേണ്ടത് "ലജ്ജാവതിയെ നിന്റെ കള്ളക്കടക്കണ്ണ്"—ഇതല്ലേ? എം. പി. പരമേശ്വരൻ പറയുന്ന നാലാം സിദ്ധാന്തമൊന്നും അംഗീകരിക്കണമെന്ന് ഞാൻ പറയില്ല. അതിൽ ചില യാഥാർത്ഥ്യങ്ങളില്ലേ? ലോകത്തെമ്പാടുമുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെക്കുറിച്ച് ഇവിടെ ശ്രീ. പ്രതാപവർമ്മ തമ്പാൻ അടക്കം പറഞ്ഞ കാര്യങ്ങളെ എന്തുകൊണ്ട് സംശയിക്കുന്നു? എന്തുകൊണ്ട് അവരുടെ മനസ്സിൽ അത് ശരിയാണെന്ന് തോന്നി? എം. എൻ. വിജയൻ പറഞ്ഞ കാറ്റും വെളിച്ചവും കയറാത്തതല്ല ഇതിന്റെ കാരണം. കയറണം. ഇന്നത്തെ കാലോചിതമായ മാറ്റം നമുക്ക് സംഭവിക്കണം. ആഗോളവൽക്കരണവും ഉദാരവൽക്കരണവും യാഥാർത്ഥ്യമായി വരുന്ന ഈ കാലഘട്ടത്തിൽ ഞാൻ വിശ്വസിക്കുന്ന, എന്റെ രാഷ്ട്രീയ പ്രസ്ഥാനം വിശ്വസിക്കുന്ന, കാറൽ മാർക്സ് വിഭാവനം ചെയ്തതുപോലെയുള്ള മുതലാളിത്ത ഭരണമാണ് ഇപ്പോൾ നിലവിൽ വരുന്നത്. അതിനുശേഷം വിപ്ലവം. ആഗോളവൽക്കരണം യാഥാർത്ഥ്യമാകുന്നതോടുകൂടി അങ്ങനെ ഒരു മുതലാളിത്ത സംവിധാനം ലോകത്തെമ്പാടും നടക്കുകയാണ്. അതിലല്ലേ യഥാർത്ഥ വിപ്ലവം. അമേരിക്കയിൽ അടക്കം ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വർദ്ധിക്കും. ആ വർദ്ധനവിന്റെ അവസാനത്തിൽ ലോകമെമ്പാടും ഇല്ലാത്തവന്റെ ഒരു പോരാട്ടമുണ്ടാകും. അതാണ് യഥാർത്ഥ വിപ്ലവം. ആ സമയത്ത് നിങ്ങൾ ഏത് ഭാഗത്തായിരിക്കും. ഇന്നുതന്നെ പുരോഗമനവാദികളുടെ ഹൃദയത്തിൽ നമുക്ക് സ്ഥാനമുണ്ടോ? ഇന്നത്തെ ചെറുപ്പക്കാർ ഏത് രീതിയിലേക്ക് പോകുന്നു? ഒരു കാലഘട്ടത്തിൽ നാം പറഞ്ഞത് എന്താണ്. ഇന്നത്തെ വർഗ്ഗമേത്; ഏത് വർഗ്ഗത്തെ പ്രതിനിദാനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നു. ആ ഒരു കാലഘട്ടത്തിൽ തൊഴിലാളികളുടെ പട്ടിണി മാറുകയാണ് ആവശ്യമെങ്കിൽ ഇന്ന് ബാങ്ക് എംപ്ലോയികളും സർക്കാർ ജീവനക്കാരും നഷ്ടപ്പെടാൻ ഒന്നുമില്ലാത്ത തൊഴിലാളി വർഗ്ഗമാണോ? അവരുടെ മക്കൾ, തൊഴിലാളിവർഗ്ഗത്തിന്റെ മക്കൾ എന്നുപറയുന്നവർക്ക് മൊബൈൽ ഫോൺ, മോട്ടോർ സൈക്കിൾ എന്നിവ വേണം. ആധുനികമായ എല്ലാ സൗകര്യങ്ങളിലും കഴിയണം. എല്ലാ ആഡംബരങ്ങളിലും വിശ്വസിച്ച് വളർന്നുവരുന്ന ഒരു തലമുറ. അവർക്ക് കമ്മ്യൂണിസ്റ്റ് ആശയങ്ങളോടും ഇടതുപക്ഷ ആശയങ്ങളോടും ആഭിമുഖ്യമില്ല. അവരത് തിരസ്കരിക്കുന്നു. അവർ തിരിയുന്ന വഴിയോ? ഇതിനുവേണ്ടി എന്തും ചെയ്യും, ഏത് പാതയിൽ കൂടി പോയിട്ടാണെങ്കിലും പണം നേടാനുള്ള വ്യഗ്രതയിൽ ഗുണ്ടായിസത്തിലേക്ക് തിരിയുന്നു. ബ്ലെയ്ഡ് മാഫിയയെക്കുറിച്ച് മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത് വളരെ കറക്റ്റാണ്. കേരളത്തിൽ വളർന്നുവരുന്ന അല്ലെങ്കിൽ ഈ കൺസ്യൂമറിസം വന്നതിനുശേഷം വളർന്നുവരുന്ന ഒരു ബ്ലെയ്ഡ് സംസ്കാരം. ഐ.സി.ഐ.സി.ഐ. അടക്കമുള്ള അനേകം സ്ഥാപനങ്ങൾ, മൾട്ടിനാഷണൽസ് കേരളത്തിൽ വരുമ്പോൾ ഒരു കാര്യം ഓർക്കണം, ഈ നിയമസഭയ്ക്ക് നാണക്കേടാണ്. ഒരു എം.എൽ.എ.-ക്ക് പോലും അവർ ലോൺ കൊടുക്കില്ല. ഒരു രാഷ്ട്രീയക്കാരനും ലോൺ കൊടുക്കില്ല. കാരണം തിരിച്ചുപിടിക്കാൻ അവർക്ക് ഗുണ്ടകളെ ഏർപ്പാട് ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് രാഷ്ട്രീയക്കാർക്കും വക്കീലൻമാർക്കും ലോൺ കൊടുക്കില്ല. ഇതല്ലെങ്കിൽ മറ്റൊരു വിഭാഗം മാറിയിരിക്കുന്നത് ആത്മീയതയിലേക്കാണ്. ആത്മീയതയുടെ പേരിൽ വർഗ്ഗീയതയിലേക്ക്. ഏറ്റവും അധികം യുവജനങ്ങളല്ലേ ഇന്ന് എല്ലാ വർഗ്ഗീയ സംഘടനങ്ങളിലും ചെന്ന് ചേരുന്നത്. അവർക്ക് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളോടുമുള്ള വിശ്വാസം നഷ്ടപ്പെടുന്നു. അവർ വർഗ്ഗീയതയിലേക്ക് ചെന്ന് എത്തുന്നു. ഇവിടെ ഞാൻ ബഹുമാനിക്കുന്ന ബാലേട്ടൻ പാവം കെ. എൻ. എ. ഖാദർ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വിട്ടുപോയതിനെക്കുറിച്ച് പറഞ്ഞു. യഥാർത്ഥത്തിൽ എന്താണ് കാരണം? അദ്ദേഹം ചെയ്തത് തെറ്റാണ്. നിങ്ങളുടെ ഇരട്ടത്താപ്പ് കണ്ട് മുസ്ലീം ലീഗിൽ ചേർന്നു. ബാലേട്ടാ ചുറ്റിലുമുള്ളവരുടെ മുണ്ട് അഴിച്ചു നോക്കിയാലറിയാം എന്തൊക്കെ എവിടെയൊക്കെ കെട്ടിയിട്ടുണ്ടെന്ന്. ഏതൊക്കെ ക്ഷുദ്രം ചെയ്ത് കെട്ടിയിട്ടുണ്ട് എന്ന് വസ്ത്രം ഉരിഞ്ഞ് നോക്കിയാൽ അറിയില്ലയോ? .....(ബഹളം).....ഉടുപ്പഴിച്ചാലും മതി. എനിക്കറിയില്ല എവിടെയാണ് കെട്ടിയിട്ടിരിക്കുന്നതെന്ന്. ഞാൻ പലരുടെയും മുണ്ടിന്റെ കാര്യമാണ് പറഞ്ഞത്. .....(ബഹളം).....ഞാൻ പറഞ്ഞുവന്നത് അതല്ല. അങ്ങനെ വർഗ്ഗീയതയിലേക്ക് തിരിയുന്നു. അത് ഗൗരവത്തോടുകൂടി ഈ സഭ കാണേണ്ടതാണ്. "ജിം"-ന്റെ അവസാന ബസ് നഷ്ടപ്പെട്ടുവെന്ന് പറയുമ്പോൾ അതിനോടൊപ്പം രാഷ്ട്രീയക്കാർ കയറുന്ന അവസാന ബസും

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുകയാണ് എന്നുള്ള ഓർമ്മ നമുക്ക് വേണം. എങ്കിൽ മാത്രമേ ജനം നമ്മെ അംഗീകരിക്കുകയുള്ളൂ. ഇതിനൊക്കെ.....(ബഹളം).....ശ്രീ. ജയരാജൻ മനസ്സിലാക്കണം. ശ്രീ. ജയരാജനും നാളെ അനുഭവപ്പെടാവുന്നതാണ്. രാഷ്ട്രീയ-അരാഷ്ട്രീയ പാത ഇവിടെ വളരുന്നു. രാഷ്ട്രീയക്കാരിൽ വിശ്വാസ മില്ലാതെയാകുന്നു. എനിക്ക് ഈ സഭയുടെ മുൻപാകെ നിരവധി ഉദാഹരണങ്ങൾ പറയാൻ സാധിക്കും. ഒരു കാര്യത്തിനും പരിഹാരം കാണാൻ സാധിക്കില്ല. അതുകൊണ്ട് ഇനിയെങ്കിലും ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണ്. ഇത് പറയുമ്പോൾ വർഗ്ഗീയത കേരളത്തിൽ വളർന്നുനിൽക്കുന്ന കാലയളവിൽ ഒരു കാര്യം വളരെ പ്രധാനമായി പറയാനുണ്ട്. ഈ സഭ സമ്മേളിക്കുന്ന അവസ്ഥയിൽ അബ്ദുൾ നാസർ മഅ്ദനിയുടെ മോചനത്തിന് വേണ്ടി പി.ഡി.പി. ഇവിടെ പ്രക്ഷോഭം നടത്തുകയാണ്. അബ്ദുൾ നാസർ മ അദനി കുറ്റക്കാരനാണെങ്കിൽ അദ്ദേഹത്തിനെ വിചാരണ ചെയ്ത് ശിക്ഷ കൊടുക്കണമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. എന്നാൽ നീതി നിഷേധിക്കപ്പെട്ട്, ജനാധിപത്യം അനുശാസിക്കുന്ന, ഭരണഘടന അനുശാസിക്കുന്ന നീതി നിഷേധിക്കപ്പെട്ട് അദ്ദേഹം വിചാരണ കൂടാതെ തടവിൽ കഴിയുന്നിടത്തോളം കാലം ന്യൂനപക്ഷ സമുദായങ്ങളുടെയിടയിൽ ഭരണഘടനയോടുള്ള വിശ്വാസ്യത കുറയും, അത് വർഗ്ഗീയത വളർത്തും, തീവ്രവാദം വളർത്തുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഗുജറാത്തിൽ ഒരു ന്യായവും കേരളത്തിൽ ഒരു ന്യായവുമാകാൻ പാടില്ല. ബാൽ താക്കറേക്ക് ഒരു ന്യായം അബ്ദുൾ നാസർ മ അദനിക്ക് ഒരു ന്യായം എന്നാകാൻ പാടില്ല. ഇതിനെതിരെ ഈ സഭ വളരെ ഗൗരവത്തോടുകൂടിയുള്ള നിലപാടെടുക്കണം. അദ്ദേഹത്തിന്റെ മോചനമെന്ന് ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ കേസിന്റെ വിചാരണ നടത്തുവാൻ, ഭരണഘടന അനുശാസിക്കുന്ന രീതിയിൽ വിചാരണ നടത്തുവാനുള്ള നീക്കം നടത്തണം. ഭരണ പ്രതിപക്ഷ ഭേദമെന്യേ ഏതൊക്കെ സർക്കാരിനോട് നമുക്ക് അഭ്യർത്ഥിക്കാൻ കഴിയുമോ അവരോടൊക്കെ അഭ്യർത്ഥിച്ച് അതിനുള്ള അവസരം ഒരുക്കണം. ഇതിൽ നമുക്ക് അധികം ചെയ്യാനില്ല. വർഗ്ഗീയ വാദം ചെറുക്കാനുള്ള പ്രധാന നടപടിയാണ് ഇത് എന്നുകൂടി പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽ കൂടി പിൻതാങ്ങികൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:</u> ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. മുഖ്യമന്ത്രിക്ക് ഡെൽഹിക്ക് യാത്ര ചെയ്യാൻ ഒരു ടിക്കറ്റ് പോലും എടുക്കാൻ സാധിക്കാതിരുന്ന കാലഘട്ടത്തിൽ നിന്ന് സാമ്പത്തിക രംഗം വളരെയേറെ മെച്ചപ്പെട്ട രീതിയിൽ തിരിച്ചുകൊണ്ടുവരികയും തനതായ വ്യക്തിത്വത്തിലൂടെ എടുത്ത് പറയാവുന്ന വലിയ സാമ്പത്തിക നേട്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുകയും ചെയ്ത ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ദേശീയ വളർച്ച 4.3 ആയിരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ച 6.1 ആക്കി പുനർ നിർമ്മാണം നടത്തുകയും അനാവശ്യമായ പാഴ്ചെലവുകൾ ഒഴിവാക്കിക്കൊണ്ട് എവിടെയെല്ലാം ചെലവ് ചുരുക്കാൻ സാധിക്കുമോ അവിടെയെല്ലാം ചുരുക്കി കഴിഞ്ഞ രണ്ടര വർഷക്കാലം കൊണ്ട് വലിയ നേട്ടങ്ങളുണ്ടാക്കാൻ നമ്മുടെ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കേരളത്തിൽ വന്നപ്പോൾ കേരളത്തിലെ സ്ഥിതിഗതികൾ വളരെ മെച്ചമായ രീതിയിൽ അവിടെ അവതരിപ്പിക്കാനും കഴിഞ്ഞ കാലങ്ങളിലെ തെറ്റുകളും പാളിച്ചകളും അവരെ ബോദ്ധ്യപ്പെടുത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് വളരെയേറെ നേട്ടമാണ്. സാമ്പത്തിക രംഗത്തെ എല്ലാ മേഖലകളിലും വ്യക്തമായ നേതൃത്വം വളരെയേറെ കാര്യങ്ങളിൽ കാഴ്ചവച്ചുകൊണ്ട് സാമ്പത്തികമായി വലിയ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചുവെന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. നമ്മുടെ വിദ്യാഭ്യാസ രംഗം, ആർക്ക് എന്തെല്ലാം കുറ്റങ്ങൾ പറയാനുണ്ടെങ്കിലും ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രംഗം ഒരു വലിയ മുന്നേറ്റത്തിലാണ്. കഴിഞ്ഞ വളരെയേറെ നാളുകളായി 100 ശതമാനം സാക്ഷരത നേടിയ ഒരു സംസ്ഥാനമാണെന്ന് നാം അഭിമാനിക്കുമ്പോഴും ദേശീയവും അന്തർദേശീയവുമായ മത്സരപരീക്ഷകളിൽ നാം പിന്നോട്ട് പോകുകയായിരുന്നു. നമ്മുടെ കുട്ടികൾക്ക് പഠിക്കാൻ മറ്റ് സംസ്ഥാനങ്ങളെ അഭയം തേടേണ്ട ഒരു കാലഘട്ടത്തിൽ നിന്ന് പുതിയതായി നാനൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനും അതുവഴി കേരളത്തിലെ ഏതൊരു വിദ്യാർത്ഥിക്കും അവന് പഠിക്കാൻ ആഗ്രഹമുള്ള ഏത് വിഷയം പഠിക്കാനും സാഹചര്യമുണ്ടാക്കുന്നതിനും സാധിച്ചു. സർക്കാരിന് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ സാധിക്കാത്തതുകൊണ്ട് ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ സ്വാശ്രയ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്ന സാഹചര്യമുണ്ടായി. വിനോദസഞ്ചാര രംഗത്ത് നമ്മുടെ സംസ്ഥാനം വലിയ മുന്നേറ്റം നടത്തുകയുണ്ടായി. ടൂറിസം ഡിപ്പാർട്ടുമെന്റിന് ഏകദേശം മുപ്പത് ശതമാനത്തോളം വരുമാനം വർദ്ധിപ്പിക്കാനും ദേശീയവും അന്തർദേശീയവുമായ ഒത്തിരിയേറെ സമ്മാനങ്ങളും അവാർഡുകളും വാങ്ങാനും സാധിച്ചുവെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. ഈ സമ്മേളനം ആരംഭിച്ചതുമുതൽ കേൾക്കുന്നത് "ജിം"-ലെ പരാജയങ്ങളെക്കുറിച്ചാണ്. പ്രതിപക്ഷാംഗങ്ങൾ വലിയ ആഘോഷമായിട്ടാണ് അതിനെക്കുറിച്ച് പറയുന്നത്. "ജിം" ആരംഭിച്ചത് ഈ നാട്ടിലെ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള ഒരു വലിയ പ്രതീക്ഷയുമായിട്ടാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ലോകം മുഴുവനുമുള്ള വ്യവസായ സംരംഭകരെ കേരളത്തിലേക്ക് കൊണ്ടുവരാൻ ഓടിനടന്നിട്ട് പോലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു വ്യവസായവും കൊണ്ടുവരാൻ സാധിച്ചില്ല. ഒരു സ്ഥലത്തും പോകാതെ "ജിം" എന്ന വലിയ പരിപാടി തുടങ്ങാൻ സാധിച്ചു. ഇത് കേരളത്തിലെ യുവാക്കൾക്ക് വലിയ ആവേശവും വലിയ പ്രതീക്ഷയുമായിരുന്നു. പത്രങ്ങളും മറ്റു മാധ്യമങ്ങളും കേരളത്തിലെ രക്ഷിതാക്കളുമെല്ലാം അതിനെ വലിയ വരവേൽപ്പോടെ പ്രതീക്ഷയോടെ കാത്തിരുന്നു. ഇന്ന് ഈ സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ പ്രതിപക്ഷ ബെഞ്ചുകളിൽ നിന്ന് കേൾക്കുന്നത് "ജിം"-ന്റെ പരാജയത്തെക്കുറിച്ചുള്ള വലിയ സന്തോഷ പ്രകടനങ്ങളാണ്. "ജിം" പരാജയപ്പെടാൻ എന്താണ് കാരണമായത് എന്ന് നമുക്കറിയാം. "ജിം" ആരംഭിക്കാൻ പോകുന്നു, ലക്ഷക്കണക്കിന് വരുന്ന യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നു, പുതിയ സംരംഭങ്ങൾ ഉണ്ടാകാൻ പോകുന്നു എന്ന് ബോദ്ധ്യമായപ്പോൾ ഈ ഗവൺമെന്റിനെ താറടിച്ചു കാണിക്കാൻ വലിയ പരിശ്രമം മറുഭാഗത്ത് നടക്കുകയുണ്ടായി. ആങ്ങള ചത്തിട്ടാണെങ്കിലും നാത്തൂന്റെ കണ്ണീര് കാണണമെന്ന് ആഗ്രഹിക്കുന്ന ഒരുകൂട്ടം പ്രതിപക്ഷമാണ് നമ്മുടെ നാട്ടിലുള്ളത്. ലക്ഷക്കണക്കിന് വരുന്ന യുവാക്കൾക്ക് തൊഴിൽ കിട്ടുന്ന ജിം നടപ്പിലാക്കുന്നതിന് പകരം കേരളത്തിൽ കലുഷിതമായ അന്തരീക്ഷം ഉണ്ടാക്കാൻ അവർ പരിശ്രമിച്ചു. ആദ്യം മാറാടായിരുന്നു, പിന്നീട് മുത്തങ്ങയായിരുന്നു, ഇപ്പോൾ ബി.എഡ്. കോളേജുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ സ്ഥിതിഗതികളെ ബാധിക്കുന്ന ഒന്നുമല്ലാത്ത കാര്യങ്ങൾ പൊക്കിയെടുത്ത് സംസ്ഥാനത്ത് ഉടനീളം സമരങ്ങൾ നടത്താനുള്ള ഒരു വലിയ പരിപാടിയാണ് പ്രതിപക്ഷം വിഭാവനം ചെയ്യുന്നത്. കഴിഞ്ഞ ആഴ്ചയിൽ "ജിം"-ന് ശേഷമുള്ള ഒന്നാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിലെ മലയാള പത്രങ്ങളിൽ "ജിം"-നെക്കുറിച്ചുള്ള വിശകലനങ്ങളുണ്ടായി. അതിൽ കാര്യമായി പറഞ്ഞിരിക്കുന്നത്, ഏതൊരു വ്യക്തിയും സാമ്പത്തിക പ്രവർത്തനം നടത്താൻ, ഒരു വ്യവസായം നടത്താൻ തീരുമാനിക്കുമ്പോൾ ഏറ്റവും അവസാനം ഓപ്ഷൻ നൽകുന്നത് കേരളമായിരിക്കും. കാരണം ഒരു പുതിയ വ്യവസായം തുടങ്ങാൻ കേരളത്തിൽ സമയമായിട്ടില്ല എന്ന് കഴിഞ്ഞ ഒരു കൊല്ലക്കാലം തെളിയിച്ചിരിക്കുകയാണ്. സമരങ്ങളുടെ ഘോഷയാത്ര, ബന്തുകളുടെയും ഹർത്താലുകളുടെയും ഘോഷയാത്ര, ഒന്നിനുമല്ലാത്ത, ആർക്കും വേണ്ടിയല്ലാത്ത സമരങ്ങളുടെ ഘോഷയാത്ര കൊണ്ട് കേരളത്തിലേക്ക് വരാൻ ആഗ്രഹിച്ചിരുന്ന ഒരുപാട് വ്യവസായങ്ങൾ, ദേശീയവും വിദേശീയവുമായിട്ടുള്ള വ്യവസായങ്ങളെ ഇവിടെ നിന്ന് ഓടിക്കുന്ന ഒരു സംവിധാനമാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയത്. യഥാർത്ഥത്തിൽ കഴിഞ്ഞ ഒരു കൊല്ലത്തെ പ്രവർത്തനങ്ങൾകൊണ്ട് ഈ രാജ്യത്ത് വ്യവസായങ്ങൾ നടക്കാത്തതിന്റെ ഫലമായി "GIM" പൂർണ്ണമായി വിജയിച്ചില്ല എന്ന് പറഞ്ഞ്

12.00 Noon]

LIBRARY ARCHIVES Kerala Legislative Assembly

ആഘോഷിച്ച നിങ്ങൾക്ക് കഴിഞ്ഞ ഒരു വർഷക്കാലത്തെ സമരം കൊണ്ട് എന്ത് നേടാൻ സാധിച്ചു എന്നതിനെക്കുറിച്ച് ആലോചിക്കണം. തൊഴിലില്ലായ്മ പരിഹരിക്കലായിരുന്നു ഇതിൽ ഏറ്റവും വലിയ ലക്ഷ്യം. ഏത് ഗവൺമെന്റ് ഭരിച്ചാലും ഒരു മാന്ത്രികന്റെ മായാജാലം പോലെ ലക്ഷക്കണക്കിന് തൊഴിൽ രഹിതർക്ക് തൊഴിൽ കൊടുക്കാൻ സാഹചര്യമില്ല. തൊഴിലില്ലായ്മ അവസാനിപ്പിക്കണമെങ്കിൽ പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടാകണം, മുതൽമുടക്കുണ്ടാകണം. പക്ഷേ കേരളത്തിൽ ഒരു വ്യവസായവും ആരംഭിക്കാൻ ഞങ്ങൾ സമ്മതിക്കുകയില്ല എന്നുള്ള പ്രഖ്യാപിത നയവുമായി "ജിം"-നെ പരാജയപ്പെടുത്തിയിട്ട് നിങ്ങൾ വിലപിച്ചിട്ട് കാര്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ പിന്താങ്ങുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ക്രീയാത്മകമായ ചില കാര്യങ്ങളും എനിക്ക് അവതരിപ്പിക്കാനുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കേണ്ടുന്ന ഒരുപാട് സാമ്പത്തിക സഹായങ്ങളുണ്ട്. മറ്റ് സംസ്ഥാനങ്ങളൊക്കെ ഒരുപാട് പദ്ധതികൾ, പരിപാടികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് നബാർഡ് വഴി ലക്ഷക്കണക്കിന് രൂപ സഹായധനം ലഭ്യമാക്കുന്നു. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തെ ചരിത്രം പരിശോധിച്ചാൽ പറ്റിയ പ്രോജക്ടുകൾ ഉണ്ടാക്കുന്നതിലും അത് കേന്ദ്രത്തിൽ കൊടുക്കുന്നതിലും നബാർഡിൽ നിന്ന് പണം വാങ്ങുന്നതിലും നാം വളരെ പിന്നിൽ ആണെന്നുള്ളതാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്. അതുകൊണ്ട് നമ്മുടെ ഉദ്യോഗസ്ഥന്മാരും ഗവൺമെന്റും നേതൃത്വം കൊടുത്ത് അനുയോജ്യമായ ഒരുപാട് പദ്ധതികൾ നബാർഡ് വഴി ലഭ്യമാക്കാവുന്നവയുണ്ട്. ലോക ബാങ്കിൽ നിന്നും മറ്റുമൊക്കെ നാം പണം എടുക്കുന്നതിനെക്കാൾ നമ്മുടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭിക്കാവുന്ന ഒരുപാട് സഹായങ്ങൾ നബാർഡിൽ നിന്ന് വാങ്ങിയെടുക്കാൻവേണ്ട പ്രോജക്ടുകൾ തയ്യാറാക്കി അത് കൊടുക്കാനും ഡെസ്ക് വർക്ക് നടത്തി, ഹോംവർക്ക് നടത്തി അവിടെ കൊണ്ടുപോയി അവതരിപ്പിച്ച് വാങ്ങിക്കാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് ഏത് തലത്തിലേയുംപോലെ കോടിക്കണക്കിന് രൂപ നാം നിക്ഷേപിക്കാൻ തീരുമാനിച്ചാലും നമ്മുടെ സംസ്ഥാനത്ത് പാരമ്പര്യ തൊഴിലുകളും തൊഴിലാളികളേയും സംരക്ഷിക്കാനും അതോടൊപ്പംതന്നെ കാർഷിക രംഗം പുരോഗതിയിലേക്ക് കൊണ്ടുവരാനും വളരെക്കുറച്ച് പണം മതി. നമ്മുടെ കാർഷിക രംഗം വളരെയേറെ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകാൻ സഹായം ആവശ്യമായിട്ടുണ്ട്. കാർഷിക രംഗത്തെ തഴയുന്ന ഒരു സമീപനമുണ്ടായാൽ കേരളത്തിന് വലിയ തകർച്ചയുണ്ടാകും. ഇന്ന് തേങ്ങയുടെ വില

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചു, നെല്ലിന്റെ വില വർദ്ധിച്ചു എന്ന് നാം പറയുമ്പോൾ, അഭിമാനിക്കുമ്പോൾ കാർഷിക രംഗത്തെ ഉണർവാണ് ഇന്ന് ഈ ഗവൺമെന്റിനും നമുക്കുമൊക്കെ അഭിമാനകരമായിട്ടുള്ളത്. കർഷകൻ ചിരിച്ചാൽ കേരളം ചിരിക്കുന്നു. കർഷകൻ കരഞ്ഞാൽ കേരളം കരയുന്നു. അതുകൊണ്ട് കർഷകനുവേണ്ടി ഗവൺമെൻറ് ഒരു ഡിപ്പാർട്ടുമെന്റിനെക്കാൾ ഉപരി സർക്കാരിലെ മൊത്തത്തിലുള്ള എല്ലാ വിഭാഗങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ട ഒരു സാഹചര്യമുണ്ട്. കാർഷിക രംഗത്ത് തമിഴ്നാട്ടിൽ എന്ത് ചെയ്യുന്നു, കാർഷിക രംഗത്തെ പുരോഗതിയിലേക്ക് നയിക്കാൻ നാം അവിടെ പോയി പരിശോധിക്കുകയും പഠിക്കുകയും ചെയ്യേണ്ടതാണ്. ഇന്ന് കേരളത്തിലേക്ക് വരുന്ന മുഴുവൻ കാർഷിക ഉല്പന്നങ്ങളും അരി, പച്ചക്കറി തുടങ്ങിയ ഭക്ഷ്യപദാർത്ഥങ്ങളൊക്കെ തമിഴ്നാട്ടിൽ ഉൽപ്പാദിപ്പിക്കുന്നതാണ്. അവർ എങ്ങനെയാണ് ഉൽപ്പാദിപ്പിക്കുന്നത്? മഴപോലും ഇല്ലാത്ത ഒരു സംസ്ഥാനത്ത് എങ്ങനെയാണ് വൈദ്യുതിയുണ്ടാക്കുന്നത്. എങ്ങനെയാണ് വെള്ളം അവർക്ക് ലഭിക്കുന്നത് ഇത്തരം കാര്യങ്ങൾ അവിടെ പോയി നമ്മൾ പഠിക്കേണ്ടതാണ്. അതുപോലെതന്നെ അവിടുത്തെ ക്ഷീര കർഷകരുടെ കാര്യം നമുക്കറിയാം. 24 കമ്പനികളാണ് തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് പാൽ കൊണ്ടുവരുന്നത്. ഇത്രമാത്രം ചെലവ് ചെയ്ത് ഇവിടേക്ക് പാൽ കൊണ്ടുവരുമ്പോൾ അവർക്ക് എങ്ങനെ ലാഭം ലഭിക്കുന്നു. അവിടുത്തെ ക്ഷീരകർഷകർക്കുവേണ്ടി അവിടുത്തെ സംസ്ഥാന ഗവൺമെൻറ് എന്തു ചെയ്യുന്നു. അതുകൊണ്ട് കേര കർഷകർക്കും ക്ഷീര കർഷകർക്കും നെൽകൃഷിക്കാർക്കും പ്രത്യേകമായ സഹായങ്ങളും പ്രോൽസാഹനവും നൽകുന്ന ഒരു വലിയ പരിപാടിക്ക് സർക്കാർ മൊത്തത്തിൽ വലിയ പ്രാധാന്യം കൊടുത്ത് മുന്നോട്ട് പോകുന്ന സാഹചര്യം ഉണ്ടായില്ലെങ്കിൽ കഴിഞ്ഞ കാലത്തെപ്പോലെ കർഷകർ കടംകൊണ്ട് മരിക്കുന്ന, ആത്മഹത്യചെയ്യുന്ന ഒരു സാഹചര്യം ഉണ്ടാകും. കർഷകനെ പുരോഗതിയിലേക്ക് നയിക്കുന്ന ഒരു വലിയ മാറ്റം നമുക്കുണ്ടാകണം. കാർഷിക സർവ്വകലാശാല ഉടച്ച് വാർക്കണം, ഒരു സംശയവുമില്ല. പഴയകാലത്തെ നേട്ടങ്ങളെക്കുറിച്ച് മാത്രമാണ് അവർക്ക് ഊറ്റം കൊള്ളാനുള്ളത്. ഈ അടുത്ത കാലത്തായി കേരളത്തിൽ പടർന്നുപിടിച്ച മണ്ഡരിപോലുള്ള രോഗങ്ങൾക്ക് ആവശ്യമായ കീടനാശിനികൾ കണ്ടുപിടിക്കുന്നതിനോ എന്ത് പ്രതിവിധി വേണം എന്നോ കൃഷിക്കാർക്ക് പറഞ്ഞുകൊടുക്കാനും സാധ്യമായിട്ടില്ല. അതുകൊണ്ട് ഇതിനൊക്കെ വ്യക്തമായ ഒരു ധാരണ നമ്മുടെ ഗവൺമെന്റിനുണ്ടാകണം. അതുപോലെതന്നെ വൈദ്യുതി മഴപോലും ഇല്ലാത്ത തമിഴ്നാട്ടിൽ സൗജന്യമായി നൽകുന്ന സംവിധാനമുണ്ട്. നമ്മുടെ കേരളത്തിലും അങ്ങനെയുണ്ടായിരുന്നു. തൃശ്ശൂർ ജില്ലയിലെ 30,000 ഏക്കർ വരുന്ന കോൾ കർഷകർക്ക് നിരന്തരമായി ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതിക്ക് ഇന്ന് ഒരുപാട് തടസ്സങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചിലപ്പോൾ സമയാസമയം ഫാറം പൂരിപ്പിച്ചു കൊടുത്തില്ല എന്ന പേരിൽ അവർക്ക് ലഭിക്കേണ്ട വൈദ്യുതി സഹായം ലഭിക്കാതെ പോകുന്നു, പിഴപ്പലിശ അടക്കം കൂടിശ്ശിക അടയ്ക്കാൻ വലിയ ബില്ലുകളാണ് അവർക്ക് വന്നിട്ടുള്ളത്. ഇലക്ട്രിസിറ്റിയുടെ ഫ്യൂസ് ഊരുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇതിനൊക്കെ ഒരു പ്രതിവിധിയുണ്ടാകണം. കർഷകന് ഒരിക്കലും നഷ്ടപ്പെടാത്ത രീതിയിൽ വെള്ളം ലഭിക്കണം. പ്രത്യേകിച്ച് കോൾ മേഖല. കടൽ നിരപ്പിൽനിന്ന് താഴെ വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശമാണ് കോൾ മേഖല പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിച്ചാണ് അവിടെ കൃഷി നടത്തുന്നത്. പമ്പിംഗ് സബ്സിഡി, അതുപോലെതന്നെ കാർഷിക മേഖലയിൽ മറ്റ് നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കുന്ന ഒരുപാട് കാര്യങ്ങൾ നമുക്ക് ഇവിടെ ചെയ്യാൻ സാധിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആറ് കോടി രൂപ അവിടത്തെ കോൾ കാർഷിക മേഖലയിൽ കെ.എൽ.ഡി.സി. ചെയ്തുതീർത്ത പണികൾക്ക് കൊടുത്തുതീർക്കാനുണ്ട്. കോൾ കാർഷിക മേഖലയാകെ സ്തംഭിച്ചിരിക്കുന്നു. സർക്കാർ പുതിയ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പ്രത്യേക ശ്രദ്ധനൽകി 30,000 ഏക്കറുള്ള കോൾ കാർഷിക മേഖലയെയും കർഷകരെയും സംരക്ഷിക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുക്കാനുണ്ടായിരുന്ന ആറ് കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. സി. കെ. നാണു : സർ, ഞാൻ ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയത്തെ എതിർക്കുന്നു. മൽസ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് കേന്ദ്ര ഗവൺമെന്റ് പുതുതായി അനുവാദം കൊടുക്കാൻ പോകുന്നു. കേരളത്തിലെ കടലോരത്തുള്ള പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണിത്. സംസ്ഥാന ഗവൺമെന്റിന് ഇതിൽ ഒരു അഭിപ്രായമില്ലേ? സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ പലതിന്റെയും ഷെയറുകൾ സ്വകാര്യമേഖലയ്ക്ക് കൈമാറുന്നു. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ സംസ്ഥാന മുഖ്യമന്ത്രിമാരും സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ തന്നെ അതിനെതിരായി ശക്തമായ അഭിപ്രായം പ്രകടിപ്പിക്കുന്നു. ഇതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഒരു വാക്കെങ്കിലും ഈ മേഖലയെക്കുറിച്ച് പറയേണ്ടതല്ലേ? പിന്നെ "ജിം"-നെ സംബന്ധിച്ച് പറയുന്നു. പ്രതിപക്ഷ കക്ഷികൾ എവിടെയാണ് "ജിം"-നെ പരാജയപ്പെടുത്താൻ ശ്രമിച്ചത്? അതൊന്ന് വ്യക്തമാക്കണം. ഇന്ത്യയിൽ കോൺഗ്രസ് (ഐ) ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടില്ലേ. ബന്തുകൾ ഉണ്ടായിട്ടില്ലേ. ഏത് സംസ്ഥാനങ്ങളിലാണ് ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

സമരങ്ങളില്ലാത്തത്. "ജിം"-നെ പരാജയപ്പെടുത്താൻ കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ ഇന്ന ഇന്ന കാര്യങ്ങൾ ചെയ്തു എന്നുപറയാൻ ഗവൺമെന്റിന് സാധിക്കുമോ? അത് സാധിക്കില്ല. "ജിം" പരാജയപ്പെട്ടതിന് പല കാരണങ്ങളുണ്ട്. അതിനെക്കുറിച്ച് ചുരുങ്ങിയ സമയംകൊണ്ട് വിശദീകരിക്കാൻ സാധിക്കുകയില്ല. ഇവിടത്തെ പത്രങ്ങളെഴുതുന്നു, പല ചർച്ചകൾ നടക്കുന്നു, അതിന്റെ ഭാഗമെന്നല്ലാതെ ഇവിടെ പ്രതിപക്ഷകക്ഷികളുടെ തെറ്റായ പ്രവർത്തനം എന്താണെന്നു പറയണം. "ജിം"-ലൂടെ കേരളത്തിലേക്ക് പുതിയ വ്യവസായ ശാലകൾ വരുന്നതിനെ ഏത് രൂപത്തിൽ പ്രതിപക്ഷം എതിർത്തുവെന്നു പറയണം. ഇപ്പോൾ ബഹുമാനപ്പെട്ട പോൾസൺ മാസ്റ്ററുടെ പ്രസംഗത്തിൽ പറഞ്ഞു. മാറാട് പ്രശ്നത്തിൽ പ്രതിപക്ഷം എന്തുചെയ്തു. 2002-ൽ മാറാട് പ്രശ്നമുണ്ടായി. അന്ന് പ്രതിപക്ഷം അവിടെ പോയി പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിച്ചോ? ആകസ്മികമായ സംഭവങ്ങളുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ആവശ്യപ്പെട്ടതിന്റെ കൂടെ കോഴിക്കോട് ജില്ലയിലെ പ്രതിപക്ഷം നിങ്ങളോടൊപ്പം ഒരുമിച്ചു നിന്നില്ലേ? അതുകഴിഞ്ഞ് ഒരു വർഷം കഴിഞ്ഞശേഷം എട്ടൊൻപത് ആളുകൾ മരിക്കുന്ന ക്രൂരമായ സംഭവമുണ്ടായി, ആരാണ് ഉത്തരവാദി? ഇവിടെ മതസൗഹാർദ്ദം സംരക്ഷിക്കുന്നതിനെക്കുറിച്ച് പറഞ്ഞു, ഉത്തരവാദി ഞങ്ങളല്ല. അധികാരത്തിൽ ഇരിക്കുന്നവർക്ക് ഫലപ്രദമായി ആ സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ട് നടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല. എനിക്ക് അതെക്കുറിച്ചൊന്നും വിശദീകരിച്ച് പറയാൻ സാധിക്കുകയില്ല. ഒരു കാര്യംമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. ഇപ്പോൾ കേരളം വരൾച്ചയുടെ പിടിയിലാണ്. പാലക്കാട് ജില്ല അതിൽ ഏറ്റവും ഗുരുതരമായ അവസ്ഥയിലാണ്. ബഹുമാനപ്പെട്ട നാലഞ്ച് മന്ത്രിമാരും പ്രതിപക്ഷ നേതാവും എല്ലാം അവിടെ പോയി ഗൗരവമായി ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്തു. കൊക്കകോള, പെപ്സി കോള അവിടെ അനുവദിക്കാൻ കഴിഞ്ഞ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നത് പരിശോധിക്കണം. എത്ര ബോർവെല്ലുകൾക്ക് അനുമതി കൊടുത്തു, ആ രൂപത്തിലാണോ പ്രവർത്തിക്കുന്നത്, അതുപോലെതന്നെ അതിന്റെ പൊല്യൂഷൻ കൺട്രോൾ, ഇതിനെ സംബന്ധിച്ചെല്ലാം പരിശോധിക്കണം. പക്ഷേ പാലക്കാട് ജില്ലയിൽ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി കഷ്ടപ്പെടുന്ന ഈ ഘട്ടത്തിൽ ദിവസംതോറും പതിനായിരക്കണക്കിന് ബോട്ടിൽ വെള്ളം ആ പ്രദേശത്തു നിന്നെടുത്ത് ഒന്നുരണ്ട് കമ്പനികൾക്ക് വിറ്റഴിക്കാൻ ഇന്നും ഗവൺമെന്റ് അനുവാദം കൊടുക്കണമോ? ദേശസ്നേഹപരമായ ഒരു നടപടിയാണോ ചെയ്യുന്നത്? ഈ വരൾച്ചയുള്ള ഘട്ടത്തിൽ അത് അവസാനിപ്പിച്ച് മറ്റുള്ള പ്രശ്നങ്ങൾ പിന്നീട് പരിഹരിക്കാമെന്നുള്ള നടപടിയെങ്കിലും സ്വീകരിക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. പ്രമേയത്തെ അനുകൂലിച്ചും പ്രതികൂലിച്ചും ഇവിടെ ഒരുപാട് ചർച്ചകൾ നടന്നു. പ്രമേയത്തെ എതിർക്കുന്നവർ എന്താണ് പറയുന്നത്? ഒരു സംസ്ഥാനമെന്നുള്ള നിലയ്ക്ക് കേരളത്തിന് നിലനിൽക്കാൻ പോലുമുള്ള അവസ്ഥ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള ഒരു ഭൂതകാലം സൃഷ്ടിച്ച എൽ.ഡി.എഫ് പറഞ്ഞുപരത്തുന്നത് ഈ ഗവൺമെന്റിന്റെ ഭരണപരാജയത്തെ സംബന്ധിച്ചാണ്. അവർ കേരളീയരുടെ ഓർമ്മശക്തിയെ വെല്ലുവിളിക്കുകയാണ്. എന്താണ് ആന്റണി സർക്കാർ ചെയ്ത കുറ്റം? ആത്മഹത്യാ മുനമ്പിലേക്ക് ആദ്യം ഒറ്റയ്ക്കും പിന്നീട് കൂട്ടായും കടന്നുപോയിട്ടുള്ള കർഷകരേയും കർഷകത്തൊഴിലാളികളേയും അവിടെ നിന്നും മടക്കി ജീവിതത്തിന്റെ മനോഹരമായ തീരത്തിലേക്ക് തിരിച്ചുകൊണ്ടുവന്നതാണോ? ഇവിടെ നാലണയുടെ ഓട്ടക്കാശ് പോലും ഇല്ലാതാക്കി ഖജനാവ് കൊള്ളയടിച്ച് ഇറങ്ങിപ്പോയ ആളുകളാണ് ഇടതുപക്ഷക്കാർ. ആ ദുർഭരണം അവസാനിപ്പിച്ച് മെച്ചപ്പെട്ട ധനമാനേജുമെന്റ് വഴി സംസ്ഥാനത്തിന്റെ സമ്പദ്ഘടന പുനഃസംഘടിപ്പിച്ചതാണോ ഈ ഗവൺമെന്റ് ചെയ്ത കുറ്റം? കൊന്നവനെ വാദിയും ചത്തവനെ പ്രതിയുമാക്കുന്ന സി.പി.എം. നീതിവ്യവസ്ഥ അവസാനിപ്പിച്ച് കേരളീയ യുവത്വത്തിന്റെ കഴുത്തിനുമീതെ തല ഉറപ്പിച്ചതാണോ ഈ ഗവൺമെന്റ് ചെയ്ത തെറ്റ്? ക്രമസമാധാന രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഈ ഗവൺമെന്റുണ്ടാക്കിയത്? കെ.എസ്.ഇ.ബി. എന്നാൽ കമ്മീഷനെന്നും കൈരളി ചാനൽ എന്നുമുള്ള അവസ്ഥയ്ക്ക് മാറ്റം വരുത്തിയതാണോ ഈ ഗവൺമെന്റ് ചെയ്ത കുറ്റം? നടന്നാൽ നടുവൊടിയുന്ന സ്ഥിതിയിൽ നിന്നും പൊതുനിരത്തുകൾ മെച്ചപ്പെടുത്തി നല്ല നിലവാരത്തിലേക്ക് ഉയർത്താൻ ശ്രമിച്ചതാണോ കുറ്റം? വിദ്യാഭ്യാസ-വ്യാവസായിക മേഖലയിൽ ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങൾ നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയില്ല. കാരണം സ്വയം സൃഷ്ടിച്ചിട്ടുള്ള പ്രത്യയശാസ്ത്ര തടവറയിലാണ് നിങ്ങൾ. പഴകി തുരുമ്പിച്ച പൊതുമേഖലാ സങ്കല്പങ്ങളുടെ ചങ്ങലയിൽ കെട്ടിയിട്ടിരിക്കുകയാണ് ഇവരെ. ഇവർക്ക് കാലഘട്ടത്തിനൊത്ത് മാറാൻ പറ്റില്ല. കാലത്തിനൊത്ത് മുമ്പോട്ട് മാറാനും പറ്റില്ല. പക്ഷേ പുതിയ ലക്ഷ്യങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. നായ്ക്കൾ കുരയ്ക്കുകയാണ്. സ്വാർത്ഥവാഹക സംഘം ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ മുന്നോട്ട് പോകുകയാണ്. റവന്യൂ, ജലവിഭവം, ഗതാഗതം, വനം തുടങ്ങിയ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് കഴിഞ്ഞ രണ്ടര വർഷക്കാലം കൊണ്ടുണ്ടായത്. ആ മാറ്റത്തെ നല്ല നിലയിൽ നോക്കിക്കാണാൻ കഴിയാതെ ഗവൺമെന്റിനെ ആക്ഷേപിക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന ആളുകൾ സ്വയം

പരിഹാസ്യരാവുകയാണ്. അഞ്ചു മാസക്കാലമായി നമ്മുടെ നാട്ടിൽ നടന്ന സംഭവവികാസങ്ങളെ സംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സരസമായി സംസാരിച്ചു. ആ പ്രസംഗം കേട്ടപ്പോൾ വഞ്ചിക്കപ്പെട്ട കാമുകന്റെ വിലാപകാവ്യം പോലെയാണ് എനിക്ക് തോന്നിയത്. കാരണം താറാവിൻ മുട്ടയ്ക്ക് അടയിരുന്ന തള്ളക്കോഴിയുടെ അവസ്ഥയിലാണ് സി.പി.എം. ആ അവസ്ഥയിലായിപ്പോയി ആ പാർട്ടി. പുട്ടിന് ചില്ല് ഇടുന്നതുപോലെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയാണ് ഞങ്ങളുടേതെന്ന് ഇടയ്ക്കിടെ പറയുന്നത് കേട്ടു. അമ്പലപ്പുഴ ക്ഷേത്രത്തിൽ നിന്ന് ആരും അമ്പലപ്പുഴ പാൽപ്പായസം, അമ്പലപ്പുഴ പാൽപ്പായസം എന്ന് പറയാറില്ല. അമ്പലപ്പുഴ ക്ഷേത്രത്തിന് പുറത്തു നിന്ന് അമ്പലപ്പുഴ പാൽപ്പായസം എന്നു പറഞ്ഞാൽ അതിനു ക്ഷേത്രവുമായോ പാൽപ്പായസവുമായോ ഒരു ബന്ധവും ഉണ്ടാകില്ല എന്നതുപോലെ അദ്ദേഹം ഞങ്ങളുടേത് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയാണ് എന്ന് ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിക്കുകയാണ്. പാർട്ടിയെ പുറത്തുനിന്ന് തകർക്കാനും ഭിന്നിപ്പിക്കാനും പറ്റാത്തവർ ബൂർഷ്വാസികളായി അതിനകത്ത് നുഴഞ്ഞുകയറി പാർട്ടിയെ തകർക്കുമെന്ന് ലെനിൻ പണ്ട് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ എന്താണ് ആ പാർട്ടിക്കകത്ത് നടക്കുന്നത്? നാടിന്റെ പിന്തുണയില്ലാത്ത ആളുകൾ താടിയുടെ പിൻബലത്തോടെ ആ പാർട്ടിയെ തകർക്കാൻ ശ്രമിക്കുകയാണ്. അതിന് ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങൾ അകത്തുനിന്ന് പുറത്ത് വന്നവരാണ്. ഞങ്ങൾ അകത്ത് കയറുന്നവരല്ല. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ രാഷ്ട്രീയ സംഭവവികാസങ്ങളെ സംബന്ധിച്ച് കുറെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. കഴിഞ്ഞ അഞ്ചു വർഷക്കാലം കേരളത്തിലുണ്ടായ രാഷ്ട്രീയ സംഭവ വികാസങ്ങളുടെ പത്ര തലക്കെട്ട് ശ്രീ. കോടിയേരി ഇന്നലെ പറഞ്ഞു. അതിനൊക്കെ ഒരു മറുവശമുണ്ട്. മറുവശം ഏതാണ്ട് ഇങ്ങനെയാണ്; ബദൽ സർക്കാർ ഉടൻ, കരുണാകരനെ അവിശ്വസിക്കുന്നില്ല—അച്ചുതാനന്ദൻ, ലീഗിനെ കൂട്ടുകയില്ല—പാലൊളി, ലീഗിന്റെ പ്രശ്നം ചർച്ച ചെയ്തിട്ടില്ല—പിണറായി, ബദൽ നീക്കം സി.പി.എം.-ന് തൃപ്തിയുണ്ട്, ഘടകകക്ഷികൾ ബദൽ നീക്കത്തിന് എതിരാണ്, ആ നിലയിലുള്ള പല കാര്യങ്ങളും അതിലുണ്ട്. അതിനെപ്പറ്റി പറയാൻ എന്തേ കോടിയേരി വിട്ടുപോയി? എൽ.ഡി.എഫ്. സർക്കാരിന്റെ വഞ്ചനയുടെ ഫലമായി അറസ്റ്റിലാക്കപ്പെട്ട പി.ഡി.പി. നേതാവ് ശ്രീ. മഅ്ദനിയുടെ മോചനത്തെ സംബന്ധിച്ച് പറയാത്തത് എന്താണ്? നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടര വർഷത്തിനു മുമ്പുള്ള അഞ്ച് വർഷക്കാലം ഈ സംസ്ഥാനത്തെ ഭരിച്ച് മുടിച്ച, ഈ നാടിനെ സർവ്വനാശത്തിലേക്ക് തള്ളിനീക്കിയവർ ഇന്ന് മാറി നിന്ന് ചാരിത്ര്യപ്രസംഗം നടത്തുമ്പോൾ കേരളത്തിലെ ജനങ്ങൾ മൂക്കത്ത് വിരൽ വയ്ക്കുകയാണ്. കഴിഞ്ഞ രണ്ടര വർഷക്കാലമായി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ ലക്ഷ്യബോധത്തോടുകൂടി മുമ്പോട്ട് നീക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്, ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ലക്ഷ്യപ്രാപ്തിയിലേക്ക് സധൈര്യം മുന്നോട്ടു പോവുകയാണ്. ഗവൺമെന്റിന് വേണ്ടി അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപന പ്രസംഗത്തേയും അതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടു ശ്രീ. എ. എൻ. രാജൻ ബാബുവിന്റെ പ്രസംഗത്തേയും ഞാൻ ഒന്നുകൂടി അനുകൂലിക്കുകയാണ്.

ഡോ. കെ. സി. ജോസഫ്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് പ്രത്യേകിച്ച് ഒരു നന്ദി പറയേണ്ടുന്ന സ്ഥിതിയില്ല. കാരണം വസ്തുതാപരമല്ലാത്ത, മിഥ്യയായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള, യാതൊരു ലക്ഷ്യബോധവുമില്ലാത്ത, നയമില്ലാത്ത പ്രസംഗമാണ് ഗവർണ്ണറെക്കൊണ്ട് ഇവിടെ വായിപ്പിച്ചത്. പ്രധാനമായി ഗവൺമെന്റ് അവകാശപ്പെട്ടത് സാമ്പത്തിക രംഗം ഭദ്രമാണ്, ക്രമസമാധാനനില ഭദ്രമാണ്, കാർഷിക രംഗത്തെ മുരടിപ്പ് മാറി എന്നാണ്. ഈ മൂന്ന് ഘടകങ്ങളും വസ്തുതയ്ക്ക് നിരക്കുന്നതല്ലായെന്ന് യാഥാർത്ഥ്യം അറിയാവുന്ന നമുക്കെല്ലാവർക്കും അറിയാം. ഇപ്പോൾ ട്രഷറിയിൽ പണമിടപാട് നടക്കുന്നില്ല. ആഴ്ചകളായി പരിപൂർണ്ണ ബാനാണ്. ഇവിടെ പദ്ധതി കട്ടിനെക്കുറിച്ച് ആലോചിക്കുന്നു. 15 ശതമാനമാണോ 20 ശതമാനമാണോ പദ്ധതി കട്ട് ചെയ്യേണ്ടതെന്നുള്ള ഒരു നിലയിൽ സാമ്പത്തിക രംഗം തകർന്നിരിക്കുന്നു. എ.ഡി.ബി.യുടെ വായ്പ 600 കോടി രൂപ വാങ്ങി ചെലവഴിച്ചതിനു ശേഷവും നമ്മുടെ സാമ്പത്തികസ്ഥിതി മെച്ചമാക്കാൻ കഴിഞ്ഞിട്ടില്ല. അത് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്തതുകൊണ്ട് രണ്ടാമത്തെ ഗഡു ഈ സാമ്പത്തിക വർഷം കിട്ടാത്തതിനാൽ പദ്ധതി നടത്തിപ്പും അവതാളത്തിലായിരിക്കുന്നു. നമ്മുടെ പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമത അതാണ്. അത്തരമൊരു ഗവൺമെന്റിന് എങ്ങനെ ഇപ്പോൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയും. ഗുണ്ടാവിളയാട്ടം കൂടിയിരിക്കുന്നു എന്ന് ഇന്നലെ മുഖ്യമന്ത്രി തന്നെ സമ്മതിച്ചു. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി തന്നെ ഗുണ്ടകൾ ഇന്നും വർദ്ധിക്കുന്നു അക്രമം കൂടുന്നുവെന്ന് പറയുന്നു. ഗുണ്ടകൾ പരസ്പരം അക്രമിക്കുന്നു, കൊലപ്പെടുത്തുന്നു. അവയെ സംബന്ധിച്ച് ഫലപ്രദമായ നടപടികൾ ഒന്നുംതന്നെ സ്വീകരിക്കാൻ കഴിയുന്നില്ല. ആ നിലയിൽ സാമ്പത്തിക രംഗവും ക്രമസമാധാന നിലയും തകർന്നിരിക്കുന്ന ഒരു സ്ഥലത്ത് കാർഷിക വിളയിൽ റബ്ബറിനും നാളികേരത്തിനും അല്പം വില കൂടി. അന്താരാഷ്ട്ര രംഗത്തുള്ള സ്ഥിതിയുടെ ഫലമായുണ്ടായ ചെറിയ ചലനം. അത് വലിയ ഭീഷണിയല്ലേ? ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിനു മുമ്പ് തന്നെ പറഞ്ഞിട്ടുള്ള കാര്യം ഇറക്കുമതി ചുങ്കം

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കുന്നതിനെ കുറിച്ചാണ്. അങ്ങനെ വരുന്ന സാഹചര്യത്തിൽ നമ്മുടെ നാണ്യവിള കൃഷിക്ക് ഉണ്ടാകാവുന്ന അപകടത്തെ ദീർഘവീക്ഷണത്തോടുകൂടി കാണാനും അവയെ സംരക്ഷിക്കാനും കൃഷി നിലനിർത്താനും കഴിയുന്ന ഏതെങ്കിലും ഒരു പദ്ധതിയെക്കുറിച്ച് ഇതിൽ ഭാവനയുണ്ടോ? മറ്റ് നാണ്യവിളകളായ ഏലം, കുരുമുളക് തുടങ്ങിയ മേഖലകളൊക്കെതന്നെ തകർന്നുകൊണ്ടിരിക്കുകയാണ്. ഗ്രാമ്പുവിനൊന്നും വിലയില്ല. അങ്ങനെ തകർന്നുകൊണ്ടിരിക്കുന്നു ആ കാർഷിക സമ്പദ് വ്യവസ്ഥ. അത് നിലനിർത്താൻ കഴിയുന്ന യാതൊരു പദ്ധതിയും ഇവിടെ ഇല്ല. ചില ആലോചനകൾ നടക്കുന്നു. രണ്ടുമൂന്ന് വർഷം കൊണ്ടുപോലും നടപ്പാക്കാൻ കഴിയാത്ത ചില ഉട്ടോപ്പിയൻ ഐഡിയാസുമായി പോകുന്ന ഒരു സ്ഥിതി. അങ്ങനെ യാഥാർത്ഥ്യബോധമില്ലാത്ത അവകാശവാദവും ഇപ്പോൾ നിലനിൽക്കുന്ന സാഹചര്യവുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥിതിയുമാണ് ഇവിടെ ഈ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് ആർക്കെങ്കിലും നല്ല അഭിപ്രായം ഉണ്ടോ? ഇവിടെ പ്രസംഗിക്കുന്നതൊന്നും കൂട്ടേണ്ട കാര്യമില്ല. ഇന്നലെ രാത്രി ഞാൻ ടെലിവിഷൻ കണ്ടപ്പോൾ ഗവൺമെന്റിന്റെ ധനകാര്യ വകുപ്പിനെ സംബന്ധിച്ചും, ക്രമസമാധാന രംഗത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ചില പ്രസ്താവനകൾ നടത്തുന്നതു കണ്ടു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: യേസ്.....പ്ലീസ് കൺക്ലൂഡ്.....

ഡോ. കെ. സി. ജോസഫ്: ഞാൻ ഒറ്റ കാര്യം മാത്രമേ പറയുന്നുള്ളൂ. ഞാൻ പറയണമെന്ന് വിചാരിച്ചതല്ല. പക്ഷെ എല്ലാവരും പ്ലസ് ടു രംഗത്തെ ഹൈക്കോടതി കേസ് വിധിയെ സംബന്ധിച്ച് പറഞ്ഞു. ഹൈക്കോടതി ഒരു വിധി പ്രഖ്യാപിച്ചു. 360-ന്റെ ലിസ്റ്റ് കൃാൻസൽ ചെയ്തു. മുപ്പതംഗ കമ്മിറ്റി പരിശോധിച്ച ശേഷം സ്കൂൾ കൊടുക്കണം. കളക്ടറും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഒക്കെ നോക്കിയതിനുശേഷം കൊടുക്കണം എന്നു പറഞ്ഞു. അതനുസരിച്ച് കൊടുത്തു. ആദ്യത്തെ ലിസ്റ്റും രണ്ടാമത്തെ ലിസ്റ്റും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നു. ഇന്ന് മൂന്നു നാല് കൊല്ലം കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട ഗവൺമെന്റ് പറയുകയാണ് അതിനുശേഷം ഉണ്ടായിട്ടുള്ള കോടതിവിധികൾ നിങ്ങൾ എടുത്തു പരിശോധിക്കുക എന്ന്. കൃാൻസൽ ചെയ്ത ലിസ്റ്റ് രണ്ടാമത് പരിശോധിച്ചപ്പോൾ കൊടുക്കാതിരുന്ന എല്ലാ സ്കൂളുകൾക്കും പ്ലസ് ടു കൊടുക്കണമെന്ന് പറഞ്ഞ് പിന്നീട് ഹൈക്കോടതി വിധി വന്നു. ആ വിധിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ യഥാർത്ഥത്തിൽ ആദ്യം പ്രഖ്യാപിച്ച ലിസ്റ്റ് നിയമാനുസൃതവും ക്രമാനുസൃതവും ആണെന്ന് കാണുവാൻ കഴിയും. ഇനിയെങ്കിലും അത്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കാൻ ശ്രമിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഇത്തരം മൂന്നു കൊല്ലം മുൻപുള്ള കാര്യം ഇനിയും പറഞ്ഞു നിൽക്കാതെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് പറയാൻ ഗവൺമെന്റിന്റെ വക്താക്കൾ തയ്യാറാകണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. എം. എ. വാഹീദ്:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. തകർന്നു തരിപ്പണമായ സാമ്പത്തികസ്ഥിതിയിൽ നിന്നാണ് ഈ സർക്കാർ രണ്ടര വർഷം പിന്നിട്ടിരിക്കുന്നത്. എന്തിനേയും ഏതിനേയും എതിർക്കുന്ന പ്രതിപക്ഷമുള്ള സംസ്ഥാനമാണിത്. അവർ ഭരിച്ച കാലത്തു നടന്ന ക്രമക്കേടുകൾ ഓരോന്നായി പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. ഒരു ദിശാ ബോധമുള്ള സർക്കാർ, ലക്ഷ്യബോധമുള്ള സർക്കാർ പല കാര്യത്തിലും ധീരമായ നടപടികളെടുക്കാൻ വൈകുന്നു എന്നുള്ള ഒരു പരാതി എനിക്കുണ്ട്. ഈ സർക്കാരിന് സാമ്പത്തികകെടുതി ഉണ്ടാക്കിവച്ചത് കഴിഞ്ഞ സർക്കാരാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന സാമ്പത്തിക ക്രമക്കേടുകൾ അത് ജനകീയാസൂത്രണത്തിൽ ആയിരുന്നാലും, മാനവീയം ആയിരുന്നാലും, ഡി.പി.ഇ.പി. ആയിരുന്നാലും, പ്ലസ് ടു ആയിരുന്നാലും എന്തായിരുന്നു അഴിമതികൾ, ക്രമക്കേടുകൾ. ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് ഇപ്പോൾ ഓഡിറ്റ് റിപ്പോർട്ട് വഴി പുറത്തു വന്നുകൊണ്ടിരിക്കുന്നത്. അതിന് തക്കതായ നടപടികൾ സ്വീകരിച്ച് അതിന്റെ കുറ്റക്കാരെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കാൻ ഇപ്പോഴത്തെ സർക്കാർ വൈകുന്നു എന്നുള്ളതാണ് എന്റെ പരാതി. ഇപ്പോഴത്തെ സർക്കാരെങ്കിലും ശ്രദ്ധിച്ചാൽ ഇത്തരം സാമ്പത്തിക ക്രമക്കേടുകൾ കൊണ്ട് നമ്മുടെ ഖജനാവ് കാലിയാകുന്ന സ്ഥിതിവിശേഷം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ സാധിക്കും. ഈ സർക്കാർ അതിന് കർശനമായ നടപടികൾ സ്വീകരിക്കണം എന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാൻ നേരത്തെ പറഞ്ഞു, എന്തിനേയും എതിർക്കുന്ന ഒരു പ്രതിപക്ഷമാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്ന്. പണ്ടും ഈ കമ്യൂണിസ്റ്റ് പാർട്ടിക്കാർ എല്ലാ പുരോഗമന പരിപാടികളേയും എതിർക്കുകയാണ് ചെയ്തിട്ടുള്ളത്. പണ്ട് നമ്മുടെ കാർഷികരംഗത്ത് ട്രാക്ടർ ഇറങ്ങിയപ്പോൾ ട്രാക്ടറിനെ ചെറുത്തവരാണ്. കയർ മേഖലയിൽ ആധുനീകരണത്തിനുവേണ്ടി തൊണ്ട് തല്ലൽ മെഷീൻ വന്നപ്പോൾ അതിനെ എതിർത്തവരാണ്. എന്തിന് വിദ്യാഭ്യാസ രംഗത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ കൊണ്ടുവന്നപ്പോൾ അതിനെയും എതിർത്തവരാണ്. ഇന്ന് അവർ പരിഷ്കരണത്തേയും, പരിഷ്കാരങ്ങളേയും എതിർക്കുന്നവരായി മാറിയിരിക്കുന്നു. നേരത്തെ ശ്രീ. ഷിബു ബേബിജോൺ പറഞ്ഞു ഭരണപരിഷ്കാരങ്ങൾ നടത്തുന്ന എം. ജി. പി.യെ അവർ എതിർക്കുന്നു എന്ന്. എന്തിന് കോടിക്കണക്കിന് രൂപ ചെലവഴിച്ചു കൊണ്ടുവരുന്ന എക്സ്പ്രസ് ഹൈവേയെപ്പോലും എതിർക്കുന്നു. "ജിം"-നെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട്, ഈ നാട്ടിൽ കൂടുതൽ ഇൻവെസ്റ്റുമെന്റ് ഉണ്ടാക്കി, കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കി മിടുക്കൻമാരെ സൃഷ്ടിക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്ന വിദ്യാഭ്യാസ വകുപ്പിന്റെ പുരോഗമനപരമായ പ്രവർത്തനങ്ങളെ ഇവർ എതിർക്കുന്നു. എന്തിനും സമരം ചെയ്യുന്നവരാണ് ഇവർ. എന്റെ നിയോജകമണ്ഡലത്തിലുള്ള ടെക്നോപാർക്കിൽ ഇതുവരെ സമരം ഇല്ലായിരുന്നു. കഴിഞ്ഞ പത്തു വർഷക്കാലത്തെ പ്രവർത്തനം കഴിഞ്ഞതിന് ശേഷം ഇവിടെ ഇപ്പോൾ സമരം നടക്കുകയാണ്. ഇവിടെ ഏറ്റവും പ്രശസ്തമായി നടക്കുന്ന ടെറോയിഡ് കമ്പനിയിലെ നാല് ജീവനക്കാർ നടത്തിയ ക്രമക്കേടുകൾ എന്താണെന്നുകൂടി പരിശോധിക്കുന്നതിനെതിരെ ഒരു സമരം. ആ സമരത്തെ ഏറ്റെടുത്തിരിക്കുന്നത് സി.പി.എം. ആണ്. ഓവർ ടൈം മാത്രമേ ചെയ്യൂ എന്ന് നിർബന്ധം പിടിക്കുന്ന ഏഴ് തൊഴിലാളികൾ, അവർ പണി ചെയ്യേണ്ട സമയം കൃത്യമായി പണി ചെയ്യാതെ ഓവർ ടൈം മാത്രമേ ചെയ്യൂ. കഴിഞ്ഞ രണ്ടു മൂന്ന് വർഷക്കാലമായി ഓവർടൈം ചെയ്യുന്ന ഈ തൊഴിലാളികൾ കൃത്യമായി തൊഴിൽ ചെയ്യുവാനും ബാക്കിയുള്ള തൊഴിലാളികൾക്കുകൂടി ഓവർ ടൈമിന് അവസരം നൽകണമെന്നുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ എല്ലാ തൊഴിലാളികൾക്കും വേണ്ടി അവിടുത്തെ മാനേജ്മെന്റ് സ്വീകരിച്ച നടപടിക്കെതിരായി ഇപ്പോൾ അവിടെ സി.പി.എം. കൂടിൽകെട്ടി സമരം നടത്തുന്നു. എന്റെ നിയോജക മണ്ഡലത്തിലെ അന്താരാഷ്ട്ര പ്രസിദ്ധിയുള്ള സ്ഥാപനമാണ് ടെക്നോപാർക്ക്. അതിന്റെ മുൻപിൽ കൂടിൽ കെട്ടിയുള്ള ഈ സമരം ഒഴിവാക്കാൻ ബഹുമാനപ്പെട്ട സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം. പാവപ്പെട്ട ചെറുപ്പക്കാരുടെ പ്രതീക്ഷയായ വ്യവസായ മുന്നേറ്റത്തെ തടസ്സപ്പെടുത്തുന്ന സി. പി. എം.-ന്റെ സമരപരിപാടികൾ അവസാനിപ്പിക്കുവാൻ സർക്കാർ മുൻകൈയെടുക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. എതിർക്കാതിരിക്കാൻ ഒരു മാർഗ്ഗവും ഇല്ല. ഞാൻ ആലോചിക്കുകയാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയെ കേരളത്തിലെ ജനങ്ങൾ, അങ്ങ് പ്രതിപക്ഷ നേതാവ് ആയിരുന്നപ്പോഴും കോൺഗ്രസ് നേതാവ് ആയിരുന്നപ്പോഴും എത്ര ആദരവോടുകൂടിയാണ് കണ്ടിരുന്നത്. പക്ഷെ ഈ ഭരണത്തിൽ വന്നതിനുശേഷം അങ്ങയുടെ വ്യക്തിത്വത്തിനു തന്നെ ഇടിവ് പറ്റിയിട്ടുണ്ടോ എന്ന് സംശയിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇത് പറയാൻ കാരണം അങ്ങയുടെ കസേര സംരക്ഷിക്കാൻവേണ്ടി എന്തു വിട്ടുവീഴ്ചയ്ക്കും അങ്ങ് തയ്യാറാകുന്ന എന്ത് ഒത്തുതീർപ്പിനും തയ്യാറാകുന്ന ഒരു മാനസിക നിലയിലേക്ക് അങ്ങ് മാറിയിരിക്കുന്നു. ഇത് കേരളത്തിൽ വലിയ നഷ്ടമുണ്ടാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ചിലരോടൊക്കെ വിരോധമുള്ളതായി തോന്നുന്നല്ലോ;

ശ്രീ. പി. സി. ജോർജ്: അങ്ങേക്ക് ഞാൻ പറയുന്നത് സുഖിക്കുന്നില്ലെന്നെനിക്കറിയാം. അങ്ങ് എനിക്ക് സമയം കൂടുതൽ തരും എന്നുള്ളത് സന്തോഷമുള്ള കാര്യമാണ്. ഇന്നും ഇന്നലേയുമായിട്ടുള്ള പ്രസംഗം കേട്ടു. ഇവിടെ ബി.എഡ്. കോളേജിന് അനുവാദം കൊടുത്തതിൽ വ്യാപകമായ അഴിമതിയുണ്ടെന്നുള്ള ആരോപണം വന്നപ്പോൾ അത് ശരിയോ തെറ്റോ എന്ന് പറയുന്നതിന് പകരം പ്ലസ് ടു കൊടുത്തതിൽ കുഴപ്പമുണ്ടെന്ന് പറയുന്ന മാനസികനില എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഞാൻ ചോദിക്കട്ടെ നിങ്ങളുടെ കൈയിൽ അധികാരം ഇരിക്കുകയല്ലേ, പ്ലസ് ടു കൊടുത്തതിൽ അഴിമതിയുണ്ടെങ്കിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് വളരെ വ്യക്തമായി ജുഡീഷ്യൽ അന്വേഷണത്തിന് ഓർഡർ ഇടണം. ഞങ്ങളുടെ പ്ലസ് ടു നിയമനം കൂടി അങ്ങ് എടുത്തോ. അതിനെന്താ കുഴപ്പം. ഇന്നലെ ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ ഇവിടെ പറഞ്ഞു, മുസ്ലീങ്ങൾക്ക് പ്ലസ് ടു കൊടുത്തതിൽ കുറവ് വരുത്തി എന്ന്. ഇത്രയും മോശമായി അദ്ദേഹം പറഞ്ഞതിൽ എനിക്ക് സങ്കടമുണ്ട്. എന്താ യാഥാർത്ഥ്യം, മുസ്ലീങ്ങൾക്ക് അങ്ങനെ ബി.എഡ്. കോളേജ് കൊടുക്കുന്നുവെങ്കിൽ, ഞാൻ ചോദിക്കട്ടെ മുസ്ലീങ്ങൾക്ക് പ്ലസ് ടു കൊടുക്കാഞ്ഞതുകൊണ്ട് നിങ്ങൾ ബി.എഡ്. കൊടുത്ത് സാന്ത്വനപ്പെടുത്തിയോ? അങ്ങനെ പ്ലസ് ടു കൊടുക്കുന്നുവെങ്കിൽ മധ്യ തിരുവിതാംകൂറിലെ ഏറ്റവും വലിയ മുസ്ലീം സെന്റർ എന്നു പറയുന്നത് ഈരാറ്റുപേട്ടയാണ്. അവിടെ ഒന്നും കൊടുത്തില്ലല്ലോ? അപ്പോൾ മുസ്ലീം പ്രീണനമല്ല. പ്രീണനത്തിലും കൂടുതലായി എന്തോ ഉണ്ട്. പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ മ്അദനി സാഹിബിന്റെ കാര്യം പറഞ്ഞു. അദ്ദേഹത്തെ അറസ്റ്റ് ചെയ്തത് തമിഴ്നാട് കോടതിയുടെ അറസ്റ്റ് വാറണ്ട് ഉള്ളതുകൊണ്ടാണ്. കഴിഞ്ഞ ആറു വർഷക്കാലമായി ഒരു മലയാളിയായ മനുഷ്യനെ ഒരു മനുഷ്യത്വവും ഒരു മര്യാദയും ഇല്ലാതെ ജയിലിൽ ഇട്ടിരിക്കുകയാണ്. അദ്ദേഹത്തെ കേസ് വിസ്തരിച്ച് ശിക്ഷിച്ചാൽ പത്തു കൊല്ലത്തിൽ കൂടുതൽ ശിക്ഷ കിട്ടുമോ. ഏഴ് കൊല്ലമായി അദ്ദേഹം അകത്ത് കിടക്കുകയാണ്. അദ്ദേഹത്തെ വിടുന്ന കാര്യം തമിഴ്നാട് സർക്കാർ ഇങ്ങോട്ട് എഴുതിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസ് മേധാവി ഡി.ജി.പി. കൊടുത്ത റിപ്പോർട്ട് എന്താണ്? അഴിച്ച് ഇങ്ങോട്ട് കൊണ്ടുവന്നാൽ കുഴപ്പമുണ്ടാകും, ഇവിടെ ക്രമസമാധാന ലംഘനം ഉണ്ടാകുമെന്നുള്ള റിപ്പോർട്ടാണ് കൊടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ ഗവൺമെന്റാണ് കൊടുത്തത്. അതുകൊണ്ടാണ് മ്അദനി സാഹിബ് ഇപ്പോഴും ജയിലിൽ കിടക്കുന്നത് എന്ന് മ്അദനി സാഹിബിനുവേണ്ടി പ്രസംഗിച്ച രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

സുഹൃത്തുക്കളും മനസ്സിലാക്കണം. പാർലമെന്റ് തിരഞ്ഞെടുപ്പ് വന്നപ്പോൾ മുസ്ലീം സമുദായത്തിന്റെ വോട്ട് തട്ടിയെടുക്കാൻ വേണ്ടി ഇങ്ങനെ നീചമായ പ്രചരണവുമായി ഇറങ്ങിത്തിരിക്കരുത്. വളരെ വ്യക്തമായി പറയുന്നു ഏഴ് വർഷമായി അകത്തു കിടക്കുന്ന പാവപ്പെട്ട മ അദനി സാഹിബിനെ തിരികെ കൊണ്ടുവരാൻ മനുഷ്യത്വപരമായ നയം സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് വസ്തുവിന് താരിഫ് വില പ്രഖ്യാപിച്ചിരിക്കുകയാണ്. പുന്നാട് എന്നു പറയുന്ന കൂട്ടിക്കൽ പഞ്ചായത്ത് ഒരു മലമ്പ്രദേശമാണ്. ഒരു ഹെക്ടർ സ്ഥലത്തിന് വച്ചിരിക്കുന്നത് 37 ലക്ഷം രൂപയാണ്. ആധാരമേ നടക്കുന്നില്ല. കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും മൂന്നു വിധത്തിലാണ് നിയമം ഉണ്ടാക്കി വച്ചിരിക്കുന്നത് നോട്ടിഫിക്കേഷൻ നടത്തിയിരിക്കുന്നത്. പഞ്ചായത്തിൽ ഇപ്പോൾ വസ്തു ആധാരം ചെയ്യുകയാണെങ്കിൽ ആറു ശതമാനമേ വരികയുള്ളൂ. ഇഷ്ടദാനം കൊടുക്കണമെങ്കിൽ അഞ്ചും, രണ്ടും ഏഴ് ശതമാനം ആകും. ഇഷ്ടദാനം കൊടുക്കുന്നതിന് പകരം ആധാരം ചെയ്താൽ പോരെ. ഈ നിലയിൽ അശാസ്ത്രീയമായി ഉണ്ടാക്കിയിരിക്കുന്ന ഈ താരിഫ് വിലനിർണ്ണയം മാറ്റാനുള്ള നടപടി സ്വീകരിക്കണം എന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഒരുവിധത്തിലും അനുകൂലിക്കാൻ പറ്റാത്തതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. കെ. എ. ചന്ദ്രൻ</u> : സർ, ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഗവർണ്ണർ ഇവിടെ നടത്തിയ പ്രസംഗം അഭിമാനത്തോടും സന്തോഷത്തോടും കൂടിയാണ് കേട്ടതും സ്വീകരിച്ചതും. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജനപ്രതിനിധികളായ നമുക്കൊക്കെ ആശ്വാസമേകുന്നു എന്ന് തോന്നിക്കുന്ന ഒരു നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. കൂറുമാറ്റ നിയമം. ഈ കൂറുമാറ്റ നിയമത്തിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ടാണോ ജനാധിപത്യം പുലരേണ്ടത് എന്ന് നമ്മേപ്പോലെയുള്ള ജനപ്രതിനിധികൾ ആലോചിക്കാൻ വൈകിയിട്ടില്ലേ? ഇതുകൊണ്ടല്ലേ നമ്മുടെ നിലയും വിലയും ജനങ്ങൾ അറിഞ്ഞ് നമ്മെ ബഹുമാനിക്കാത്തത്, ആദരിക്കാത്തത്, വിശ്വസിക്കാത്തത് എന്നുള്ളതിനെക്കുറിച്ച് നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്. പക്ഷേ ദൈനംദിന കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്ന പാർട്ടിയിൽ നിന്ന് സ്ഥാനാർത്ഥികളായി മൽസരിച്ച് ജനപ്രതിനിധികളായി ജയിച്ചുവരുന്നവർ ഓടിപ്പോകാതിരിക്കാൻ, നിലനിർത്താൻ ഇത് നല്ലതാണ് എന്നതിൽ കവിഞ്ഞ് ഇത് ജനാധിപത്യത്തിന് യോജിക്കാത്തതാണെന്ന് ഉള്ളാലെ ആരും ചിന്തിക്കരുതേ എന്ന മനോവേദനയോടെയുള്ള അഭ്യർത്ഥനയുണ്ട്. അതു തന്നെയാണ് ഇവിടെയും കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് അധികാരത്തിൽ കയറിയിട്ട് വർഷം രണ്ടര കഴിഞ്ഞു. മൂന്നാകാൻ പോകുന്നു. എ. കെ. ആന്റണി ഗവൺമെന്റ് വരുന്നതിനു മുമ്പ് ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടായിരുന്നല്ലോ. ആ ഗവൺമെന്റിനെ ജനങ്ങൾ അധികാരത്തിൽ നിന്ന് മാറ്റിയത് എന്തിന്റെ പേരിലാണ്? ഭരിച്ചപ്പോൾ കാട്ടിക്കൂട്ടിയ കോലാഹലങ്ങൾകൊണ്ട് ജനങ്ങളുടെ മാന്യത കൊണ്ട്, അവർ അറിഞ്ഞിട്ടും മാന്യത പുലർത്തിയതുകൊണ്ട് മാത്രമല്ലേ അന്നതു നിലനിന്നത്? അവർക്ക് അവസരം ലഭിച്ചപ്പോൾ അതിന് അവർ പ്രതികരിക്കുകയും ചെയ്തു. ഇത് ഓർക്കേണ്ടതില്ലേ? മുൻ ഗവൺമെന്റിന്റെ കാലത്ത് ഐക്യ ജനാധിപത്യ മുന്നണി പ്രതിപക്ഷത്തായിരുന്നുവല്ലോ. ഇവിടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോ ഗവൺമെന്റിന്റെ സുഗമമായ പ്രവർത്തനത്തിനോ എതിരായി അന്ന് ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷ നേതാവായിരുന്നുകൊണ്ട് ഞങ്ങൾക്ക് എന്തെങ്കിലും പറയാനും ചെയ്യാനും നേതൃത്വം നൽകിയോ? ആ ആനുകൂല്യങ്ങൾ പറ്റിക്കൊണ്ട്, പ്രതിപക്ഷം സജീവമല്ല എന്നു പറഞ്ഞ് ഇവിടെ കാട്ടിക്കൂട്ടിയ പേക്കോലങ്ങളും ഇവിടുത്തെ സർക്കാർ ഖജനാവിനെ പകൽക്കൊള്ളയടിച്ചതും ഒക്കെ ഇവിടെ വസ്തുതയായി, സത്യമായി നിലനിൽക്കുന്നു എന്നത് അറിയാതെ പോകുന്നത് ശരിയല്ല. എവിടെ നിന്നാണ് ശ്രീ. എ. കെ. ആന്റണി മന്ത്രിസഭ തുടങ്ങിയത്? പടുകുഴിയിൽ നിന്ന്, ചളിക്കുഴിയിൽ നിന്ന്. രാഷ്ട്രീയ മാറ്റത്തിൽ നിന്ന്. ഭരിക്കുന്ന മുന്നണിക്ക് എണ്ണത്തിൽ ഭൂരിപക്ഷം ഉണ്ടായെങ്കിലും അധികാരത്തിൽ തുടങ്ങിയ നാൾ മുതൽ പ്രതിപക്ഷം എന്താണ് ചെയ്തുവരുന്നത്? ഭരണപക്ഷം കാണിക്കുന്ന തെറ്റുകളും കുറ്റങ്ങളും കണ്ടറിഞ്ഞു വിമർശിക്കാൻ പ്രതിപക്ഷം ബാദ്ധ്യസ്ഥരാണ്. പക്ഷേ, ദരിദ്ര കേരളം, രാഷ്ട്രീയ അധഃപതനത്തിൽ കഴിയുന്ന കേരളം, പഠിച്ച കുട്ടികൾക്ക് പണിയില്ലാത്ത കേരളം, പഠിക്കാൻ അവസരം കിട്ടാത്ത കേരളം, നല്ല കാര്യങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അതിനെ ആത്മാർത്ഥതയോടെ സമീപിക്കേണ്ടതിനു പകരം ഇവിടെ എന്തെങ്കിലും ഒരു സൈര്യം അവിടെയുള്ളവരും ഇവിടെ ചിലരും നൽകിയിട്ടുണ്ടോ? ഇത് നമ്മൾ ആലോചിക്കേണ്ടതല്ലേ? "ജിം" പ്രതീക്ഷയോടുകൂടി കൊണ്ടുവന്നതാണ്. അതിനെ ആടിനെ പട്ടിയാക്കുന്ന നിലയിൽ "ജിം" പരാജയപ്പെട്ടു എന്ന് പറയിക്കുന്നിടംവരെ എത്തി. പരാജയപ്പെട്ടോ? പരാജയപ്പെടുത്തിയോ? പരാജയപ്പെട്ടാൽ കേരളത്തിന്റെ ഗതി മെച്ചമാകുമോ? നമ്മുടെ കേരളത്തിലെ യുവതീ-യുവാക്കൾക്ക് പ്രതീക്ഷയുമുണ്ടാകുമോ? പ്രതീക്ഷയറ്റ് കഴിയുന്ന കർഷക ജനതയും യുവതീ-യുവാക്കളുമാണ് ഇവിടെയുള്ളത്. അവർക്ക് പ്രതീക്ഷ നൽകുന്നതിന് കഴിയണം. ആശ്വാസമേകിയില്ലെങ്കിലും നിഷ്കരുണം അവരെ തല്ലിത്തകർക്കാൻ ശ്രമിക്കുന്നവർ പ്രതിപക്ഷമായാലും ഭരണപക്ഷമായാലും ജനങ്ങൾ മാപ്പ് നൽകില്ല എന്നുള്ളത് ഓർക്കണം.

2/402/2012—33.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഒരു ഗവൺമെന്റ് വന്നാൽ മൊത്തത്തിൽ വിലയിരുത്തുക ആദ്യം ക്രമസമാധാന നില സംബന്ധിച്ചാണ്. ഇത് പുതിയൊരു ഗവൺമെന്റല്ല. മുൻ കാലങ്ങളിൽ രാജാവിലേറെ രാജഭക്തി കാണിക്കുന്ന ഒരു പോലീസ് സേനയായിരുന്നു ഉണ്ടായിരുന്നത്. ഭരണ കക്ഷിയിലെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ആളുകളുടെ പിണിയാളുകളായി നിന്നാൽ മാത്രമേ കാക്കിയുടുപ്പിട്ട ആളുകൾക്ക് അവിടെ നിൽക്കാൻ കഴിയൂ എന്ന സ്ഥിതി ഉണ്ടായിരുന്നു. ഇവിടെയും അവിടെയുമുള്ള ആളുകൾ വരുത്തിയിട്ടുണ്ട്. അതിനൊരു മാറ്റം വരുമ്പോൾ സഹിക്കില്ല എന്നത് ശരിയാണ്. പക്ഷേ പൊതുജനങ്ങൾക്ക് ഇന്ന് ഭരണ കക്ഷിയിലെ ആളുകളുടെ ഒത്താശയില്ലാതെയും മറ്റ് രാഷ്ട്രീയ കക്ഷികളുടെ അകമ്പടിയില്ലാതെയും പോലീസ് സ്റ്റേഷനിൽ പോകാൻ കഴിയും എന്ന അവസ്ഥ ചെറിയ കാര്യമാണോ? പക്ഷേ ഈ അവസ്ഥയെ കുറേ പോലീസ് മേധാവികളും പോലീസ് ഉദ്യോഗസ്ഥൻമാരും ദുരുപയോഗപ്പെടുത്തുന്നുണ്ട്. അത് സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. ജനങ്ങൾക്ക് സംരക്ഷണവും തുല്യനീതിയും ലഭ്യമാക്കാൻ പോലീസിന് നൽകിയ സ്വാതന്ത്ര്യം ചിലർ ദുരുപയോഗപ്പെടുത്തുന്നുണ്ട്. അങ്ങനെ ദുരുപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ആക്ഷേപം ലഭിച്ചാൽ, ആ അതിക്രമം കാണിച്ച, തെറ്റ് ചെയ്ത ആളുകൾ തന്നെ അന്വേഷിക്കുന്ന ഒരു വ്യവസ്ഥിതിയാണ് ഇന്നുള്ളത്. അത് മാറ്റണം. സ്വതന്ത്രമായ അന്വേഷണം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.. ഇനി മാറാട് പ്രശ്നം, ചെറുതാണോ? പരസ്യമായി പറയാൻ മടിയുണ്ടെങ്കിലും അവനവന്റെ നെഞ്ചത്ത് കൈവച്ച് അതിന് മറുപടി കാണേണ്ടതല്ലേ? അത് എണ്ണയൊഴിച്ച് കത്തിച്ചാൽ ഉണ്ടാകുന്ന വിപത്ത് ഇവിടെ ഉണ്ടായോ? അതിൽ നാം അഭിമാനിക്കേണ്ടതല്ലേ? ഗാന്ധിയൻ സംഘടനകളുടേയും വിവിധ സമുദായസംഘടനകളുടേയും ഗവൺമെന്റിന്റേയും സംയുക്തമായ, ആത്മാർത്ഥമായ ശ്രമം കൊണ്ടല്ലേ അത് ആളിക്കത്താതിരുന്നത്? അതിൽ നമുക്ക് മതിപ്പ് തോന്നേണ്ടതല്ലേ? മാത്രമാണോ, പോലീസ് സേന നവീകരിക്കുന്നതിന് ഇടതുപക്ഷ മുന്നണി ഭരണത്തിന്റെ അവസാന രണ്ട് വർഷങ്ങളിൽ എത്ര ഉറുപ്പികയാണ് ചെലവഴിച്ചത്? ഇവിടെ കണക്കുണ്ടല്ലോ. ഞാൻ മനസ്സിലാക്കിയിടത്തോളം എട്ടു കോടി രൂപയാണ് ആ രണ്ട് വർഷങ്ങളായി നിങ്ങൾ ചെലവഴിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 140 കോടി രൂപ പോലീസ് സേനയുടെ നവീകരണത്തിനായി ചെലവഴിച്ചു എന്നത് നിസ്സാര കാര്യമാണോ? അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ അനുകൂലിക്കണ്ടേ? പറയുക നിങ്ങൾ. ഇവിടെ സ്ത്രീകൾക്ക് പോലീസ് സേനയിൽ പ്രാതിനിധ്യം നൽകുന്നതിന് വീറോടെ എല്ലാവരും വാദിക്കാറുണ്ട്. മുമ്പ് ചെയ്തുവോ? ഈ ഗവൺമെന്റ് വന്നതിനുശേഷമല്ലേ 600 വനിതാ പോലീസുകാർക്ക് നിയമനം നൽകിയത്?

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് നിർത്തിയോ? 573 വനിതകൾക്കുകൂടി നിയമനം നൽകാനുള്ള നടപടി സ്വീകരിച്ച വിവരം നമുക്ക് അറിഞ്ഞുകൂടെ? പോലീസ് സേനയിൽ സ്ത്രീകൾക്ക് 10% പ്രാതിനിധ്യം നൽകണമെന്ന ഉറച്ച തീരുമാനവുമായി പോകുന്ന ആഭ്യന്തര വകുപ്പിനെ നമുക്ക് പ്രശംസിക്കേണ്ടതില്ലേ? അതിന്റെയൊക്കെ ആശ്വാസവും ആത്മവിശ്വാസവും സ്ത്രീകളിലും ഉണ്ടായിട്ടില്ലേ? ഒപ്പം പോലീസിന് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിൽ പട്ടണപ്രദേശത്തുള്ളത് ആദ്യമാദ്യം നടപ്പിലാക്കുകയും ഗ്രാമങ്ങളിലും വനാന്തരങ്ങളിലുമുള്ളത് ബാക്കിവരുമ്പോൾ ചെയ്യുകയും ചെയ്യുക എന്ന രീതി ഉണ്ടായിക്കൂടാ. ഞാൻ പ്രതിനിധാനം ചെയ്യുന്ന കൊല്ലങ്കോട് നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം പോലീസ് സ്റ്റേഷൻ പോലീസുകാർക്ക് താമസിക്കാനുള്ള കേന്ദ്രം കൂടിയാണ്. ആ കെട്ടിടം പഴകിത്തുടങ്ങിയിട്ട് വർഷങ്ങളായി. അതുപോലെയുള്ള സ്റ്റേഷനുകൾ അടിയന്തിര പ്രാധാന്യത്തോടുകൂടി കണ്ടുമനസ്സിലാക്കി പുതുക്കേണ്ടത് അത്യാവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന സാമ്പത്തിക സ്ഥിതി ബഹുമാന്യരായ എല്ലാ ആളുകളും ഇവിടെ സൂചിപ്പിച്ചതാണ്. മുൻ സർക്കാർ നൽകിയ ചെക്കുകൾ പൂർണ്ണമായും വണ്ടിച്ചെക്കുകൾ ആയിരുന്നില്ലേ? ഇന്നും അങ്ങിങ്ങ് പോരായ്മകളുണ്ട്. ആ പോരായ്മകൾ തന്നെ ട്രഷറി ബാൻ മാറ്റുന്ന സന്ദർഭത്തിൽ യഥാസമയം ട്രഷറിയിൽ പ്രസന്റ് ചെയ്യാത്തതുകൊണ്ട് വരുന്ന പോരായ്മയാണ്. അത് ആരെന്ന് കണ്ടുപിടിക്കണം. ഈ ഭരണത്തെ മോശപ്പെടുത്താൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കണം. അതുപോലെ നിരവധി നിരവധി നല്ല കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റാണിത്. ശ്രീ. ജോർജ് തന്നെ പറയണം അങ്ങ് ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തെ എതിർത്തല്ലോ? മുൻ ഗവൺമെന്റ് 1200 അധ്യാപകരെ പ്ലസ് ടു വിൽ നിയമിച്ച് അനാഥരാക്കി വിട്ടില്ലേ? അവരെ സ്ഥിരപ്പെടുത്തിയത് ഈ ഗവൺമെന്റല്ലേ? ആ ഇനത്തിൽ മാത്രം 350 കോടി രൂപ ചെലവഴിക്കേണ്ടി വന്നത് ഈ ഗവൺമെന്റിനല്ലേ? കോൺട്രാക്ടർമാർക്ക് കൊടുക്കേണ്ട സംഖ്യയോ? 9050 കോടി രൂപ ബാലൻസ് ഉണ്ടായിരുന്നില്ലേ? അതൊക്കെ കൊടുത്തുതീർത്തില്ലേ? എന്തിന്, പാവപ്പെട്ടയാളുകൾക്ക് വീട് വയ്ക്കാൻ ഹഡ്കോ വായ്പയെ ഏത് നിലയിലാണ് കഴിഞ്ഞ ഗവൺമെന്റ് കൈകാര്യം ചെയ്തത്? അത് ഒരിക്കലും കിട്ടാത്തവണ്ണമാക്കിത്തീർത്തില്ലേ? അതിനെ പുനരുജ്ജീവിപ്പിച്ചത്, ഇന്ന് സാധാരണക്കാരായ ആളുകൾക്ക് വായ്പ ലഭ്യമാക്കാൻ ആവശ്യമായത് ചെയ്തത് ഈ ഗവൺമെന്റല്ലേ? എല്ലാവരും വാക്കുകൊണ്ടല്ലാതെ, പ്രവർത്തികൊണ്ട് ഒരു ആനുകൂല്യവും എത്തിക്കാതെ ആദിവാസികളുടെ കാര്യങ്ങൾക്ക് ആരാണ്

LIBRARY ARCHIVES Kerala Legislative Assembly

ഹൃദയത്തിൽ തൊട്ട് പ്രതിവിധി കാണാൻ ശ്രമിച്ചത്? ഈ ഗവൺമെന്റല്ലേ? 1708 ആദിവാസി കുടുംബങ്ങൾക്ക് 2558.38 ഏക്കർ ഭൂമി നൽകിയത് ഈ കാലഘട്ടത്തിലല്ലേ? അതിന്റെ പേരിൽ മുഖ്യമന്ത്രിയെ നിഷ്കരുണം അപമാനിതരാക്കാൻ ശ്രമിച്ച ആളുകളല്ലേ നിങ്ങളിൽ പലരും? അതിനെ അഭിമാനത്തോടെ കാണേണ്ടതല്ലേ? അതുപോലെ ഫ്രീ റേഷൻ. നിരവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഞാൻ സുദീർഘമായി മറ്റ് കാര്യങ്ങളിലേക്ക് നീങ്ങുന്നില്ല. പാലക്കാട് ജില്ല കൊടും വരൾച്ചയിലാണ്. വരൾച്ചയെ സംബന്ധിച്ച് നിവേദനം നടത്തിയപ്പോൾ പ്രതിപക്ഷനേതാവും നാല് മന്ത്രിമാരും അവിടെ സന്ദർശിക്കുകയും ഞങ്ങളോട് എല്ലാ കാര്യങ്ങളും അന്വേഷിക്കുകയും പ്രതിവിധി പലതും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആ പ്രതിവിധി യഥാസമയം നടത്തേണ്ടതുണ്ട്. നടത്തുന്നതോടൊപ്പംതന്നെ അവിടത്തെ പ്രധാന പ്രശ്നം ജലസേചനമാണെന്ന് അങ്ങേക്കും അറിയാം. പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കാൻ, പുനരവലോകനം ചെയ്യാൻ ഈ വക കാര്യങ്ങളിൽ ഗവൺമെന്റ് ധീരമായ നടപടിയെടുത്തു. അത് മാർച്ച് മാസത്തിൽ രണ്ട് അയൽ സംസ്ഥാനങ്ങളുടേയും മുഖ്യമന്ത്രിമാർ ചേർന്ന് പൂർത്തിയാക്കും എന്നറിയുന്നതിൽ സന്തോഷമുണ്ട്. അന്തർസംസ്ഥാന നദീജല കരാറുകൾ ഉണ്ടാകുമ്പോൾ ജലസേചന കാര്യത്തിൽ കേരളത്തിൽ എന്തെങ്കിലും പണി ചെയ്യണമെങ്കിൽ അത് കേരളത്തിന്റെ നിയന്ത്രണത്തിൽ തന്നെ ആകണം. ഉണ്ടാക്കുന്ന എഗ്രിമെന്റ് അനുസരിച്ച് നമ്മൾ വെള്ളം കൊടുക്കുകയല്ലാതെ അവരിൽ നിന്നും വാങ്ങുക എന്നത് ഉണ്ടാകാൻ പാടില്ലാത്തതാണ്. ഇപ്പോൾ മറിച്ചായിരിക്കുന്നു. അതു മാറണം. മാറ്റിയേ കഴിയൂ. അങ്ങനെ നിരവധി നല്ല കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. സി. ടി. അഹമ്മദ് അലി</u> : സർ, ബഹുമാനപ്പെട്ട കേരള ഗവർണർ കഴിഞ്ഞ 15-ാം തീയതി ഈ സഭയെ അഭിസംബോധന ചെയ്തുകൊണ്ട് കേരള ഗവൺമെന്റിനുവേണ്ടി നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. എൻ. രാജൻ ബാബു ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പിന്താങ്ങുകയാണ്. കേരളത്തിന്റെ സമഗ്ര വികസനം എന്നുള്ള ലക്ഷ്യവുമായി 32 മാസം പിന്നിട്ട ഈ ഗവൺമെന്റ് എല്ലാ രംഗത്തും വമ്പിച്ച നേട്ടം കൈവരിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിലേറുമ്പോൾ ഈ സംസ്ഥാനത്തിന്റെ സ്ഥിതി എന്തായിരുന്നു? സംസ്ഥാനത്തെ എല്ലാ രംഗങ്ങളും തകർച്ചയിലായിരുന്നു. സാമ്പത്തിക രംഗവും വികസന രംഗവും മുരടിച്ച്, സർക്കാർ ജീവനക്കാർക്ക് ശമ്പളം പോലും കൊടുക്കാൻ കഴിയാത്ത ഒരു അവസ്ഥയിലാണ് ഈ ഗവൺമെന്റ് അധികാരമേറ്റത്. ഈ ഗവൺമെന്റിന്റെ ശക്തമായ പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ഫലമായി ഇന്ന് ഈ ഗവണ്മെന്റ് പുനർനിർമ്മാണത്തിന്റേയും പരിഷ്കാരത്തിന്റേയും പ്രവർത്തനപദത്തിൽ വ്യാപൃതരായിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗം ഒരു തിരിച്ചുവരവിലാണ്. കടം ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മേഖലകളിലും വികസന രംഗത്തും ഒക്കെ കുതിച്ചുചാട്ടമാണുണ്ടായത്. വിൽപ്പന നികുതി കളക്ഷൻ ഏതാണ്ട് റിക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. തകർന്നുകിടന്ന കാർഷിക മേഖലയിൽ വൻ ഉണർവ് ഉണ്ടായി. 2003-04-ലെ ദേശീയ വളർച്ചാ നിരക്കായ 4.3 ശതമാനത്തിനു മുകളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ അഭിമാനകരമായ 6.1 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കാൻ കഴിഞ്ഞത് സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ വമ്പിച്ച നേട്ടമാണ്. 12-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്ത് സന്ദർശനം പൂർത്തിയാക്കുകയും കമ്മീഷനു മുമ്പാകെ നമ്മുടെ സംസ്ഥാനത്തിന്റെ യഥാർത്ഥ ആവശ്യങ്ങളും ആസൂത്രിത സംഗതികളുടെ വിശദമായ ന്യായീകരണങ്ങളും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംഗതി അവതരിപ്പിച്ച രീതി കമ്മീഷനിൽ മതിപ്പുണ്ടാക്കിയതായും മനസ്സിലാക്കുന്നു. സംസ്ഥാനത്തിന്റെ താൽപ്പര്യം പരിഗണിച്ചുള്ള കമ്മീഷന്റെ അവാർഡ് ലഭ്യമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുഭരണ നവീകരണം, പോലീസ് സേനാ നവീകരണം, സാമ്പത്തിക പരിഷ്കാരം തുടങ്ങി ഭാവിയിൽ ഒരു മാതൃക സംസ്ഥാനമായി മാറ്റാൻ കഴിയുന്ന അവസ്ഥയിലേക്ക് കേരളത്തെ നയിക്കാൻ കഴിഞ്ഞതിൽ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. മാറാട് പ്രശ്നം, ഇൻഡ്യയുടെ ചരിത്രത്തിൽത്തന്നെ ഇത്രയും രൂക്ഷമായ ഒരു പ്രശ്നം ഉണ്ടായിട്ടില്ല. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും മുൻകൈയെടുത്തുകൊണ്ടുതന്നെ ഇവിടത്തെ വിവിധ സംഘടനാ നേതാക്കളേയും സമുദായ നേതാക്കളേയും എല്ലാം ഒന്നിച്ചിരുത്തി വളരെ രമ്യമായി ഒരു പ്രശ്നവുമില്ലാതെ യാതൊരുവിധത്തിലുള്ള ബലപ്രയോഗവും ഇല്ലാതെ, എല്ലാവർക്കും സ്വീകാര്യമായ ഒരു ഫോർമുല കണ്ടെത്തി ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞതിന് ഗവൺമെന്റിനേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഇതുമായി ബന്ധപ്പെട്ട എല്ലാവരേയും ഞാൻ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. മതസൗഹാർദ്ദത്തിന് ഒരു മാതൃകാ സംസ്ഥാനമാണ് കേരളം. ഇത്തരം കാര്യങ്ങളിലെങ്കിലും എല്ലാ വിഭാഗം ആളുകളും സഹകരിച്ച് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ, ഇനി മേലിൽ എങ്കിലും സഹകരിക്കാൻ ഈ സഭയിലെ എല്ലാ അംഗങ്ങളോടും ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്തിന്റെ വിനോദസഞ്ചാര രംഗത്തും വൻനേട്ടമുണ്ടായി. സംസ്ഥാനത്തിന് വിനോദ സഞ്ചാര മേഖലയിൽ ദേശീയ അന്തർദേശീയ അവാർഡുകൾ ധാരാളമായി

ലഭിച്ചിട്ടുണ്ട്. സാമ്പത്തിക വളർച്ചയ്ക്ക് പ്രസ്തുത മേഖല ശക്തി പകർന്നിട്ടുണ്ട്. വിനോദസഞ്ചാരികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 30 ശതമാനത്തിലധികം വിനോദസഞ്ചാരികളുടെ വർദ്ധനവുണ്ട്. ഇൻഡ്യയിലെതന്നെ ഏറ്റവുമധികം വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. കൊച്ചിയിൽ 2003 ജനുവരിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിലെ നിർദ്ദേശങ്ങളിൽ പൊതുമേഖലയിൽ 2600 കോടി രൂപയുടേയും സഹകാര്യമേഖലയിൽ 1500 കോടി രൂപയുടേയും പദ്ധതികൾ സമാരംഭിച്ചിരിക്കുകയാണ്. കേന്ദ്ര പൊതുമേഖലയിൽ 8300 കോടി രൂപയുടെ പദ്ധതികൾ ഏകദേശം തയ്യാറായതായി അറിയുന്നു. സംസ്ഥാനത്തെ വ്യാവസായിക രംഗം വമ്പിച്ച നേട്ടമാണ് കൈവരിച്ചത്. തൊഴിൽ മേഖലയിൽ സമാധാനം കൈവരിക്കാൻ കഴിഞ്ഞതുകൊണ്ട് വ്യവസായ വികസന രംഗത്ത് മൂലധന നിക്ഷേപകർക്ക് മുതൽമുടക്കാൻ ധൈര്യം വന്നിട്ടുണ്ട്. ഐ.ടി. രംഗത്ത് വമ്പിച്ച കുതിച്ചുചാട്ടം ഉണ്ടായി. വ്യാവസായിക രംഗത്തുള്ള മുന്നേറ്റം എടുത്തുപറയേണ്ടതാണ്. ഈ ഗവൺമെന്റ് അഞ്ച് വർഷം പൂർത്തിയാക്കുമ്പോൾ ഇൻഡ്യയ്ക്ക് ഏറ്റവും മാതൃകയായ ഒരു സംസ്ഥാനമായി നമ്മുടെ വ്യവസായ മേഖലയെ മാറ്റിയെടുക്കാൻ കഴിയും. എല്ലാ ഭാഗത്തുനിന്നും ഇതിന് സഹായം ആവശ്യമാണ്. ഇന്ന് ആർക്കും ഒരു പരാതിയും പറയാനില്ലാത്തത് സംസ്ഥാനത്തെ റോഡുകളെക്കുറിച്ചാണ്. 1600 കോടി രൂപയുടെ ലോകബാങ്ക് വികസന പദ്ധതി, ഉൾനാടൻ ജലപാതകളുൾപ്പെടെ 1610 കിലോമീറ്റർ പാതകളുടെ പുനർനിർമ്മാണത്തിനും പരിപാലനത്തിനും ഉള്ള ഏറ്റവും ബൃഹത്തായ പദ്ധതി, ഇതിൽ 100 കോടി രൂപയുടെ പണികൾ കഴിഞ്ഞവർഷം തന്നെ ചെയ്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. 50 റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം ഏറ്റെടുത്തുകഴിഞ്ഞു. 20 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. മുന്നെണ്ണം പൂർത്തിയായി. കൊച്ചി എയർപോർട്ട്, സീ പോർട്ട്, നാലുവരി പാത ഇവയുടെ നടപടികൾ പുരോഗമിക്കുന്നു. നാലുവരിപ്പാത ഒന്നാം ഘട്ടം ഏതാണ്ട് 200 കോടി രൂപയുടേത് പൂർത്തിയായിരിക്കുകയാണ്. പൊതുമരാമത്തു വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം, റബറൈസ്ഡ് റോഡുകൾ, കൂടാതെ 242 കോടി രൂപയുടെ പൊന്നാനി-കോഴിക്കോട് തീരദേശ റോഡ് പദ്ധതി ഇവ നടപ്പിലാക്കിയിരിക്കുകയാണ്. ചേർത്തല-പാറശാല നാലുവരി പാതയാക്കാനുള്ള അനുമതിയും കേന്ദ്ര സർക്കാരിൽനിന്നും നേടിയിരിക്കുകയാണ്. ഇതിനു 1400 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നബാർഡിന്റെ സഹായത്തോടെ 200 പാലങ്ങളുടെ നിർമ്മാണം മൂന്നു വർഷത്തിനകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 68 കോടി രൂപ മുതൽമുടക്കുള്ള ഹൈക്കോർട്ട് കോംപ്ലക്സിന്റെ പണി തീരാറായി. അടിസ്ഥാന സൗകര്യ വികസന രംഗം ഏറ്റവും ക്രിയാത്മകമായ കാര്യമാണ്. കുണ്ടും കുഴിയുമില്ലാത്ത പാതകൾ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് എല്ലാവരും ഒരുപോലെ സമ്മതിക്കുന്നു. ദീർഘവീക്ഷണത്തോടെയുള്ള ചുവടുവയ്പാണ് പൊതുമരാമത്തു വകുപ്പിൽ നടപ്പാക്കി വരുന്നത്. നിരവധി റോഡുകളും പാലങ്ങളും കെട്ടിടനിർമ്മാണങ്ങളും പൂർത്തീകരിക്കുകയും പുതിയ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2004 മാർച്ച് മാസത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് ഏതാണ്ട് 9 പ്രധാന നഗര റോഡുകളുടെ പദ്ധതി ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായത്തോടെയുള്ള കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ 330 കിലോമീറ്റർ സംസ്ഥാന പി.ഡബ്ല്യു.ഡി. റോഡുകളുടെ പണി പൂർത്തീകരിക്കുകയും 330 കിലോമീറ്റർ റോഡിന്റെ പണി കൂടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാർക്ക് കൊടുക്കാനുള്ള ഭീമമായ തുക കൊടുത്തുതീർക്കാൻ കഴിഞ്ഞു. കൂടിശ്ശിക കുറഞ്ഞുവരുന്നതുകൊണ്ട് ടെന്റർ വളരെ ബിലോ ആണ്. കേരള വികസന പദ്ധതി എന്ന ന്യൂനവും സുസ്ഥാപിതവുമായ പരിപാടികളുടെ ഭാഗമായി അധികാരവികേന്ദ്രീകരണത്തിനും വികേന്ദ്രീകരണ ആസൂത്രണത്തിനും കേരളം കൈവരിച്ച നേട്ടം പ്രശംസനീയമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും നല്ല മാതൃകാ പ്രവർത്തനം നടത്തിയെന്ന് 12-ാം ധനകാര്യ കമ്മീഷൻ തന്നെ സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് കുടുംബശ്രീ, ക്ളീൻ കേരള തുടങ്ങിയ പദ്ധതികളെല്ലാം തന്നെ ഈ സംസ്ഥാനത്തിന്റെ ഗ്രാമ-നഗര വികസനരംഗത്ത് വമ്പിച്ച നേട്ടം കൈവരിച്ചിരിക്കുകയാണ്. ബി. എഡ്. കോളേജിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഇവിടെ ആരോപണങ്ങളുന്നയിക്കുകയുണ്ടായി. ബി. എഡ്. കോളേജിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇതിൽ എന്തെങ്കിലും അഴിമതി നടത്തിയിട്ടുണ്ടെന്ന് ഒരാളും ഇതുവരെ പറഞ്ഞിട്ടില്ല. അതുകൊണ്ട് സത്യവിരുദ്ധമായ ആരോപണങ്ങൾ ആരോ എന്തോ ഉന്നയിച്ചു എന്നതിന്റെ പേരിൽ ഈ ഗവൺമെന്റിനെ കരി തേച്ചുകാണിക്കുന്നത് ഒരിക്കലും ശരിയല്ല. 45 പുതിയ എൻജിനീയറിംഗ് കോളേജുകളും, ആറ് മെഡിക്കൽ കോളേജുകളും, ആറ് ഡന്റൽ കോളേജുകളും, 29 നഴ്സിംഗ് കോളേജുകളും, ഒൻപത് ഫാർമസി കോളേജുകളും, അഞ്ച് ആയുർവ്വേദ കോളേജുകളും, ഒരു സിദ്ധ കോളേജും ഉൾപ്പെടെ ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിഞ്ഞു. അതോടൊപ്പം ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ പി.ഡി.പി. നേതാവ് മ്അദനിയെ വിചാരണ കൂടാതെ ജയിലിൽ താമസിപ്പിക്കുന്നത് ശരിയല്ല. വിചാരണ കൂടാതെ ആരേയും തടവിൽ വയ്ക്കുന്നതിനെ ഞങ്ങളുടെ പാർട്ടി ഒരിക്കലും അനുകൂലിക്കുന്നില്ല. അതുകൊണ്ട് അദ്ദേഹം കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ വിചാരണ ചെയ്തുകൊണ്ട് ശിക്ഷിക്കുകയും, അല്ലെങ്കിൽ അദ്ദേഹം നിരപരാധിയാണെങ്കിൽ വിട്ടയയ്ക്കുകയും വേണം. തീർച്ചയായും ഇത്തരത്തിലുള്ള പീഡനങ്ങൾ ഒരിക്കലും ശരിയല്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയ പ്രഖ്യാപന ത്തിന് ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ ശക്തിയായി പിൻതാങ്ങുകയാണ്. ഈ സംസ്ഥാനത്തെ ഐശ്വര്യപൂർണ്ണമാക്കുന്നതിന് ദിശാബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവണ്മെന്റിന്റെ നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയത്. ഈ ഗവണ്മെന്റ് സാമ്പത്തിക പ്രതിസന്ധിയേയും, മറ്റു പല പ്രതിസന്ധികളേയും അതിജീവിച്ചുകൊണ്ട് വമ്പിച്ച നേട്ടങ്ങൾ എല്ലാ മേഖലയിലും കൈവരിച്ച് മുന്നേറിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വളർച്ചാനിരക്കുതന്നെ, ദേശീയ വളർച്ചാനിരക്കിനേക്കാൾ ഏകദേശം 2 ശതമാനം വർദ്ധിച്ചുവെന്നുള്ളത് നമുക്കു കാണാം. ഈ പ്രതികൂല സാഹചര്യത്തിലും അത്തരം വളർച്ച നേടാൻ സാധിച്ചുവെന്നുള്ളത് ചെറിയ കാര്യമായി കാണാൻ സാധിക്കുകയില്ല. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ പ്ളാൻ അംഗീകരിച്ചത് ഈ കഴിഞ്ഞ വർഷമാണ്. 4,430 കോടി രൂപയുടെ പ്ളാനാണ് ഈ സംസ്ഥാനത്തിന് അംഗീകരിച്ചു കിട്ടിയത്. എൽ.ഡി.എഫ് ഗവണ്മെന്റിന്റെ കാലത്ത് പ്ളാൻ 3,600 കോടി രൂപയായിരുന്നു. ഇത്തവണ 4,430 കോടി രൂപയായി മാറ്റിയെടുക്കാൻ സംസ്ഥാന ഗവണ്മെന്റിന് കഴിഞ്ഞു. ഇവിടെ പദ്ധതി വെട്ടിക്കുറച്ചതിനെക്കുറിച്ച് പലരും ആക്ഷേപം പറയുന്നുണ്ട്. കഴിഞ്ഞ ഗവണ്മെന്റ് അറുനൂറ്, എഴുനൂറ് കോടി രൂപ ടി. പി. അക്കൗണ്ടിൽ നിക്ഷേപിച്ചതു കൊണ്ടാണ് പ്ളാനിന്റെ കാര്യത്തിൽ വലിയ വിജയമായിരുന്നുവെന്ന് കൊട്ടിഘോഷിച്ചത്. ഈ ഗവണ്മെന്റ് വന്നതിനുശേഷം ടി.പി. അക്കൗണ്ട് നിർത്തലാക്കിയെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് സമ്പ്രദായവും ടി. പി. അക്കൗണ്ടും നിർത്തലാക്കി. ഞങ്ങൾ ആക്ചലായിട്ട് ചെലവാക്കിയ കണക്കുകളാണ് അവതരിപ്പിക്കുന്നത്. കഴിഞ്ഞ ഗവണ്മെന്റ് ടി.പി. അക്കൗണ്ട് കാണിച്ചുകൊണ്ടാണ് ചെലവ് കണക്കാക്കിയത്. അതിൽ നിന്നും വ്യത്യസ്തമായ ഒരു നിലപാടാണ് ഈ ഗവണ്മെന്റ് എടുത്തിട്ടുള്ളത്. മാത്രമല്ല, നിങ്ങൾ കൊടുത്തു തീർക്കാൻ ഉണ്ടായിരുന്ന എല്ലാ കടങ്ങളും കൊടുത്തുതീർത്ത് കറന്റായിട്ടുള്ള ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിച്ചു. കോൺട്രാക്ടർമാരുടെ കാര്യത്തിൽ നിങ്ങളുടെ കാലത്ത് ആത്മഹത്യ വരെ ഉണ്ടായിട്ടുണ്ട്. ഏതായാലും നിങ്ങളുടെ കാലത്ത് എല്ലാ ക്ഷേമനിധിയുടെ പേരിലും പൈസ കൊടുത്തുതീർക്കാൻ ഉണ്ടായിരുന്നു. എല്ലാ മേഖലയിലും വമ്പിച്ച കടമുണ്ടായിരുന്നു. അതിൽ നിന്നും വ്യത്യസ്തമായി കടമെല്ലാം കൊടുത്തുതീർത്ത് ഏറെക്കുറെ കറന്റായിട്ടുള്ള രീതിയിലേക്ക് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക നില കൊണ്ടുവന്നിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായ ഏറ്റവും പ്രധാനപ്പെട്ട ഒരു നേട്ടം 12-ാം ധനകാര്യകമ്മീഷനുമായി ഈ ഗവൺമെന്റ് നടത്തിയ ചർച്ചകളും, പുതിയ സാഹചര്യങ്ങളുമാണ്. 11-ാം ധനകാര്യ കമ്മീഷനോട്

നിങ്ങളുടെ ഗവൺമെന്റ് സ്വീകരിച്ച നിലപാട് അന്ന് ഈ സംസ്ഥാനം മുഴുവൻ ചർച്ച ചെയ്തതാണ്. കേരളത്തിന് ഇത്രയും അധോഗതി ഉണ്ടാക്കിയതിന് ഒരു പ്രധാനപ്പെട്ട കാരണം 11-ാം ധനകാര്യകമ്മീഷനോട് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച സമീപനമാണ്. ഇപ്പോൾ 12-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ച് മടങ്ങിപ്പോയപ്പോൾ സംതൃപ്തിയോടുകൂടെ പോയി. കേരളത്തിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകുമെന്ന് 12-ാം ധനകാര്യകമ്മീഷൻ ചെയർമാൻ ശ്രീ. രംഗരാജൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. നിങ്ങളുടെ കാലത്ത് അന്നത്തെ ഗവർണർ രാജ്ഭവനിൽ സൽക്കാരം നടത്തി. 11-ാം ധനകാര്യകമ്മീഷനെ നിങ്ങൾ അപമാനിച്ചു. അന്നത്തെ മുഖ്യമന്ത്രി ആ ധനകാര്യകമ്മീഷനിലെ അംഗങ്ങൾ വരാൻ അൽപ്പം വൈകിപ്പോയി എന്നതിന്റെ പേരിൽ അവരെ അപമാനിച്ചുവിടുകയാണ് ഉണ്ടായത്. അതിന്റെ ഫലമായി ഈ സംസ്ഥാനത്തിന് സാമ്പത്തികമായ യാതൊരു നേട്ടവും ഉണ്ടായില്ല. ദോഷം ചെയ്യുകയും ചെയ്തു. അതിൽ നിന്ന് വ്യത്യസ്തമായി 12-ാം ധനകാര്യകമ്മീഷനോട് മാന്യമായി ഇടപെടുന്നതിനും, സംസ്ഥാനത്തിന്റെ കേസ് ഫലപ്രദമായി പ്രസന്റ് ചെയ്യുന്നതിലും ഈ ഗവൺമെന്റ് വിജയിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി 12-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ കാര്യങ്ങൾ സജീവമായി പരിഗണിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അത് സംസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നാണ്. നിങ്ങൾ "ജിം" പരാജയപ്പെട്ടുവെന്ന് കൊട്ടിഘോഷിക്കുന്നുണ്ട്. നിങ്ങളുടെ അന്നത്തെ മന്ത്രിമാരിൽ ശ്രീ. കെ. രാധാകൃഷ്ണൻ ഒഴിച്ച് എല്ലാ മന്ത്രിമാരും വിദേശയാത്ര നടത്തി. മൽസരിച്ചാണ് യാത്ര നടത്തിയത്. എന്നിട്ടോ എന്തുകിട്ടി? നിങ്ങൾക്ക് ആകെ 100 കോടി രൂപയുടെ നിക്ഷേപത്തിൽ കൂടുതൽ ചിന്തിക്കാനേ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ 26,000 കോടി രൂപയുടെ നിക്ഷേപത്തെക്കുറിച്ച് ആലോചിച്ചതിനെ നിങ്ങൾ ആക്ഷേപിക്കുന്നുണ്ട്. 26,000 കോടി രൂപ വന്നില്ല. സമ്മതിച്ചു. പക്ഷെ, ഇപ്പോൾ ഞങ്ങൾക്ക് അത്രയെങ്കിലും ചിന്തിക്കാൻ സാധിക്കുന്നുണ്ടല്ലോ. നിങ്ങൾക്ക് 100 കോടി രൂപയിൽ കൂടുതൽ ചിന്തിക്കാനേ സാധിച്ചിട്ടില്ല. നിങ്ങൾ വിദേശയാത്രനടത്തി കൊണ്ടുവന്നത് എന്താണ്? എല്ലാ മന്ത്രിമാരും വിദേശ യാത്ര നടത്തിയതിന്റെ ഫലമായി കേരളത്തിനുണ്ടായ നേട്ടം കൊക്കകോളാ കമ്പനിയും പെപ്സിയുമാണ്. ഞങ്ങൾക്ക് 26,000 കോടി രൂപയെക്കുറിച്ച് ചിന്തിക്കാൻ കഴിയുന്നു എന്നത് ഒരു ചെറിയ കാര്യമായി നിങ്ങൾ കാണരുത്. "ജിം"-ൽ അവതരിപ്പിച്ച 40-ഓളം പദ്ധതികൾ കേരളത്തിൽ വരാൻ പോവുകയാണ്. ഇവിടെ 'വിപ്രോ', 'ഇൻഫോസിസ്' തുടങ്ങിയ കമ്പനികളെല്ലാം കേരളത്തിൽ നിക്ഷേപം നടത്താൻ തയ്യാറെടുക്കുന്നു. ഇതൊരു പുതിയ അനുഭവമല്ലേ. കേരളത്തിൽ ഇതുപോലെ വലിയ മാറ്റങ്ങൾ വരുത്താനുള്ള ശ്രമത്തിന്റെ നയപ്രഖ്യാപനമാണ് ഗവർണർ നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ : ശ്രീ. പി. ആർ. കുറുപ്പ് പല്ലെടുക്കാൻ പോയതിനേയും, ഇവിടെ വ്യവസായം കൊണ്ടുവരാൻ പോകുന്നുവെന്ന് പ്രചരിപ്പിച്ചതറിയാമോ? അദ്ദേഹം പല്ലെടുക്കാനാണ് പോയത്.

ശ്രീ. കെ. ബാബു: ഞാൻ ഓർക്കുന്നുണ്ട്. സി.പി.ഐ.യിലെ മെമ്പർ ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഇവിടെ അമേരിക്കയിൽ പോയി ചികിൽസ നടത്തുന്നതിനെക്കുറിച്ച് ആക്ഷേപം പറയുകയുണ്ടായി. ശ്രീ. രാധാകൃഷ്ണൻ പ്രസംഗിച്ചപ്പോൾ കേരളത്തിലെ സാധാരണക്കാരുടെ അമേരിക്ക എന്നു പറയുന്നത് മെഡിക്കൽ കോളേജാണെന്ന് പറയുകയുണ്ടായി. വിദേശത്തുപോയി ചികിൽസ നടത്തുന്നതിനെ ആക്ഷേപിച്ചാണ് അദ്ദേഹം അത് പറഞ്ഞത്. ഞങ്ങളുടെ നേതാക്കന്മാർ അന്ന് വിദേശത്ത് ചികിൽസിക്കാൻ പോയില്ല. അന്നു പോയത് ആരാണ്? എല്ലാപേരുടേയും പേര് പറയുന്നില്ല. ചിലരൊക്കെ മൺമറഞ്ഞുപോയി. അതുകൊണ്ട് ഞാൻ ആക്ഷേപിക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എ.ഡി.ബി. വായ്പ വാങ്ങുന്നതിനുവേണ്ടി ശ്രമിച്ചു എന്നുള്ളത് പോകട്ടെ, എ.ഡി.ബി. വായ്പ എങ്ങനെ വിനിയോഗിക്കുന്നുവെന്ന് അറിയാൻ ഗുജറാത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നരേന്ദ്രമോഡിയെ കണ്ട് ചർച്ച ചെയ്യുന്നതിനുവേണ്ടി അന്ന് കേരളത്തിലെ നായനാർ ഗവൺമെന്റ് ആളിനെവിട്ടു എന്നത് അങ്ങേക്ക് അറിയാമോ?

1.00 P.M.]

ശ്രീ. കെ. ബാബു: ഗുജറാത്തിൽ മാത്രമല്ല. ബംഗാളിൽ സ്വാശ്രയ കോളേജുകളെക്കുറിച്ച് പഠിക്കുവാൻ അന്നത്തെ സബ് കമ്മിറ്റി പോയി. ഏതായാലും ബംഗാളിൽ ആശുപത്രികൾക്ക് കരാർ കൊടുക്കുന്നു, അദ്ധ്യാപകരെ കരാറിൽ നിയമിക്കുന്നു. ബംഗാളിൽ സമരം നിരോധിക്കുന്നു. ബോംബേയിൽ പോയി ബംഗാൾ മുഖ്യമന്ത്രി വ്യവസായികൾക്ക് കൊടുത്ത ഉറപ്പ് ഇവിടെ വളരെ ശാന്തമായ അന്തരീക്ഷം ഉറപ്പുവരുത്തുമെന്നാണ്. ഹെലോവോ നിരോധിക്കുന്നു, മെയിൻ റോഡിൽ പ്രകടനം നിരോധിക്കുന്നു. ഇവിടെയോ? ഇവിടെ നിങ്ങൾ എല്ലാ അക്രമവും നടത്തുന്നു. എല്ലാ നിഷേധാത്മക സമര പരിപാടികളും ആവിഷ്കരിച്ചുകൊണ്ട് കേരളത്തിന്റെ വികസനം തകർക്കുവാൻ ശ്രമിക്കുന്നു. എന്നിട്ട് ജിം പരാജയപ്പെട്ടുവെന്ന് ആക്ഷേപിക്കുക. ഇതല്ലേ നിങ്ങളുടെ നയം? ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇന്നലെ പറഞ്ഞു, കോൺഗ്രസ്സിന് ഗ്രൂപ്പിന്റെ വറ്റ് ചൊറിയാണ് എന്ന്. നിങ്ങളുടെ പാർട്ടിക്കോ? ഈ വറ്റ് ചൊറി തൊലിപ്പുറത്തുള്ളതാണ്. നിങ്ങൾക്കോ? മാരകമായ ക്യാൻസറും എയ്ഡ്സും ബാധിച്ചിരിക്കുകയാണ്. ഞങ്ങളുടെ വറ്റ് ചൊറിക്ക് ഹൈക്കമാന്റ് ഒരു ആന്റിബയോട്ടിക് ഇൻജക്ഷൻ തന്നാൽ അത് മാറും. അത് രണ്ടുമൂന്ന് ദിവസത്തിനകം ഉണ്ടാകും.

തെറ്റിദ്ധാരണ വേണ്ട. പക്ഷേ നിങ്ങൾക്കോ? മാറാവ്യാധിയാണ്. ഒരു കാരണ വശാലും ശരിയാവില്ല. ഇന്നലെ ശ്രീ. കോടിയേരി പറഞ്ഞു, ഞങ്ങളുടെ പാർട്ടിയിൽ ആശയപരമായ തർക്കങ്ങൾ ഉണ്ടാകാറുണ്ട്. പാർട്ടി അവസാനം ഒരു നയം പ്രഖ്യാപിക്കും. ഇന്നലെ മലയാള മനോരമ പത്രം ഉദ്ധരിച്ചല്ലോ, ഇന്നത്തെ മലയാള മനോരമയിൽ എന്താണ് പറഞ്ഞിരിക്കുന്നത്? തോമസ് ഐസക്കിന് എതിരെ വി.എസ്സ്.ന്റെ രേഖ, തീരുമാനം സി.പി.എം. മറച്ചുവച്ചു. ഇത് സമ്മതിക്കില്ലേ? നിങ്ങൾ മലയാള മനോരമയെ ഉദ്ധരിച്ചല്ലോ, നിങ്ങളുടെ പാർട്ടിയിൽ ഏത് പ്രശ്നമാണ് ഇല്ലെന്ന് നിങ്ങൾ പറയുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മാർക്സിസവും ലെനിനിസവും പഠിക്കേണ്ട ഗതികേടൊന്നും ഞങ്ങളുടെ പാർട്ടിക്കില്ല.

ശ്രീ. കെ. ബാബു: നിങ്ങൾ ഒരിക്കലും പഠിക്കുവാൻ പോകുന്നില്ല അത് വേറെ പ്രശ്നം.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): പത്രക്കാര് ഈ അടുത്തകാലത്ത് നടത്തിയ ഒരു സർവ്വേയിൽ മാർക്സിസ്റ്റുകാർ കൂടുതലും രാവിലെ എഴുന്നേറ്റാൽ വായിക്കുന്നത് മലയാള മനോരമ പത്രമാണ്, ദേശാഭിമാനിയല്ല, എന്നാണ് അവർക്ക് വിവരം കിട്ടിക്കൊണ്ടിരിക്കുന്നത്. അത് അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. ബാബു: എനിക്ക് അറിയാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കേരളത്തിൽ കോൺഗ്രസ്സിലെ എല്ലാ നേതാക്കന്മാരും രാവിലെ ആദ്യം വായിക്കുന്ന പത്രം ദേശാഭിമാനിയാണെന്ന റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്.

ശ്രീ. കെ. ബാബു: ഞാൻ അതിന് മറുപടി പറയാം. ബഹുമാനപ്പെട്ട കോടിയേരി, ശ്രീ. എം.എം. ഹസ്സൻ പറഞ്ഞത് ശരിയാണ്. കാരണം നിങ്ങളുടെ പാർട്ടിയുടെ പത്രം നുണ മാത്രമേ എഴുതുവെന്ന് നിങ്ങൾക്ക് അറിയാം. സത്യം അറിയുവാൻ മനോരമ വായിക്കുന്നു. അതാണ് സത്യം.

ശ്രീ. എം. എം. ഹസ്സൻ: ഇപ്പോൾ അവരുടെ സർവ്വേയിൽ കണ്ടത് മാർക്സിസ്റ്റ് പാർട്ടിയിലെ ഗ്രൂപ്പ് വഴക്കുകളെക്കുറിച്ച് യഥാർത്ഥ വിവരം അറിയുവാനാണ് മാർക്സിസ്റ്റുകാർ മനോരമ വായിക്കുന്നതെന്നുകൂടി അവർ പറയുന്നുണ്ട്.

ശ്രീ. കെ. ബാബു : അത് ശരിയാണ്. ഇവിടെ മാർക്സിസ്റ്റ് പാർട്ടിയിൽ രാഷ്ട്രീയപരമായ തർക്കങ്ങൾ നടക്കും. ഞാൻ അതിലേക്ക് കടക്കുന്നില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഒരു ഉപജാപക സാമ്രാജ്യത്വവും സമകാലികാനുഭവവും എന്ന പ്രസിദ്ധീകരണത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ

LIBRARY ARCHIVES Kerala Legislative Assembly

ലേഖനത്തിലെ ചില കാര്യങ്ങൾ പറയുകയുണ്ടായി. സാമ്രാജ്യത്വ ഏജൻസികൾ എല്ലാ രാജ്യങ്ങളിലും ബുദ്ധിജീവികളെ ഇറക്കി വിട്ടിട്ടുണ്ട്. സാംസ്കാരിക രംഗം ആകെ പിന്തിരിപ്പൻ ആശയ പ്രചാരണംവഴി മലിനീകരിക്കുന്നുണ്ട്. നിങ്ങളുടെ പാർട്ടിയിലെ തർക്കങ്ങൾ കാരണം സി.ഐ.എ.-യുടെ പണം പറ്റിയതായി നിങ്ങളുടെ പാർട്ടിയിലെ പി.ബി. മെമ്പർമാരായ ശ്രീ. വി.എസ്. അച്ചുതാനന്ദനും ശ്രീ. ബാലാനന്ദനും ആരോപണം ഉന്നയിച്ചിരിക്കുന്നു. ആർക്ക് എതിരെ? .....(ബഹളം).....

മി. സ്പീക്കർ : ഓർഡർ,..... ഓർഡർ,.....

ശ്രീ. കെ. ബാബു: ഞാൻ കയർഫെഡിന്റെ കാര്യം പറഞ്ഞില്ലല്ലോ, മെമ്പർമാർ സഖാവ് ബാലാനന്ദനും സഖാവ് വി.എസ്. അച്ചുതാനന്ദനും ആർക്കെതിരെ ആരോപണം ഉന്നയിച്ചു? സെക്രട്ടേറിയറ്റ് മെമ്പർമാർക്കെതിരായി ആരോപണം ഉന്നയിച്ചിരിക്കുകയാണ്. ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് പറഞ്ഞല്ലോ? വറ്റുചൊറി അല്ലേ, അന്തസുള്ള പാർട്ടിയാണെങ്കിൽ ഈ സെക്രട്ടേറിയറ്റ് മെമ്പർമാർ ആ പാർട്ടിയിൽ ഇരിക്കുമോ? അന്തസ്സുള്ള പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടിയെങ്കിൽ ശ്രീ. കോടിയേരി പറയൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ ഉണ്ടാക്കുന്ന വാർത്തയ്ക്ക് മറുപടി പറയണമെന്ന് ഞങ്ങളോട് നിർബന്ധിച്ചാൽ ഞങ്ങൾ എന്ത് പറയും? പാർട്ടിയുടെ മെമ്പർമാർക്കിടയിലുള്ള പ്രശ്നം ചർച്ച ചെയ്യാൻ പാർട്ടിക്കകത്ത് സംവിധാനമുണ്ട്. പത്രം വഴിയല്ല ഞങ്ങൾ ചർച്ച ചെയ്യുക. നിങ്ങളുടെ പാർട്ടി പോലെയല്ല ഞങ്ങളുടെ പാർട്ടി.

ശ്രീ. കെ. ബാബു: നിങ്ങളുടെ പാർട്ടിക്കാര്യം എല്ലാ ദിവസവും പത്രത്തിൽ വായിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പാർട്ടിയിലെ പി. ബി. മെമ്പർമാർ പാർട്ടിക്കകത്താണ് പറയുന്നതെങ്കിൽ അത് ദേശീയ പ്രശ്നമോ നിയമസമാധാന ലംഘനമോ ആവില്ല. പാർട്ടിയിലെ പി. ബി. മെമ്പർമാർ പുസ്തകം അച്ചടിച്ചിറക്കി നാട്ടിൽ വിതരണം ചെയ്ത് ദൂഷിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ അത് ഞങ്ങളുടെകൂടെ പ്രശ്നമായി മാറും. അതുകൊണ്ടാണ് ഞങ്ങൾ ടേക് അപ് ചെയ്യുന്നത്.

ശ്രീ. കെ. ബാബു : ശ്രീ. തിരുവഞ്ചൂർ പറയുന്നത് ശരിയാണ്. അഞ്ചു മാസമായിട്ട് പ്രതിപക്ഷം,....

മി. സ്പീക്കർ : എന്തായാലും 20 മിനിട്ടിൽ കൂടുതൽ ഒരു മിനിട്ടുപോലും ഞാൻ അനുവദിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: ദയവ് ഉണ്ടാകണം. എല്ലാപേരും ഇതിൽ പങ്കെടുത്ത് ചർച്ച ചെയ്തതുകൊണ്ട് അഞ്ച് മിനിട്ടുകൂടെ അനുവദിക്കണം. ഇവിടത്തെ പ്രതിപക്ഷം അവധിയിലായിരുന്നു. ലീവ് കൃാൻസൽ ചെയ്ത് തിരിച്ചുവന്നിരിക്കുകയാണ്. അതിന്റെ ആലസ്യം ഇപ്പോഴും കാണാൻ സാധിക്കും. ഇവിടെ വാദത്തിനുവേണ്ടി പ്രതിപക്ഷം പറഞ്ഞു ഭരണം നടക്കുന്നില്ലായെന്ന്. അതൊരു തർക്കത്തിനുവേണ്ടി സമ്മതിക്കാം. എന്നിട്ട് അഞ്ച് മാസമായിട്ട് പ്രതിപക്ഷം ഉണ്ടോ ഇവിടെ? നിങ്ങൾ ഈ ഗവൺമെന്റിന് എതിരായി വലിയ സമരങ്ങളൊക്കെ കെട്ടിപ്പടുത്തുകൊണ്ടുവന്നു. ഇടയ്ക്ക് വച്ച് സമരം നിർത്തിവച്ചില്ലേ? ബദൽ സർക്കാർ ഉണ്ടാകുമെന്ന് കരുതി. നിങ്ങളുടെ 40 പേരുടെ ഫിക്സഡ് ഡെപ്പോസിറ്റ് ആർക്കുവേണം? പലിശ കുറഞ്ഞുവരുകയാണ്. ഫിക്സഡ് ഡെപ്പോസിറ്റിന്റെ പലിശപോലും കുറഞ്ഞു പോയിരിക്കുകയാണ്. ആരും എടുക്കുവാനില്ല. ആർക്കുംവേണ്ട. ആ നാൽപ്പതും വച്ചുകൊണ്ടിരിക്കുവാനേ കഴിയൂ. മനസ്സിലായോ? അമിതാഹാരം കഴിച്ച് അജീർണ്ണം ബാധിച്ച ആളുകളുടെ അവസ്ഥയിലാണ് പ്രതിപക്ഷം. കുറെക്കാലം സമരം നടത്തി. കുറേക്കാലം കുറുക്കുവഴിയിൽക്കൂടി ഭരണത്തിൽ കയറാൻവേണ്ടി നോക്കി. കിട്ടിയില്ല. പെട്ടന്ന് ഇപ്പുറത്ത് കയറി ഇരിക്കാമെന്ന് ശ്രീ. കോടിയേരി ധരിച്ചു. കോൺഗ്രസ്സിൽ അങ്ങനെ ഒരു പരിപാടിയുമില്ല. ഒറ്റ ആന്റീബയോട്ടിക് ഇൻജക്ഷൻ മതി. പ്രശ്നം തീരും. അത് തീർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഞങ്ങളുടെ പുറകേ നടക്കണ്ട.

ശ്രീ. സി. പി. മുഹമ്മദ്: കോൺഗ്രസ് നേതാക്കളെ മാർക്സിസ്റ്റ് പാർട്ടിക്ക് ഇതുവരേയും മനസ്സിലായില്ല. ഒരിക്കൽ കൊലയാളിയെന്ന് ഇവർ വിളിച്ച ആര്യാടൻ മുഹമ്മദ് ഇവരെക്കൊണ്ട് രക്ഷകൻ എന്ന് വിളിപ്പിച്ചു. ചാരനെന്നും കൊലയാളിയെന്നും കരിങ്കാലിയെന്നും ഇവർ വിളിച്ച ലീഡറും ഇവരെക്കൊണ്ട് നല്ലത് പറയിപ്പിച്ചു. ഇതെല്ലാം കോൺഗസ് നേതാക്കന്മാരുടെ അടവാണെന്ന് അവർക്ക് മനസ്സിലായില്ല. അത് അങ്ങേക്ക് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റു വിരുദ്ധന്മാരിൽ ഒന്നാമനാണ് ശ്രീ. കെ. കരുണാകരൻ. കേരളത്തിൽ മാർക്സിസ്റ്റ് വിരുദ്ധ മുന്നണിയുടെ പ്രസക്തി നഷ്ടപ്പെട്ടു എന്ന് അദ്ദേഹം പറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു: എന്റെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം ഞാൻ പറയാം. നിങ്ങളുടെ പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറി പറഞ്ഞിട്ടുള്ളത്, കേരളത്തിലും ബംഗാളിലും ത്രിപുരയിലും കോൺഗ്രസ്സുമായിട്ട് ധാരണയില്ല എന്നാണ്. അപ്പോൾ കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയത്തിന്റെ പ്രസക്തി അവസാനിച്ചു എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന് പറയാൻ പറ്റുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സി.പി.ഐ.(എം)-ന് ഏതെങ്കിലുമൊരു വിരുദ്ധരാഷ്ട്രീയമല്ല ഉള്ളത്. തൊഴിലാളി വർഗ്ഗത്തിന്റെ രാഷ്ട്രീയമാണ് ഞങ്ങൾക്കുള്ളത്. അതിന് സഹായകരമായ രീതിയിലുള്ള അടവുകൾ ഞങ്ങൾ എല്ലാ കാലത്തും സ്വീകരിക്കും. ഞങ്ങൾക്ക് വിരുദ്ധ രാഷ്ട്രീയമല്ല.

ശ്രീ. കെ. ബാബു: സി.പി.ഐ.(എം)-ന് വിരുദ്ധരാഷ്ട്രീയമുണ്ടായിരുന്നു. കാരണം, ഇൻഡ്യാ രാജ്യത്തു നടന്ന എല്ലാ പാർലമെന്റ് തെരഞ്ഞെടുപ്പിലും അന്ധമായ കോൺഗ്രസ് വിരോധംകൊണ്ട് എതു ചെകുത്താനെ കൂട്ടുപിടിച്ചായാലും കോൺഗ്രസ്സിനെ തോൽപ്പിക്കുക എന്ന നയമാണ് നിങ്ങൾ 1970 മുതൽ സ്വീകരിച്ചത്. നിങ്ങളുടെ മുഖ്യശത്രു ബി.ജെ.പി.യാണെന്ന് ഇപ്പോഴല്ലേ നിങ്ങൾ കണ്ടുപിടിച്ചത്. ഇതിനു മുമ്പ് എന്താണ് പറഞ്ഞത്? ഒരു നാണയത്തിന്റെ രണ്ടു വശം. കോൺഗ്രസ്സും ബി.ജെ.പി.-യും ഒരുപോലെ. അതല്ലേ പറഞ്ഞിരുന്നത്. നിങ്ങൾക്ക് വിരുദ്ധരാഷ്ട്രീയമുണ്ടായിരുന്നു. മാർക്സിസ്റ്റു പാർട്ടി ഇവിടെ വിദ്യാഭ്യാസ വകുപ്പിനെപ്പറ്റി ആരോപണം ഉന്നയിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മാധ്യമത്തിൽ ഒരു വാർത്ത വന്നിരുന്നു. "പ്ലസ് ടു-കോഴ, കണക്കുമായി സ്കൂൾ മാനേജർ." ലക്ഷങ്ങൾ നൽകിയിട്ട് പ്ലസ് ടു അനുവദിച്ചു കിട്ടാതെ വഞ്ചിതനായ ഹൈസ്കൂൾ മാനേജർ കോഴക്കണക്ക് പത്രലേഖകരുടെ മുമ്പിൽ നിരത്തി. പുനലൂർ കോട്ടത്തല സുരേന്ദ്രൻ മെമ്മോറിയൽ ഹൈസ്കൂൾ മാനേജർ കൃഷ്ണൻകുട്ടി നായരാണ് ശ്രീ. ടി.എം. ജേക്കബ് എം.എൽ.എ.-യോടൊപ്പം സ്വന്തം അനുഭവം എറണാകുളം പ്രസ് ക്ളബ്ബിൽ വിവരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെയാണ്. നാന്നൂറിലേറെ സ്വാശ്രയ സ്ഥാപനങ്ങൾ (എൻജിനീയറിംഗ് കോളേജും മെഡിക്കൽകോളേജും ഉൾപ്പെടെ) ഇപ്പോൾ കൊടുത്തു. യാതൊരു ആക്ഷേപവും ഉണ്ടായിട്ടില്ല. ഒരു നിസ്സാരകാര്യം പറഞ്ഞ്, ബഹുമാനപ്പെട്ട മന്ത്രി സുപ്പിയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും കുറ്റപ്പെടുത്തുകയാണ്. ശ്രീ. എ.കെ. ആന്റണിയുടെ വ്യക്തിത്വത്തെ വെല്ലുവിളിക്കാൻ മാർക്സിസ്റ്റ് പാർട്ടിയിൽ ആരെങ്കിലും വളർന്നിട്ടുണ്ടോ? ആ തെറ്റിദ്ധാരണ വേണ്ട. ശ്രീ. എ.കെ. ആന്റണി ഊതിക്കാച്ചിയ തങ്കം പോലെ പരിശുദ്ധനാണെന്ന് കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ശ്രീ. ആന്റണിയുടെ നേതൃത്വത്തിൽ തന്നെ ഈ ഗവൺമെന്റ് ശക്തമായി മുന്നോട്ടുപോകും. ഈ നയപ്രഖ്യാപനത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു.

ശ്രീ. മത്തായി ചാക്കോ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന്, ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. ബാബു എറണാകുളം തെരഞ്ഞെടുപ്പിനുശേഷം നല്ലൊരു നിലയിൽ അല്ല, അദ്ദേഹം പിച്ചും പേയുമായി തൃപ്പൂണിത്തുറയിൽ നടക്കുന്നതായി

LIBRARY ARCHIVES Kerala Legislative Assembly

അറിയുന്നുണ്ട്. 25,000 വോട്ടിന് തൃപ്പൂണിത്തുറയിൽ ഭൂരിപക്ഷമുണ്ടായിരുന്ന ശ്രീ. ബാബുവിന് എറണാകുളം തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ, വോട്ടർമാർ 6,000 വോട്ടിന് പിന്നിലാക്കിയതുകൊണ്ട് ഇപ്പോൾ വോട്ടർമാരെ ചീത്ത വിളിച്ചു നടക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇവിടെ വാഗ്ദാന ലംഘനങ്ങളും പിടിപ്പുകേടും അഴിമതിയും മാത്രമേ നടന്നിട്ടുള്ളൂ. മന്ത്രിസഭയിലുള്ള പലയാളുകളും ഇപ്പോൾ ഇവിടെയില്ല. 23-ാം തീയതി ആകുമ്പോൾ ആരെല്ലാം കാണും എന്നുള്ളതിന്റെ വേവലാതിയിൽ പല ആളുകളും പുറത്ത് ഓടിനടക്കുകയാണ്. ഇവിടെ ഒരു ഗവൺമെന്റുണ്ടോ? ആറു മാസമായിട്ട് ഏതെങ്കിലും തരത്തിലുള്ള ഭരണം ഇവിടെ നടക്കുന്നതായി പറയാൻ കഴിയുമോ? അഴിമതിയുടെ ഏക കലാപരിപാടിയാണ് ഇവിടെ നടക്കുന്നത്. ഒരു പ്രധാനപ്പെട്ട പ്രശ്നം ഞാൻ ആദ്യമായി ശ്രദ്ധയിൽപ്പെടുത്തുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 15 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാർക്ക് പണി കൊടുക്കുമെന്ന് പ്രകടനപത്രികയിൽ എഴുതിവച്ചു. ഇപ്പോൾ 32 മാസം കഴിഞ്ഞു. കണക്കു പ്രകാരം നിങ്ങൾ 8 ലക്ഷം ആളുകൾക്ക് പണി കൊടുക്കണം. 8 ലക്ഷം ആളുകൾക്ക് പണി കൊടുക്കേണ്ടതിന് പകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറയുന്നത് 65,000 ആളുകൾക്ക് ഞങ്ങൾ പണി കൊടുത്തു എന്നാണ്. 65,000 ആളുകൾക്ക് പി.എസ്.സി. വഴി ജോലി കൊടുത്തിട്ടുള്ളത് എൽ.ഡി.എഫ്. ഗവൺമെന്റ് ഉള്ള സമയത്ത് അഡ്വൈസ് ചെയ്ത ആളുകൾക്കും അന്ന് വേക്കൻസി റിപ്പോർട്ട് ചെയ്ത ആളുകൾക്കുമാണ്. നിങ്ങൾ വന്നശേഷം കൊടുത്തു എന്നു പറയുന്ന 65,000-ത്തിന്റെ കണക്ക് അതാണ്. നേരേ മറിച്ച്. വലിയ വാഗ്ദാന ലംഘനത്തെ മറച്ചുപിടിക്കുന്നതിനുവേണ്ടിയാണ് ഭരണഘടനാ സ്ഥാപനമായിട്ടുള്ള പി.എസ്.സി.-ക്കെതിരായിട്ടുള്ള കയ്യേറ്റങ്ങളും ആക്ഷേപങ്ങളും നിങ്ങൾ കൊണ്ടുവരുന്നത്. ഇവിടെ കൊല്ലത്തെ പരീക്ഷാ നടത്തിപ്പിനെക്കുറിച്ച് പറഞ്ഞു. നൂറുകണക്കിന് സ്ഥലത്ത് പരീക്ഷ നടക്കുന്നുണ്ട്. പി.എസ്.സി. ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കി പരീക്ഷാ സെന്ററിൽ എത്തിച്ചുകഴിഞ്ഞാൽ അവിടെയുള്ള പരീക്ഷ നടത്തുന്ന സ്കൂൾ അധികൃതർക്കല്ലേ ഉത്തരവാദിത്വം? എവിടെ നിന്നെങ്കിലും ക്വസ്റ്റ്യൻപേപ്പർ പോയതിന് പി.എസ്.സി. ചെയർമാനോട് തട്ടിക്കയറിയിട്ട് കാര്യമുണ്ടോ? ഇപ്പോൾ പോലീസ് അറസ്റ്റു ചെയ്തിട്ടുള്ള മൂന്നു പേരിൽ രമേശൻ എന്നു പറയുന്ന ആൾ യൂത്ത് കോൺഗ്രസ് പ്രവർത്തകനാണ്. പി.എസ്.സി. ഡീ-ബാർ ചെയ്ത ലിസ്റ്റിൽ അയാളുടെ പേരുമുണ്ട്. ഇതിന്റെ പേരിൽ എന്തെല്ലാം കോലാഹലമാണ് നടന്നത്? പി.എസ്.സി. മെമ്പർ ഡോ. രാജഗോപാലിനെ പി.എസ്.സി. ഓഫീസിൽ വച്ച് യൂത്ത്കോൺഗ്രസ്സിന്റെ ആളുകൾ കയ്യേറ്റം ചെയ്തു. യു.ഡി.എഫ്. കൺവീനർ ശ്രീ. ഉമ്മൻചാണ്ടിയുടെ പുത്രൻ ചാണ്ടി ഉമ്മൻ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ളവർ ഈ കയ്യേറ്റത്തിനുണ്ടായിരുന്നു. മലയാളമനോരമയിൽ വാർത്തയുണ്ടായിരുന്നു. ഈ കയ്യേറ്റമുണ്ടായിട്ട് ഒരു എഫ്.ഐ.ആർ.ഇട്ട് കേസ് രജിസ്റ്റർ ചെയ്തോ? ഇവിടെ എന്തു സംരക്ഷണം ആർക്കാണുള്ളത്? ഇത് ബോധപൂർവ്വമായിട്ടുള്ള ഗൂഡാലോചനയാണ്. കാരണം കേരളത്തിലെ 50 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാരെ വഞ്ചിച്ച നടപടി മറച്ചുപിടിച്ചുകൊണ്ട് പി.എസ്.സി. ആണ് ഇതിന് ഉത്തരവാദി എന്നു പറയുന്ന രൂപത്തിലേക്കുള്ള വഞ്ചനയാണ് ഇവിടെ നടക്കുന്നത്. കഴിഞ്ഞ സമ്മേളനത്തിൽ ഇവിടെ ബി.എഡ്. കോളേജുകൾ അനുവദിക്കുന്നതിനെക്കുറിച്ച് ഞാൻ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. രണ്ടര കോടി രൂപ അഡ്വാൻസായി വിദ്യാഭ്യാസവകുപ്പുമന്ത്രി കൈപ്പറ്റി എന്നു ഞാൻ പറഞ്ഞപ്പോൾ ഇവിടെ വലിയ ബഹളമുണ്ടായി. ശ്രീ. എം. എം. ഹസ്സനും, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പല ആളുകളും ബഹളമുണ്ടാക്കി. ഇപ്പോൾ തൊണ്ടയിൽ പിണ്ണാക്ക് കുടുങ്ങിയതുപോലെ യു.ഡി.എഫ്.-ലെ പല ആളുകളും കുത്തിയിരിക്കുന്നതിന്റെ അർത്ഥം ഇപ്പോൾ ബോധ്യപ്പെട്ടു. ഇപ്പോൾ സഹകാര്യമായിട്ടാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു പരിശോധിക്കണം. മൂന്നു മാനദണ്ഡങ്ങൾ നോക്കണമായിരുന്നു. സർവ്വകലാശാലയുടെ അഫിലിയേഷൻ കമ്മിറ്റി പരിശോധിച്ച് ഒന്നേകാൽ ഏക്കർ സ്ഥലവും ലാബുകളും ബിൽഡിംഗും എല്ലാ സൗകര്യങ്ങളും ഉണ്ടെന്ന് സർട്ടിഫൈ ചെയ്യുന്ന ഒരു കോളേജിനല്ലേ സാധാരണ ഗവൺമെന്റ് എൻ.ഒ.സി. കൊടുക്കുന്നത്. നിങ്ങൾ ആ മാനദണ്ഡം പാലിച്ചോ? മാനദണ്ഡം നിങ്ങൾ പാലിക്കണ്ടേ? എൻ.ഒ.സി. കൊടുത്തിട്ട് എൻ.സി.ടി.ഇ.-ക്ക് രണ്ടാമതല്ലേ പോകേണ്ടത്? അപ്പോൾ നിങ്ങൾ കൊടുത്തത് ആർക്കാണ്? ശ്രീ. നാലകത്ത് സൂപ്പിയുടെ അനിയൻ നാലകത്ത് ബഷീറിന് കൊടുത്തു. 'വർത്തമാനം' പത്രത്തിൽ വന്ന വാർത്തയാണ്. ദേശാഭിമാനിയിൽ അല്ല. പാറക്കെട്ടിൽ കൊടുത്തിരിക്കുന്നു എന്നാണ് പറയുന്നത്. ചെമ്പൻമല എന്നു പറയുന്ന സ്ഥലത്ത് മനുഷ്യൻ കയറാത്ത പട്ടിക്കാട്ടിൽ ബി.എഡ്. കോളേജ് കൊടുത്തിരിക്കുന്നു. ശ്രീ. നാലകത്ത് സൂപ്പിയുടെ അനിയൻ നാലകത്ത് ബഷീറിന് കൊടുത്തു, ശ്രീ. ചെർക്കളം അബ്ദുള്ളയുടെ മകൻ നാസറിന് സി.എച്ച്. മുഹമ്മദ്കോയ ട്രസ്റ്റിന്റെ പേരിൽ കാസർകോട് കൊടുത്തു, ലീഗിന്റെ കാസർകോട് ജില്ലാ പ്രസിഡന്റ് കെ. ഐ. അബ്ദുള്ളക്ക് കൊടുത്തു, യൂനസ് കുഞ്ഞിന്റെ കശുവണ്ടി ഫാക്ടറിയിൽ ബി.എഡ്. കോളേജ്, മകൾക്ക് കോളേജ്, മരുമകന് കോളേജ്, പോത്തൻകോട് തുണിക്കടക്കാരന് കോളേജ്, ആലപ്പുഴയിലെ യൂത്ത് നേതാവിന് കോളേജ്, കാഞ്ഞിരംകുളം ദൃശ്യാ തിയേറ്ററിനും ബി.എഡ്. കോളേജായി, മൂവാറ്റുപുഴയിലെ തടി വ്യാപാരിക്ക് കോളേജ്, മണ്ണാർക്കാട് പഞ്ചായത്തിൽ രണ്ട് ബി.എഡ്. കോളേജ്. ഇതൊക്കെ നിങ്ങൾ പരിശോധിക്കുന്നുണ്ടോ? ഇതെന്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്യായം? ഡയറക്ടർ ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ 32 മാസത്തിനിടയ്ക്ക് എത്ര പേർ മാറി. ശ്രീ. വിശ്വനാഥൻ വന്നു, അദ്ദേഹം പോയി, ശ്രീമതി ശാരദാ മുരളീധരൻ വന്നു, അവരും പോയി, ശ്രീമതി ആശാ തോമസ് വന്നു, അവർ പോയി, അടുത്ത് ശ്രീ. വിശ്വംഭരനെ വച്ചു. അദ്ദേഹവും നിന്നില്ല. ഇപ്പോൾ അഡീഷണൽ ചാർജ്ജല്ലേ, എന്താണ് നിൽക്കാത്തത്? നിൽക്കാത്തതെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. ഇവിടെ രണ്ടു പ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. 75 കോളേജ് 31-ാം തീയതിയിലെ കാബിനറ്റ് അംഗീകരിച്ചു എന്നു പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, റെഗുലേഷൻ ഉള്ള 5 കോളേജുകളുടെ എണ്ണമേ പറഞ്ഞിട്ടുള്ളൂ എന്നാണ്. കേരളത്തിലെ നീതിന്യായ സംവിധാനത്തോട് ബഹുമാനമുണ്ടോ? 2003 ഏപ്രിൽ മാസം 8-ാം തീയതി വന്ന ഹൈക്കോടതി വിധിയുടെ പകർപ്പ് എന്റെ കയ്യിലുണ്ട്. Based on the recommendation of the Committee, the Government will issue NOC to 75 applicants by a common or separate orders. എന്നുള്ള സ്പെസിഫിക് വിധി ഉണ്ടായിരിക്കേ എങ്ങനെയാണ് 75 കോളേജുകൾക്കു പുറമേ 5 കോളേജും കൂടി കൊടുക്കാൻ മുഖ്യമന്ത്രി പറയുക? നിങ്ങൾ കോടതി ഉത്തരവിനെ ആദരിക്കുന്നുണ്ടോ? ഇത് പരിശോധിക്കണ്ടേ? രണ്ടാമതൊരു പ്രശ്നം കൂടിയുണ്ട്. വലിയ അട്ടിമറി വീണ്ടും നടന്നിരിക്കുന്നു. ആ അട്ടിമറി എന്നു പറയുന്നത്, 75 കോളേജുകൾക്കു പുറമേ, 21 എണ്ണം കൂടി കൊടുത്തു. പിന്നെ 11 എണ്ണം വിത്ഡ്രാ ചെയ്തു. ഇപ്പോൾ 32 കോളേജുകൾ 98-ന്റെ പട്ടികയിൽ നിന്ന് വിത്ഡ്രാ ചെയ്തുകഴിഞ്ഞപ്പോൾ നാലകത്ത് സൂപ്പി എന്ന വിദ്യാഭ്യാസവകുപ്പുമന്ത്രി എടുത്തിരിക്കുന്ന അട്ടിമറികൾ യു.ഡി.എഫ്.-ന് മനസ്സിലായിട്ടുണ്ടോ?. 32 കോളേജുകളിൽ രണ്ടാമത് കൊടുത്ത 21 അല്ല മാറ്റിയത് എന്നാണ് ഹൈക്കോടതിയുടെ വിധിയിൽ പറയുന്നത്. അതിൽ മുഴുവൻ വെട്ടും തിരുത്തുമാണ്. ഗ്രേഡ് മാർക്കിൽ 40 കിട്ടിയ കോളേജുകളും ഒഴിവാക്കുകയാണ്. ഹൈക്കോടതിയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി ശ്രീ. മോഹൻദാസിനെക്കൊണ്ടോ മറ്റ് ഉദ്യോഗസ്ഥന്മാരെക്കൊണ്ടോ കൊടുത്ത ലിസ്റ്റിലും ബാംഗ്ലൂരിലെ എൻ.സി.ടി.ഇ.-ക്ക് അയച്ച ലിസ്റ്റിലും വീണ്ടും കൃത്രിമം നടത്തി. 32 കോളേജുകൾ എന്നു പറയുന്നതിൽ, ആദ്യം അംഗീകരിച്ച 72-ൽ നിന്ന് വേറെ ചില കോളേജിനെ മാറ്റി 32 കോളേജുകൾ വീണ്ടും ഉൾപ്പെടുത്തിയ ലിസ്റ്റാണ് ഇപ്പോൾ വന്നതെന്ന് ആരോപിക്കുകയാണ്. നിങ്ങൾക്ക് മറുപടി പറയാൻ പറ്റുമെങ്കിൽ പറയുക. ഇല്ലെങ്കിൽ രേഖ വയ്ക്കണം. ഹൈക്കോടതിയിൽ വാദിവിഭാഗത്തിന് രേഖ കൊടുക്കണമെന്നു പറഞ്ഞു. നിയമസഭയിൽ വച്ചുകൂടേ? ഹൈക്കോടതി പറഞ്ഞിരിക്കുന്നത് വാദി വിഭാഗത്തിന് രേഖ കൊടുക്കണമെന്നാണ്. ഇതിലെ പ്രശ്നമെന്നു പറയുന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലീഗിനെ ഭയമാണ്. 11-ാം

തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിലവിളിച്ചുകൊണ്ട് പാണക്കാട് തങ്ങളെ കാണാനെത്തി. പാപിനിയായ മഗ്ദലനമറിയത്തെപ്പോല, "ചെയ്യരുതാത്തത് ചെയ്തവനെങ്കിലും എന്നെ നീ തള്ളല്ലേ തങ്ങളുപ്പാ" എന്ന് വിലപിച്ചുകൊണ്ട് 11-ാം തീയതി അദ്ദേഹത്തിന്റെ തറവാട്ടിൽ പോയി കട്ടൻ കാപ്പിയും കുടിച്ച് ലീഗിന്റെ മുമ്പിൽ കീഴടങ്ങിയതിന്റെ ഫലമായിട്ടാണ് ഈ അഴിമതിക്കെതിരേ ഒരക്ഷരം ഉരിയാടാനോ എന്തെങ്കിലും നടപടി സ്വീകരിക്കാനോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയാതെ ഇങ്ങനെ ഇരിക്കേണ്ടിവന്നതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതിനിടയ്ക്ക് ഒരു സംഭവമുണ്ടായി. എല്ലാ പത്രങ്ങളും കഴിഞ്ഞ ഡിസംബർ മാസത്തിൽ ഒരു മന്ത്രി പരപ്പനങ്ങാടിയിലെ ഉണ്ണിപ്പണിക്കരെ കാണാൻ പോയതായി വാർത്ത പ്രസിദ്ധീകരിച്ചു. ഇനി മതപരമായ എന്തെങ്കിലും തടസ്സമുണ്ടെങ്കിലോ, അതുകൊണ്ട് ഞാൻ ഏതു മന്ത്രിയാണെന്നു പറയുന്നില്ല. ആ മന്ത്രിയുടെ പേരിന്റെ ആദ്യം ചില അക്കങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. പേരിന്റെ അവസാനത്തിൽ കുട്ടികൾ കളിക്കുന്ന ഒരു കളിപ്പാട്ടത്തിന്റെ പേരുംവരും. അങ്ങനെയുള്ള ഒരു മന്ത്രി ജ്യോത്സ്യനായ ഉണ്ണിപ്പണിക്കരെ കാണാൻവേണ്ടി കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുമുമ്പ് പോയതായി എല്ലാ പത്രങ്ങളും പറഞ്ഞു. ഒരു ഡ്രൈവിംഗ് സ്കൂളിന്റെ കാറിലാണ് അദ്ദേഹം പോയത്. ഇനി ഒരു രക്ഷയുമില്ല, ഇപ്പോൾ തുടരുന്ന സ്ഥാനം കിട്ടാൻവേണ്ടി ഒരു മാർഗ്ഗവുമില്ല, അതുകൊണ്ട് എത്രയും വേഗം കിട്ടുന്നത് നോക്കിക്കോളൂ എന്ന് ഉണ്ണിപ്പണിക്കർ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞ രണ്ടര ലക്ഷം നക്കാപ്പിച്ചയാണെങ്കിൽ അതും പോരട്ടെ എന്നുള്ള മട്ടിൽ നക്കാപ്പിച്ചയാണെങ്കിൽ നക്കാപ്പിച്ച. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിക്ക് രണ്ടര ലക്ഷം രൂപ എന്നു പറയുന്നത് ആന ബീഡി വലിച്ചതുപോലെയായിരിക്കും. പക്ഷേ മറ്റേത് അങ്ങനെയല്ലല്ലോ കേസ്. പോകാൻ പോകുകയാണെന്ന് ഉണ്ണിപ്പണിക്കർ പറഞ്ഞല്ലോ, വേറെ മാർഗ്ഗമില്ലല്ലോ, അതുകൊണ്ട് അതിന്റെ ഏർപ്പാടാണ് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് പറയാനുള്ളത് ഏറ്റവും നഗ്നമായ അഴിമതി നടന്നിട്ടുള്ള ഈ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ, ഈ കോടതി ഉത്തരവുകളോട് ഏതെങ്കിലും തരത്തിലുള്ള നീതിബോധമുണ്ടെങ്കിൽ ഏതെങ്കിലും ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാനും ആ മന്ത്രിയെ മാറ്റി നിർത്താനും വേണ്ടിയുള്ള ആർജ്ജവം നിങ്ങൾ പ്രകടിപ്പിക്കണമെന്നുള്ളതാണ്. രണ്ടാമത്തെ പ്രശ്നം, ഇവിടെ റോഡ് വികസനത്തിന്റെ നേട്ടങ്ങളെക്കുറിച്ചുപറഞ്ഞു. 1600 കോടി രൂപയുടെ ലോകബാങ്ക് പദ്ധതി നടപ്പിലാക്കിയതായിട്ട് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതുസംബന്ധിച്ചുള്ള ആക്ഷേപം

LIBRARY ARCHIVES Kerala Legislative Assembly

പരസ്യമായി പറഞ്ഞുകഴിഞ്ഞു. ആക്ഷേപം ഉന്നയിച്ചപ്പോൾ ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാനുള്ള പാഴ്ശ്രമമാണ് യഥാർത്ഥത്തിൽ പൊതുമരാമത്തു വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. ലോകബാങ്ക് പ്രോജക്ടിന്റെ കാര്യത്തിൽ സത്യത്തെ ശരശയ്യയിൽ നിർത്തിക്കൊണ്ട് നുണയുടെ ഒരു കിരീടവും വച്ചുകൊണ്ടാണ് യഥാർത്ഥത്തിൽ ശ്രീ.എം.കെ. മുനീർ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എല്ലാം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെയ്തു എന്നുള്ളതാണ് ശ്രീ. എം.കെ. മുനീർ പറയുന്നത്. പക്ഷേ ഈ പ്രോജക്ടു സംബന്ധിച്ച് ഇവിടെ വന്നുകഴിഞ്ഞിട്ടുള്ള കാര്യങ്ങൾ, ഞാൻ സമയമില്ലാത്തതുകൊണ്ട് അതിന്റെ ഡീറ്റെയിൽസിലേക്ക് പോകുന്നില്ല. വേൾഡ് ബാങ്കിന്റെ വെബ്സൈറ്റിൽ നിന്നുമുള്ള ഒരു ഭാഗം മാത്രം ഞാൻ വായിക്കാം. The World Bank approved a long term loan (IBRD Loan No. 4053) of 255 million US dollars to implement the project on 14 th March 2002. Project agreement was signed on 6th May 2002 at New Delhi. The loan become effective on 30th June 2002. അന്ന് ശ്രീ. എം.കെ. മുനീർ പൊതുമരാമത്തു വകുപ്പുമന്ത്രിയാണ്. ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. പിന്നെ അവർ പറയുകയാണ്, On 7th November 2002 Honourable Minister for Works Dr. Muneer formally awarded contractors for the three phase 1 road upgrading packages. അതിന്റെ അർത്ഥമെന്താണ്? പത്രമാധ്യമങ്ങളിൽ പറഞ്ഞതുപോലെ ഇടതുപക്ഷത്തിന്റെ പേരിൽ ഉത്തരം പറഞ്ഞിട്ട് കാര്യമുണ്ടോ? ഈ കരാർ പ്രോജക്ട് അംഗീകരിക്കുന്നത് 2002 മാർച്ച് 14-നാണ്. വായ്പ തുക സംബന്ധിച്ചുള്ള അവാർഡ് വരുന്നത് ജൂൺ 6-ന്. ഡൽഹിയിൽ ലോകബാങ്കുമായി കരാർ ഒപ്പുവയ്ക്കുന്നത് മേയ് മാസം 6-ാം തീയതി. ഈ രൂപത്തിൽ നവംബർ കഴിഞ്ഞ് പ്രോജക്ട് ഉദ്ഘാടനം ചെയ്തു. ഇതെന്തിനാണ് എൽ.ഡി.എഫ്.ന്റെ തലയിൽ വയ്ക്കുന്നത്? അതുകൊണ്ട് ഈ സംഭവവുമായി ബന്ധപ്പെട്ടുകൊണ്ട് 25 ലക്ഷം രൂപയ്ക്ക് ഒരു കിലോമീറ്റർ റോഡിന്റെ പണി കേരളാ പി.ഡബ്ല്യു.ഡി. ചെയ്യുന്ന സമയത്ത് ഒന്നരക്കോടി രൂപയാണ് ഈ കൺസൾട്ടൻസിക്കു വച്ചിരിക്കുന്നത്. ശ്രീ. എം.കെ. മുനീർ ഇവിടെ പരസ്യമായിട്ടു പറഞ്ഞത് കൺസൾട്ടൻസിയെ രണ്ടെണ്ണത്തെ എൽ.ഡി.എഫ്. വച്ചു എന്നാണ്. അത് വാദത്തിനുവേണ്ടി അംഗീകരിച്ചാൽ തന്നെ പിന്നെ എങ്ങനെയാണ് ഈ 7 കൺസൾട്ടൻസി അഡീഷണലായിട്ടു വരുന്നത്? ഇപ്പോൾ 9 ആളുകളുടെ കൺസൾട്ടൻസി മാഫിയയുടെ കമ്മീഷനും അഴിമതിയും ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. Louis Berger International, ICT and LASA, Becom, Rites Consortium, Beca International Newzealand, Wilbursmith Assc. Inc. USA, Prokalpa Upodestra Bangladesh, International Consultants and Technocrafts Pvt. Ltd.,

LIBRARY ARCHIVES Kerala Legislative Assembly

Lee Association South Asia. ഞങ്ങൾക്ക് വ്യക്തമാകേണ്ടത് രണ്ട് കമ്പനി എൽ.ഡി..എഫ്. കൊടുത്തുവെന്ന് പറയുന്നു, ഈ 7 കമ്പനികൾ ഏതവസ്ഥയിൽ എവിടെനിന്നും വന്നുവെന്ന് വ്യക്തമാക്കാൻ നിങ്ങൾ സന്നദ്ധമാകണ്ടേ? ഇപ്പോൾ ലീഗിന്റെ ആളുകൾ മലേഷ്യയിലെ ഒരു കമ്പനിക്ക് കൊള്ളയടിക്കാൻ വേണ്ടിയുള്ള സന്ദർഭമുണ്ടാക്കിയിരിക്കുകയാണ്. ബഹുമാന്യനായ സി. എച്ച്. മുഹമ്മദ്കോയയുടെ പ്രസംഗം ഞാൻ മുസ്ലീം ലീഗിന്റെ സുഹൃത്തുക്കളോട് നിങ്ങളുടെ അറിവിനുവേണ്ടി, ഭാവി പ്രവർത്തനങ്ങൾക്ക് ഉപകരിക്കാൻ വേണ്ടി പറയുകയാണ്, 1967-ൽ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തശേഷം സി.എച്ച്. മുഹമ്മദ്കോയ പ്രസംഗിച്ചത് ഞങ്ങൾ അപ്രാപ്തരാണെന്ന് ഒരുപക്ഷേ നിങ്ങൾ കേൾക്കുമായിരിക്കാം, പക്ഷേ ഞങ്ങൾ അഴിമതിക്കാരാണെന്ന് നിങ്ങൾ ഒരിക്കലും കേൾക്കേണ്ടിവരില്ല എന്നാണ്. ഈ അവസ്ഥയാണോ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ മന്ത്രിമാർക്ക് ഇപ്പോഴുള്ളത്? ഇവിടെ പ്ലസ് ടു അഴിമതിയെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞു. പ്രതിപക്ഷത്തിരിക്കുന്നവരോട് എപ്പോഴും കുറേക്കൂടി അഭിലഷണീയമായ സമീപനരീതി സ്വീകരിക്കണം, രചനാത്മകമായി ഏതെങ്കിലും നിർദ്ദേശം വയ്ക്കുമ്പോൾ അല്ലെങ്കിൽ ഗൗരവമുള്ള ചോദ്യം ചോദിക്കുമ്പോൾ പനമ്പള്ളി അങ്ങനെ ചെയ്തിട്ടില്ലേ, ഞങ്ങൾക്ക് എന്തുകൊണ്ട് അതുപാടില്ല, പട്ടംതാണുപിള്ള അങ്ങനെ ചെയ്തിട്ടുണ്ടല്ലോ എന്നെല്ലാം പറഞ്ഞ് ഒഴിയാൻ നോക്കുന്നത് ശരിയല്ല എന്ന് 1957-ൽ സി.എച്ച്. മുഹമ്മദ് കോയ പറഞ്ഞിട്ടുണ്ട്. ഇവിടെ നടന്നിട്ടുള്ള അഴിമതിയെ സംബന്ധിച്ച് കൃത്യമായി പറയണമെന്ന് 1957-ൽ സി.എച്ച്. മുഹമ്മദ്കോയ നിങ്ങളെ പഠിപ്പിച്ച കാര്യം നിങ്ങൾ വിസ്മരിക്കരുത്. അതുകൊണ്ട് ലീഗിന്റെ പൈതൃകത്തിനനുസൃതമായിട്ടുള്ള ഒരു നിലപാട് സ്വീകരിക്കാൻ വേണ്ടി അതിന്റെ നേതൃത്വം സന്നദ്ധമാകുമോ എന്നുള്ളതാണ് ഇവിടെയുള്ള പ്രശ്നം. മറ്റൊരു പ്രശ്നംകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ ഗ്വാളിയർ റയോൺസിന്റെ മരം ലേലവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നം ഞാനിവിടെ ഒരിക്കൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് ഈ അസംബ്ലിയിലും പുറത്തും ഉന്നയിക്കുകയും ചെയ്തു. ഞാൻ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ അങ്ങു പറഞ്ഞത് 131 മെട്രിക് ടൺ തടി മുഴുവൻ ചീത്തയായിപ്പോയി അതുമുഴുവൻ കുശുത്തുപോയി, ഒന്നിനും കൊള്ളില്ല, ഇത്രയും തന്നെ, 20 ലക്ഷം രൂപ തന്നെ കിട്ടിയത് മഹാഭാഗ്യമെന്നാണല്ലോ. അതിനുശേഷവും അതിന്റെ പുനർലേലം നടന്നിട്ടില്ല. ശ്രീ. വി.എസ്. അച്ചുതാനന്ദൻ മാവൂരിൽ പോയതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി അവിടെ പോയി. അന്ന് മലയാള മനോരമയിൽ വന്നതിന്റെ ഒരു ഭാഗം മാത്രം ഞാനിവിടെ വായിക്കുകയാണ്. "21 ലക്ഷത്തിൽപ്പരം രൂപ നൽകി എങ്ങനെയാണ് ഈ കേടായ മരം ലേലംകൊണ്ടതെന്ന് മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ആശ്ചര്യംപൂണ്ടു. വിറകിനുപോലും പറ്റാത്തവിധം പൂതനിച്ചുപോയതാണ് ഡിപ്പോകളിലുള്ളതെന്ന് മന്ത്രി പ്രഖ്യാപിച്ചു". ഇത് ആഗ്സ്റ്റുമാസം 20-ാം തീയതി നിങ്ങൾ കോഴിക്കോടുവച്ച് നടത്തിയിട്ടുള്ള പത്രസമ്മേളനമാണ്. 21 ലക്ഷം രൂപയ്ക്ക് ഇത് പോയപ്പോൾ, അതിനെപ്പറ്റി ഞങ്ങൾ ആക്ഷേപം പറഞ്ഞപ്പോൾ വിറകിനുപോലും പറ്റില്ലെന്നു പറഞ്ഞിട്ടുള്ള ആളുകൾ, ഹൈക്കോടതിയിൽ ഇതിന്റെ ആളുകൾ പെറ്റീഷനുമായി പോയപ്പോൾ ആ 21 ലക്ഷം രൂപ 98 ലക്ഷം രൂപയായി മാറി. അതെങ്ങനെ മാറി? രണ്ട്, ഗ്വാളിയർ റയോൺസുമായി 1958-ലുണ്ടാക്കിയ കരാറിന്റെ കോപ്പി എന്റെ കൈയിലുണ്ട്, ആ കരാർ പുതുക്കിക്കൊണ്ട് 1974-ലെ കരാർ പ്രകാരം ഏതെങ്കിലും കാരണവശാൽ ഗ്വാളിയർ റയോൺസിൽ പൾപ്പ് ഉല്പാദിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് കൺസെഷൻ റേറ്റിൽ കൊടുത്തിട്ടുള്ള മരം ആ പർപ്പസിനുവേണ്ടി ഉപയോഗിച്ചില്ലെങ്കിൽ മാർക്കറ്റ് പ്രൈസ് വനംവകുപ്പിന് കമ്പനി കെട്ടിവയ്ക്കണമെന്നുള്ള നിബന്ധനയും അതുപോലെതന്നെ രേഖകളുടെയും കരാറുകളുടേയും അടിസ്ഥാനത്തിൽ എന്തുകൊണ്ട് പ്രത്യേകമായി നോട്ടിഫിക്കേഷൻ ഇറക്കി ആ മരങ്ങൾ ഗവൺമെന്റ് ഏറ്റെടുക്കാതെ കമ്പനിക്കുവേണ്ടി ലേലംചെയ്തു? അവിടെയാണ് തരിമറി നടന്നത്. ഫോറസ്റ്റു ഡിപ്പാർട്ടുമെന്റ് 18 കോടി രൂപ വിലയുണ്ടെന്നു പറഞ്ഞ മരം ഇത് ഡിപ്പാർട്ടുമെന്റിന് ആവശ്യമില്ലാതെ സ്വകാര്യ കമ്പനിക്കാർക്ക് 21 ലക്ഷത്തിന് ലേലം ചെയ്തു. 18 കോടിയും 21 ലക്ഷവും തമ്മിലുള്ള വ്യത്യാസം ബാംഗ്ലൂരിൽവച്ച് തിരിമറിയായി എന്നുള്ള കാര്യം ഞങ്ങളിവിടെ സൂചിപ്പിച്ചതാണ്. ഇവിടെ പ്രതിപക്ഷനേതാവ് അകത്തും പുറത്തും പറഞ്ഞു, ഇനിയും വേണമെങ്കിൽ പറയും, അത് രേഖകളുടെ പിൻബലത്തിന്റെ അടിസ്ഥാനത്തിൽ തന്നെ പറയാൻ കഴിയും. ഇത് നിങ്ങളിവിടെ വ്യക്തമാക്കേണ്ടതാണ്. ഡിപ്പാർട്ടുമെന്റ് ഉപയോഗിക്കാത്ത മരം എന്തിന് ഒരു സ്വകാര്യ കമ്പനിക്ക് കരാറടിസ്ഥാനത്തിൽ കൊടുത്തു, സ്വകാര്യ തടിക്കച്ചവടക്കാർക്ക് മരം ലേലം ചെയ്യലാണോ ഗവൺമെന്റിന്റെ പണി? എന്തിനുവേണ്ടിയാണ് ആ മരം ലേലം ചെയ്തതെന്നുള്ളത് പറയണം. ഗവൺമെന്റ് നോട്ടീസ് കൊടുത്തു. നോട്ടീസ് കൊടുത്തപ്പോൾ കോടതിവഴി ഒരൊറ്റ പൈസ അടയ്ക്കില്ല എന്ന് ഗ്വാളിയർ റയോൺസുകാർ മറുപടി കൊടുത്തു. നഷ്ടപരിഹാരത്തിനുള്ള നടപടി നീക്കുമെന്നാണല്ലോ നിങ്ങൾ മാനനഷ്ടത്തിന് കേസ് കൊടുത്തിട്ട് പറഞ്ഞത്. ഗ്വാളിയർ റയോൺസ് കമ്പനിയുടെ നോട്ടീസ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് കിട്ടിയില്ലേ? അതിൽ ഒരു പൈസ തങ്ങൾ കൂടുതൽ അടയ്ക്കില്ല എന്നാണ് അവർ പറഞ്ഞത്. ഗവൺമെന്റ് ലേലം ചെയ്തിട്ട് ഇത്രയേ കിട്ടിയുള്ളൂ പിന്നെ ഞങ്ങൾ 18 കോടി രൂപ എന്തിന് അടയ്ക്കണമെന്നുള്ള നിലപാടിലേക്ക് വന്നതാണ് ഇതിലെ ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

കള്ളക്കളി. ഈ കള്ളക്കളിയിൽ ആരെല്ലാമുണ്ടെന്നുള്ളത് അന്വേഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടിയെടുക്കണം. അപ്പോൾ ആ പ്രശ്നത്തെ സംബന്ധിച്ച് അന്വേഷിക്കണം. ഞാൻ രണ്ടുകാര്യംകൂടി ഇതിന്റെ കൂട്ടത്തിൽ പറയുകയാണ്. ഗ്വാളിയാർ റയോൺസ് പ്രശ്നത്തെ സംബന്ധിച്ച്, ഇവിടെ നടന്നിട്ടുള്ള വ്യക്തമായ അഴിമതി സംബന്ധിച്ച് മുഖ്യമന്ത്രി ഇടപെട്ട് അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ ചിലയാളുകൾക്ക് മ്അദനിയോട് വലിയ പ്രേമം. നിങ്ങൾ കോയമ്പത്തൂർ ജയിലിൽ പോയിട്ട് ഇവിടെയിരിക്കുന്ന യു.ഡി.എഫ്. നേതാക്കന്മാർ മ്അദനിയുടെ കാലും കൈയും പിടിച്ചല്ലേ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അയാളുടെ വോട്ടുവാങ്ങിയത്? എന്നിട്ട് നിങ്ങൾ രണ്ടേമുക്കാൽ വർഷം ആ മനുഷ്യനെ തിരിഞ്ഞുനോക്കാതെ ഇപ്പോൾ തെരഞ്ഞെടുപ്പ് വന്നപ്പോൾ മ്അദനിയോട് പലയാളുകൾക്കും ഒരു പ്രേമം. ഇതെല്ലാം പി.ഡി.പി.യുടെ വോട്ടർമാരാണ്, ഇത് ആളുകൾ തിരിച്ചറിയുമെന്നുള്ളതാണ്. മറ്റൊരുകാര്യം, ഇവിടെ തിരുവല്ല തെരഞ്ഞെടുപ്പിനെക്കുറിച്ചുപറഞ്ഞു. അവിടെ യഥാർത്ഥത്തിൽ നടന്നത് വലിയതോതിലുള്ള വർഗ്ഗീയ പ്രേമമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാനൊരു കാര്യം പെടുത്തുകയാണ്. എൽ.ഡി.എഫ്.ന്റെ കൺവീനർ ശ്രീ. പാലൊളി മുഹമ്മദ്കുട്ടിയുടെ പേരിൽ ഹർത്താൽ ആഹ്വാനം ചെയ്തു എന്നുള്ളതിന്റെ പേരിൽ 13 കേസുകളാണെടുത്തിരിക്കുന്നത്. ഇതെന്തു ന്യായമാണ്? ഇത് മുഖ്യമന്ത്രി പരിശോധിക്കണം. ബി.ജെ.പി.ക്കാരന് ഹർത്താൽ ആഹ്വാനം ചെയ്താൽ കേസില്ല. യു.ഡി.എഫ്.കാരന് ഹർത്താൽ ആഹ്വാനം ചെയ്താൽ കേസ്സില്ല. എൽ.ഡി.എഫ്. കൺവീനറുടെ പേരിൽ 13 കേസാണ്. ഇത് പരിശോധിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ നയപ്രഖ്യാപന പ്രമേയത്തെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജനുവരിമാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly